2023 JULY
VOL 22
ISSUE 07
PAGE 48
PRICE ₹50

2023
CATHOLIC MEDIA ASSOCIATION
AWARD WINNING MAGAZINE

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



## മൂല്യങ്ങൾ മൂലക്കല്ലാക്കുന്ന സംരംഭകർ

എൽസീന ജോസഫ്
സുജമോൾ ജോസ്


JESUS YOUTH
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org



The Martyred Saint Sebastian, oil on canvas, 1869 by Gustave Moreau. കലകളോട് അങ്ങേയറ്റം അഭിനിവേശമുള്ള മാതാപിതാക്കൾക്ക് 1826 ഏപ്രിൽ 4ന് ഫ്രാൻസിലെ പാരീസിലാണ് ചിത്രകാരൻ ഗുസ്താവ് മോറോ ജനിച്ചത്. 1869ൽ രചിച്ച ഈ ചിത്രം അദ്ദേഹത്തിന്റെ ചരിത്ര ചിത്രരചനകളിലെ മികച്ച ഒന്നാണ്.





## എഡിറ്റേഴ്സ് റൂം

അഡ്വ. കെ.ജെ. ജോൺസൺ

# വാക്കും പഴയ ചാക്കും

പാലിക്കപ്പെടാത്ത വാഗ്ദാനങ്ങളെ കുറിക്കാൻ പഴമക്കാർ ഉപയോഗിക്കുന്ന ഭാഷാപ്രയോഗമാണ് വാക്കും പഴയ ചാക്കും കണക്കാണെന്നത്. രണ്ടിനും വിലയില്ല എന്നതാണിതിന്റെ വിവക്ഷ. വ്യക്തിയുടെ വിശ്വസ്തതയും, സമഗ്രതയും (integrity) എല്ലാം ഈ വാഗ്ദാനങ്ങളുടെ പൂർത്തീകരണവുമായിട്ടാണ് തുലനം ചെയ്യപ്പെടുക.

എല്ലാ വിശ്വാസങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന മൂല്യമാണ് വാഗ്ദാനങ്ങൾ പാലിക്കുകയെന്നത്. അസുര രാജാവായ മഹാബലി തന്റെ വാക്കു പാലിക്കുന്നതിനാണ് പാതാളത്തിലേക്ക് താഴ്ത്തപ്പെടാൻ തയ്യാറായതും അതിന്റെ ഓർമയായി ഓണമെന്ന ഉത്സവം ആഘോഷിക്കപ്പെടുന്നതും. ബൈബിളിൽ വാഗ്ദാനങ്ങൾ പാലിക്കുന്ന ഒരു ദൈവത്തെയാണ് ഉടനീളം കാണാനാവുന്നത്. ഓരോ ക്രൈസ്തവ വിശ്വാസിയും തങ്ങളുടെ ജീവിതത്തിൽ ആ ദൈവിക വാഗ്ദാനങ്ങൾ സഫലമാക്കപ്പെടുന്നതിന് സാക്ഷികളാണ്. വാക്കുകൾ പാലിക്കപ്പെടുക എന്നത് ഉദാത്തമായ ഒരു മൂല്യമാണ്. ഒരു സമൂഹത്തിന്റെ നിലനിൽപിനെ ബാധിക്കുന്നതും അതിന്റെ പുരോഗതിയിൽ ചാലകശക്തിയായി തീരുന്നതും ഈ മൂല്യമാണ്.

സത്യത്തെ നിരാകരിക്കാനോ, തമസ്ക്കരിക്കാനോ വാക്കുകൾ ഉപയോഗിക്കരുതെന്നാണ് ദൈവവചനം പഠിപ്പിക്കുന്നത്. നിങ്ങളുടെ വാക്കുകൾ അതെ, അതെ എന്നോ അല്ല, അല്ല എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽ നിന്നു വരുന്നുവെന്ന് മത്തായി ശ്ലീഹാ പറയുന്നത് മുറുകെ പിടിക്കേണ്ട വാക്കുകളെയും പാലിക്കപ്പെടേണ്ട വാക്കുകളെയും മനസ്സിൽ കണ്ടുകൊണ്ടാകാം.

+2 പരീക്ഷയ്ക്ക് ഉന്നതവിജയം കരസ്ഥമാക്കിയ എഡ്വിവിനെ കാണാനിടയായി. പഠനത്തിന്റെ കാര്യത്തെ കുറിച്ചന്വേഷിച്ചപ്പോൾ അവൻ പറഞ്ഞതിതാണ്. "ഞാൻ എന്റെ അമ്മയ്ക്കു കൊടുത്ത വാക്കാണ് എല്ലാ പരീക്ഷയ്ക്കും A+ വാങ്ങുമെന്നത്. ആ വാക്ക് ഞാൻ പാലിച്ചു." അപ്പന്റെ സമ്മതമില്ലാതെ വിവാഹബന്ധത്തിൽ ഏർപ്പെടുകയില്ലായെന്ന് ഞാനെന്റെ അപ്പനു കൊടുത്ത വാക്കാണ്. അതുകൊണ്ട് എനിക്കൊരു പ്രണയബന്ധത്തിനു താത്പര്യമില്ലായെന്നു പറഞ്ഞ ക്രിസ്റ്റീനയും, വാക്കിന്റെ വിലയാണ് ഓർമപ്പെടുത്തിയത്.

പാലിക്കാനാകാത്ത വാഗ്ദാനങ്ങൾ കൊടുക്കാതിരിക്കുക. ഏതു വാഗ്ദാനങ്ങളും കൊടുക്കുമ്പോൾ വിവേകത്തോടെ പെരുമാറുക. പൊള്ളയായതും കാര്യം നടക്കാൻ വേണ്ടിയുള്ളതുമായ വാഗ്ദാനപ്പെരുമഴയുടെ മധ്യത്തിലാണ് നാമിന്നു ജീവിക്കുന്നത്. ധാർമികതക്കു നിരക്കാത്തതും, വൈകാരികതയിൽ എടുക്കുന്നതുമായ വാഗ്ദാനങ്ങളെ വാഗ്ദാനങ്ങളായിട്ടെടുക്കാൻ കഴിയില്ല.




വാഗ്ദാനങ്ങളിൽ വിശ്വസ്തനായ, വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് മാനവരാശിയെതന്നെ അനുഗ്രഹ വഴിയിലൂടെ നയിച്ചു കൊണ്ടിരിക്കുന്ന നല്ലവനായ ദൈവത്തിന്റെ വലിയ സ്നേഹമാണ് നമ്മുടെയെല്ലാം ജീവിതത്തിനടിസ്ഥാനം. ആയതിനാൽ, നമ്മുടെ വാക്കുകളും വാഗ്ദാനങ്ങളും പാലിക്കുവാനും നിറവേറ്റാനും നമുക്കു പരിശ്രമിക്കാം. 'വാക്കും പഴയ ചാക്കും' എന്ന ആ പഴമൊഴി തത്കാലം നമുക്ക് മറക്കാം. വാഗ്ദാനങ്ങൾ നൽകുന്നതും നിറവേറ്റുന്നതും ദൈവസ്വഭാവമാകയാൽ നമുക്കും അതേ വഴിയിലൂടെ യാത്ര തുടരാം. വാഗ്ദാനങ്ങൾ പാലിക്കപ്പെടാനുള്ളത് തന്നെയാണ്.

എഡിറ്റർ-ഇൻ-ചീഫ് jjadvocatesjy@gmail.com

# ഉള്ളടക്കം


**06**
**ഇവിടെ ഒരാൾ കാത്തിരിക്കുന്നു**
ബിലാസ് ജോസഫ്

**10**
**ഇതാ പുതിയ മഹാമാരി ! എന്നാൽ, അതിനുള്ള മറുമരുന്ന് ജീസസ് യൂത്തിനുണ്ട്**
ഡോ. എഡ്‌വേർഡ് എടേഴത്ത്

**14**
**Every Day God Encounter**
അഖിൽ

**16**
**സത്യസന്ധമായി വിപണിയിൽ**
എൽസീന ജോസഫ്

**19**
**ഉടമസ്ഥരല്ല; കാവൽക്കാർ**
സുജമോൾ ജോസ്

**23**
**ശ്രേഷ്ഠജീവിതം സന്യാസം**
പത്തുപേരുടെ പങ്കുവയ്ക്കൽ

**26**
**അന്താരാഷ്ട്ര അംഗീകാരത്തിന്റെ തിളക്കത്തിൽ കെയ്‌റോസ്**

**28**
**ജെയ്‌സാപ്പി**
ദിവ്യ ജോയ്

**29**
**ഹൈഡ്രജൻ ബലൂൺ**
റോണിയ സണ്ണി

**30**
**Mother Teresa & Me**
ശരത് വെൺപാലാ

**34**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**36**
**ഫുട്ബോളും വിശ്വാസവും - ഇക്വഡോറിയൻ ഫുട്ബോൾ ടീം**
ജോബി ബേബി

**37**
**മുത്തച്ഛനെന്താ ഇവിടെ?**
ഉദയകുമാർ

**38**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**
ഫെലിക്സ് റോയ് ഡേവിഡ്

**40**
**ടീൻസ്‌പിരിറ്റ്/ചർച്ച് & സയൻസ് (ഫാ. ജോസഫ് മുർഗാസ്)**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**41**
**ടീൻസ്‌പിരിറ്റ്/റെയിൻബോ (സ്കൂൾകാലം)**
സെറീൻ എയ്ഞ്ചൽ

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**സ്മാർട്ട് കിഡ്സ് - (നീലയങ്കി)**
വെങ്കി & സി. ജിയ എം.എസ്.ജെ.

**46**
**വഴുതന മാത്തൻ - കാർട്ടൂൺ**
സിനിൽ കെ.ജെ



**കെയ്‌റോസ്** KAIROS • 2023 JULY • VOL 22 • ISSUE 07 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*

His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Simon Cheruvathur *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
Mathew Joseph 9447762273 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Anto L Puthur, Cochin, India +91 9605511644

**Associate Circulation Co-ordinators**
***Australia*** Mintu Vijoy, Melbourne +61 452 538 785
***Bahrain*** Neenu Maria Jibin +973 337 15472
***Bangladesh*** Tias Victor Palma +880 1717-152023
***Combodia*** Sophearong Ravy, Phnom Penh +855 96 426 5472
***Canada*** Joby Joseph Ontario +1 2899 686 074
***East Timor*** Sr. Julie Antony +670 77827618 +91 97447 32431
***Germany*** Anna Paul, Berlin +49 176 83495451
***India*** Austin Michael, Mangalore +91 8277405251
***Ireland*** Suresh V Joy +353 87 963 0904
***Israel*** Jaison K Thattil, Tel Aviv +972 55 9974339
***Italy*** Anoop P Varghese +39 3884256258
***Kuwait*** Rajeev J Chacko, Ahmadi +965 66388310
***Malaysia*** Sweety Kamala Prasad +60 162568139
***Netherlands*** Jojo Varghese, Utrecht +31 684974552
***New Zealand*** Derick Daniel, Auckland +642 9127 0650
***Oman*** Jino Joy Ghala +968 953 84654
***Pakistan*** Asif Emmanuel +92 3022534254
***Papua New Guniea*** Abin Michael +675 7479 4368
***Qatar*** Jijomon T C, Doha +974 3045 2347
***Singapore*** Savio Francies +65 9021 9798
***Srilanka*** Sonal Fernando +94 77 3818399
***Switzerland*** Anu Jose +41 799177100
***Thailand*** Vineeth Andrew +66 86 372 6601
***UAE*** Seejo, Dubai +971 502782383
***Uganda*** Mboowa Ronald +256 706844152
***UK*** Mathachen Maduckakuzhy +44 7969 365686
***USA*** Denny Joseph +1 (832) 640-3106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office** Smitha Jose: smitha.jose@jykairosmedia.org



Kairos MEDIA

**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com


കെയ്‌റോസ് മലയാളം / കെയ്‌റോസ് ഗ്ലോബൽ / ബഡ്സ് ലഭിക്കാൻ

| Online (Malayalam) | Online (English) | Print (Malayalam, English, Buds) |
|---|---|---|

# Mother Teresa & Me

## നീല വരകൾ മൂന്ന്; വയലിൻ തന്ത്രികൾ നാല്



30 **സിനി ടോക്സ്**
ശരത് വെൺപാലാ




## ഫാ. ജോസഫ് മുർഗാസ്

40 **ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്


കെയ്റോസിന്റെ ജൂൺ ലക്കത്തിൽ ചെറിയാച്ചനെ (ഫാ. ചെറിയാൻ നേരേവീട്ടിൽ) കുറിച്ചുള്ള ചില ഓർമക്കുറിപ്പുകൾ കണ്ടു. ചെറിയാച്ചന്റെ വേർപാടിന്റെ രണ്ടാം വർഷത്തിൽ അത്തരം ചില ഓർമകളുടെ പങ്കുവയ്ക്കലുകളും അച്ചന്റെ പേരിൽ മരട് ജാന്ന പള്ളിയിൽ നടന്ന മികച്ച യുവജന സംഘടനാ അവാർഡ് ദാനവും വളരെ പ്രസക്തമായി തോന്നി. കൂടാതെ കവർസ്റ്റോറിയിലെ 'യുദ്ധത്തിന് എന്ത് കാരണം?' എന്ന തലക്കെട്ടിൽ ജിന്റോ ജോണിന്റെ ലേഖനവും ശ്രദ്ധിക്കപ്പെട്ടു. ബുദ്ധിരാക്ഷസന്മാരായ മനുഷ്യർക്ക് എന്തുകൊണ്ടാണ് പരസ്പരം സ്നേഹിക്കാനും യുദ്ധങ്ങൾ അവസാനിപ്പിക്കാനും കഴിയാതെ പോകുന്നത് എന്നത് വലിയൊരു ചോദ്യമായി ഇന്നും അവശേഷിക്കുകയാണ്. സാധാരണ മനുഷ്യരുടെ ജീവിതങ്ങളെ ഇരുട്ടിലാക്കുന്ന, സങ്കടക്കടലിലാഴ്ത്തുന്ന യുദ്ധക്കെടുതികൾ എന്നാണ് നമുക്കിടയിൽ ഇല്ലാതാവുക? മനുഷ്യകുലത്തിന്റെ നിലനിൽപിനു വേണ്ടിയും ലോകസമാധാനത്തിനു വേണ്ടിയുമൊക്കെ ആഹ്വാനം ചെയ്യുന്ന ഇത്തരത്തിലുള്ള ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

*ജെസ്സി ആന്റണി, ആലപ്പുഴ*


**കെയ്റോസിന് ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ. കാക്കനാട്, കൊച്ചി 682030
0484 2984327 62382 79115
kairosmag@jykairosmedia.org







ബിലാസ് ജോസഫ്, പാലാ

# ഇവിടെ ഒരാൾ കാത്തിരിക്കുന്നു

**രോഗങ്ങളുടെയും ഭയത്തിന്റെയും അസ്വസ്ഥതകളുടെയുമൊക്കെ ഇടയിൽ അന്ധാളിച്ചുനിൽക്കുന്നവർക്ക് ഒന്നു തിരിഞ്ഞുനോക്കാനും പ്രത്യാശയുടെ പ്രകാശത്തിലേക്ക് നടന്നടുക്കാനും ഒരുക്ഷണം. നിങ്ങൾക്കായി ഇവിടെയൊരാൾ കാത്തിരിക്കുന്നു.**

അമ്മയുടെ മുട്ടിന് ഒരു ഓപ്പറേഷൻ... മുട്ടൊന്ന് മാറ്റിവയ്ക്കണം. അമ്മയെ ഇറക്കുന്നതും കാത്ത് ഓപ്പറേഷൻ തീയറ്ററിന്റെ മുൻപിൽ കാത്തിരിക്കുകയാണ് ഞാൻ. ചുറ്റും ഒന്ന് കണ്ണോടിച്ചു. ബ്ലഡ് ബാങ്ക്, കാന്റീൻ, ചാപ്പൽ, മോർച്ചറി, പാർക്കിംഗ്... അങ്ങനെ ഒരുപാട് ബോർഡുകൾ ചുറ്റുമുണ്ട്. അടുത്തായി കുറേ മനുഷ്യരും, തങ്ങളുടെ പ്രിയപ്പെട്ടവരെ കാണാനായി കാത്തിരിക്കുന്നവർ... പരിഭവം പറച്ചിലും, പ്രതീക്ഷകൾ പങ്കുവയ്ക്കലുമാണ് ചിലർ.. കുറച്ചുപേർ മൗനമായിരുന്നു പ്രാർഥിക്കുന്നു... ചിലർ മറ്റേതോ ലോകത്തായിരുന്നു; ഇല്ലാത്ത വെറ്റിലയ്ക്ക് ചുണ്ണാമ്പ് തേക്കുന്ന രീതിയിൽ മൊബൈലിന്റെ ലോകത്ത്. അങ്ങനെ സങ്കടത്തോടെ സന്തോഷത്തോടെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കുറേയേറെപ്പേർ... ഞാനും കാത്തിരിക്കയാണ്.

അൽപം ദൂരെയായി മോർച്ചറി കാണാം. അവിടെ കുറേയേറെ ആളുകൾ. സങ്കടം ഉള്ളിലും കണ്ണിലും മുഖത്ത് കൃത്രിമമായി വരുത്തിയുമൊക്കെ കാത്തിരിക്കുന്നു. പ്രതീക്ഷ നശിച്ച കുറച്ചുപേരുടെ ഒരു കാത്തിരിപ്പ്. ഒരു ബോഡി വിട്ടുകിട്ടാനായി, ഇനി ഒന്നും ചെയ്യാനില്ലാത്തവർക്കായി കാത്തുനിൽക്കുന്നവർ. അവസാനമായി പ്രിയപ്പെട്ടവരെ ഒരുനോക്ക് കാണാൻ ദൂരെ നിന്നും യാത്ര ചെയ്ത് ക്ഷീണിച്ചു വന്നവർ. അങ്ങനെ കാത്തിരിക്കുന്നവരുടെ നിര നീളുന്നു.



Kaloor St. Antony's Adoration Chapel / Photo: Shaji Joseph Arakkal

ലൂക്കാ അറുപത്തിയഞ്ച് വയസ്സ്, കൂടെയുള്ള ആരെങ്കിലുമുണ്ടോ... ബ്ലഡ് ബാങ്കിൽ നിന്നുള്ള വിളിയാണ്... അവിടെ കാത്തിരുന്ന ഒരാൾ, ആളുണ്ടേ... ഓ പോസിറ്റിവ് അല്ലേ.. എന്നും പറഞ്ഞ് അകത്തേക്ക്.... ബ്ലഡ് കൊടുക്കാനും സ്വീകരിക്കാനും കാത്തു നിൽക്കുന്ന വരെ നമുക്ക് അവിടെ കാണാം... തങ്ങൾക്ക് ആവശ്യമുള്ള ഗ്രൂപ്പ് മാത്രം നോക്കി ബ്ലഡ് വാങ്ങുന്നവർ, ഒരു പരിചയം പോലുമില്ലാത്തവർക്കായി ബ്ലഡ് കൊടുക്കുന്നവർ... എന്റെ അച്ഛന്/അമ്മയ്ക്ക് ബ്ലഡ് കൊടുക്കാൻ ആരെങ്കിലും വരും എന്ന പ്രതീക്ഷയോടെ കാത്തിരിക്കുന്നവർ. ഇനിയാരെങ്കിലും രജിസ്റ്റർ ചെയ്യാനുണ്ടോ എന്നുനോക്കി കാത്തിരിക്കുന്ന നഴ്സുമാർ.

രാവിലത്തെ ഭക്ഷണം മേടിക്കാനായി കുറച്ചുപേർ കാന്റീനിന്റെ മുമ്പിലുണ്ട്. ചായ കുടിക്കാൻ ഓർഡർ ചെയ്തവർ. രണ്ടാമത് ഓർഡർ ചെയ്ത പൊറോട്ടക്കായി ഒഴിഞ്ഞ പാത്രവുമായി കാത്തിരിക്കുന്നവർ. ഇനി ആരെങ്കിലും ഭക്ഷണം മേടിച്ച് തന്നാലോ എന്ന് കാത്തിരിക്കുന്നവരും കാണുമായിരിക്കും.

**ഇടവകപ്പള്ളിയിലെ സെമിത്തേരിയിൽ ചില പുഴുക്കളും ചേതനയറ്റ നമുടെ ശരീരത്തിനായി, അവരുടെ നാളത്തെ പലഹാരത്തിനായി കാത്തിരിക്കുന്നുണ്ട്.**

തങ്ങളുടെ യജമാനനായി കാത്തുകിടക്കുന്ന കുറേയേറെ വാഹനങ്ങളുടെ നീണ്ട പാർക്കിംഗ്. ദിവസങ്ങൾക്ക് മുൻപ് പാർക്ക് ചെയ്തു പോയ ഉടമയെ കാത്തുകിടക്കുന്ന പൊടിപിടിച്ച വാഹനങ്ങൾ. ഉടമ വരാനായി കാത്തു നിൽക്കുന്ന ഡ്രൈവർ. മറ്റാരുടെയോ വണ്ടി ഏതോ അത്യാവശ്യത്തിനു  എടുക്കാൻ വന്നിട്ട്, എവിടെയാണ് വണ്ടിയെന്നറിയാതെ തപ്പുന്നവരെയും അവിടെ കാണാം.

അതിനെല്ലാം ഇപ്പുറത്ത് ഒരു ചെറിയ ബോർഡ്... 'ചാപ്പൽ.' അവിടെ ആരെയും കാത്തു നിൽക്കുന്നവരായി കണ്ടില്ല. എന്നെയതൽപം ചിന്തിപ്പിച്ചു. ചിന്തകൾ ചാപ്പലിനുള്ളിലേക്ക് നയിച്ചു. അവിടെയതാ എനിക്കായി കാത്തിരിക്കുന്ന ദിവ്യകാരുണ്യ ഈശോ. ഒന്ന് നോക്കിയിട്ട് പോകൂ. ഒന്ന് ശാന്തമായി ഇരുന്നിട്ട് പോകാം. വരൂ കുറച്ച് സംസാരിച്ചിട്ടു പോകാം. ഞാൻ നിന്നെയൊന്ന് കെട്ടിപ്പിടിച്ചോട്ടെ. ഞാനും നിന്നോടൊപ്പം സന്തോഷിക്കട്ടെ. ഞാനും നിന്റെ ദുഃഖത്തിൽ പങ്ക് ചേരാം. ചാപ്പലിന്റെ അടുത്തുകൂടി പോകുന്നവരെ നോക്കി ഇങ്ങനെയൊക്കെ പറഞ്ഞു കാത്തിരിക്കുന്ന ദിവ്യകാരുണ്യ ഈശോ. അടച്ചിട്ട സക്രാരിക്കുള്ളിൽ എന്നെയും നിന്നെയും എല്ലാവരെയും കാത്തിരിക്കുന്ന ദിവ്യകാരുണ്യ ഈശോ, ഒരു സൈഡിൽ. പുറത്ത് കാത്തിരിപ്പിന്റെ വിരസത നേരിടുന്ന മനുഷ്യരും.

ഉരുക്കിയ സ്വർണം ആഭരണമായി മാറണമെങ്കിൽ അച്ചിലൊഴിച്ച് പണികഴിഞ്ഞു തണുക്കുന്നത് വരെ കാത്തിരിക്കണം. ഒരു ചിത്രശലഭം പുഴുവിൽ നിന്ന് പൂമ്പാറ്റയാകുന്നത് നീണ്ട കാത്തിരിപ്പിനു ശേഷമാണ്. പണ്ടൊരു പൂമ്പാറ്റ മറ്റൊരു പൂമ്പാറ്റയോട് പറഞ്ഞത് ഓർക്കുന്നു. നമ്മൾ തേൻ കുടിച്ചും പൂമ്പൊടി തിന്നും ഇങ്ങനെ പാറി നടക്കുന്നു. പക്ഷേ, മനുഷ്യന് പറക്കാൻ പറ്റാത്തതിന്റെ ഒരു കാരണം അവർക്ക് ക്ഷമയോടെ കാത്തിരിക്കാൻ മടിയായത് കൊണ്ടാണ്.

സ്വർഗമാകുന്ന ലക്ഷ്യത്തെ മുൻനിറുത്തിയുള്ള ഭൂമിയിലെ നമ്മുടെ യാത്രയിൽ തളരുമ്പോൾ, വഴിമുട്ടുമ്പോൾ, വേദന നിറയുമ്പോൾ, മനസ്സ് മടുക്കുമ്പോൾ, എന്ത് വന്നാലും ഒരാശ്വാസമായി ഓടിയെത്താൻ, നമുക്കായി കാത്തിരിക്കുന്ന ഒരാൾ അടുത്തുണ്ടെന്ന ബോധ്യം തന്നെ ഒരാശ്വാസമാണ്. ഭൂമിയിലെ ചെറിയ നാളത്തെ (എഴുപത് ഏറിയാൽ എൺപത് വർഷത്തെ) കാത്തിരിപ്പിന് സ്വർഗമെന്ന വലിയ സമ്മാനവും ലക്ഷ്യവും ഉണ്ടെന്നുള്ളത് നമുക്കറിയാം. എങ്കിലും അതുമറന്ന് അയൽക്കാരന്റെതിനേക്കാൾ വലിയ വീട്, വില കൂടിയ കാർ, വിദേശയാത്രകൾ, കാനഡ, അയർലൻഡ്, യു.കെ സ്വപ്നങ്ങൾ എന്നിങ്ങനെ യുവജനതയുടെ കാത്തിരിപ്പിന്റെ ലക്ഷ്യം മാറുമ്പോൾ.... നമുക്കായി കാത്തിരിക്കുന്നവനിൽ നിന്നും നാമും അകലുകയല്ലേ?

നമ്മുടെ ഇടവകപ്പള്ളിയിലെ സെമിത്തേരിയിൽ ചില പുഴുക്കളും ചേതനയറ്റ നമുടെ ശരീരത്തിനായി, അവരുടെ നാളത്തെ പലഹാരത്തിനായി കാത്തിരിക്കുന്നുണ്ട്. തൊട്ടടുത്ത് ദേവാലയത്തിൽ നിന്റെ ഏതവസ്ഥയിലും നിന്നെ സ്വീകരിക്കാൻ തയ്യാറായി ദിവ്യകാരുണ്യ ഈശോയും  കാത്തിരിക്കുന്നു.

എന്റെ കൈപിടിച്ചു സ്വർഗത്തിലേക്ക് നയിക്കുവാൻ പരിശുദ്ധ ദൈവമാതാവും എന്റെ കാവൽ മാലാഖമാരും പേരിന് കാരണഭൂതരായ വിശുദ്ധരും എന്തിന് എന്റെ സ്വർഗീയ പിതാവും കാത്തിരിക്കുന്നു. അതെ, ഇത്രയും പേർ എനിക്കായി കാത്തിരിക്കുമ്പോൾ ഞാൻ  സ്വർഗരാജ്യം ലക്ഷ്യമാക്കി ദിവ്യകാരുണ്യ സന്നിധിയിലൂടെ നടക്കാതെ മറ്റെവിടെ പോകാൻ. "ഞാൻ കാത്തിരിക്കുന്നു, എന്റെ ആത്മാവു കർത്താവിനെ കാത്തിരിക്കുന്നു. അവിടത്തെ വാഗ്ദാനത്തിൽ ഞാൻ പ്രത്യാശയർപ്പിക്കുന്നു" (സങ്കീ 130, 5) II




Subscribe!
to the best Catholic magazine for children!

To purchase
scan QR code or visit:
www.jykairosmedia.org/
kairosbuds



ഡോ. എഡ്വേർഡ് എടേഴത്ത്

# ഇതാ പുതിയ മഹാമാരി!

## എന്നാൽ അതിനുള്ള മറുമരുന്ന് ജീസസ് യൂത്തിനുണ്ട്.

കോവിഡിനുശേഷം മറ്റൊരു പകർച്ചവ്യാധിയോ? അമേരിക്കയുടെ സർജൻ ജനറലിന്റെ പ്രഖ്യാപനം അടുത്തിടെയാണ് വന്നത്. ഉടൻ തന്നെ എല്ലാ മാധ്യമങ്ങളും അത് ഏറ്റെടുത്തു. പത്രങ്ങളും വാർത്താ പോർട്ടലുകളും അവരുടെ പ്രധാന വാർത്തയാക്കുകയും ചെയ്തു. ഏകാന്തതയും ഒറ്റപ്പെടലും മനുഷ്യരെ അടിപ്പെടുത്തുന്നു. ഈ രോഗം വ്യാപകമാണ്, അത് മാരകമായേക്കാം.

അമേരിക്കൻ സർക്കാരിന്റെ ആരോഗ്യവിഭാഗം മേധാവി ഡോ. വിവേക് മൂർത്തി 81 പേജുള്ള രേഖ പുറത്തിറക്കിക്കൊണ്ട് പറഞ്ഞത് “സമൂഹത്തിൽ, 58% ആളുകളും തങ്ങൾ ഉപേക്ഷിക്കപ്പെട്ടരാണ് എന്ന തോന്നലിലാണ്.” മതിയായ സ്ഥിതിവിവരക്കണക്കുകളുടെയും ഗവേഷണ കണ്ടെത്തലുകളുടെയും പിന്തുണയോടെയാണ് അദ്ദേഹം ഇന്നത്തെ സ്ഥിതിഗതിയുടെ ഗൗരവം അവതരിപ്പിക്കുന്നത്. “ഇപ്പറയുന്ന ഏകാന്തത ഒരു മോശം തോന്നൽ മാത്രമല്ല. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നാണത്.



ഇത് ഹൃദ്രോഗം, ഡിമെൻഷ്യ, സ്ട്രോക്ക്, വിഷാദം, ഉത്കണ്ഠ, അകാല മരണം എന്നിവയ്ക്കെല്ലാം വഴിവയ്ക്കുന്നതാണ്." ഒരു ചോദ്യം: കൊവിഡോ മറ്റ് പകർച്ചവ്യാധികളോ പോലെ ഇത് മരണ കാരണമാകുമോ? അതെ എന്നാണു അദ്ദേഹം പറയുന്നത്. "ഏകാന്തത വരുത്തിവയ്ക്കുന്ന മരണത്തിന്റെ നിരക്ക് ഒരു ദിവസം 15 സിഗരറ്റുകൾ വലിക്കുന്നതിലൂടെ ഉണ്ടാകുന്നതിന് സമാനമാണ്, അത് അമിതവണ്ണമോ ശാരീരിക നിഷ്ക്രിയത്വമോ മൂലം ഉണ്ടാകുന്ന മരണത്തെക്കാൾ അധികവുമാണ്." എന്തിനധികം, അതിന്റെ ദോഷഫലങ്ങൾ സമൂഹത്തെയാകെ ബാധിക്കാൻ പോകുന്നു. സാമൂഹിക ബന്ധത്തിന്റെ അഭാവം "നമ്മുടെ സ്കൂളുകൾ, ജോലിസ്ഥലങ്ങൾ, പൊതു സംവിധാനങ്ങൾ എന്നിവയുടെയെല്ലാം കാര്യക്ഷമത, ഉത്പാദനം, ബന്ധങ്ങൾ എന്നിവയെ സാരമായി ബാധിക്കും."

## ഇതിന്റെ മറുമരുന്ന് – അടുത്ത ബന്ധങ്ങൾ

ഡോ മൂർത്തി എന്തുകൊണ്ടാണ് ഇത് സംഭവിച്ചതെന്ന് ആ രേഖയിൽ വിശ



Image by A Href

ദമാക്കുന്നുണ്ട്. ഇതിന്റെ പരിഹാരം, സമൂഹത്തിൽ മാറ്റങ്ങളുണ്ടാക്കാനുള്ള പദ്ധതികൾ തുടങ്ങിയ സുപ്രധാന വിഷയങ്ങളും വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഏകാന്തതയും ഒറ്റപ്പെടലും തീർച്ചയായും വ്യക്തിയിലും സമൂഹത്തിലും വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും; എന്നാൽ അതിനു പരിഹാരമാകേണ്ട ഏറെ എളുപ്പമുള്ള മറുമരുന്ന് മിക്കവരുടെയും കണ്ണിൽപ്പെടാതെപോകുന്നു: അതായത് സാമൂഹ്യ ബന്ധങ്ങൾ. ഏകാന്തതയ്ക്കുള്ള പ്രതിവിധി അടുത്ത സൗഹൃദം തന്നെ. എന്നാൽ, ദുഃഖകരമെന്നു പറയട്ടെ, 2021-ൽ, 49% പേർ തങ്ങൾക്ക് മൂന്നിൽ താഴെ സുഹൃത്തുക്കൾ മാത്രമേ ഉള്ളൂവെന്ന് സൂചിപ്പിച്ചു. മറിച്ച്, പല പഠനങ്ങളും കാണിക്കുന്ന ഒരു നല്ലകാര്യം സുഹൃത്തുക്കളുള്ളവരും അവരുമായി അടുത്ത് ഇടപഴകുന്നവരും തീർച്ചയായും ആരോഗ്യമുള്ളവരും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ കാലം ജീവിക്കുന്നവരും ആകുന്നു എന്നതാണ്. ഹൃദ്രോഗം, പക്ഷാഘാതം, ഡിമെൻഷ്യ, വിഷാദം തുടങ്ങിയ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുടെ സാധ്യത കുറക്കാൻ നല്ല ബന്ധങ്ങൾ ഉപകരിക്കുമത്രേ.

ഇത് ഈ പ്രമുഖ ഡോക്ടർ പറയുന്നത് മാത്രമല്ല. സമീപകാലത്ത്, മനഃശാസ്ത്രം, മെഡിസിൻ, സോഷ്യോളജി, തത്ത്വശാസ്ത്രം തുടങ്ങി വിവിധ വിജ്ഞാന മേഖലകൾ ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു: നിറവോടെയും ആരോഗ്യത്തോടെയും ജീവിക്കാൻ, നമുക്ക് അടുത്ത ബന്ധങ്ങൾ ആവശ്യമാണ്. മറ്റൊരു കാര്യവും നമുക്കോർക്കാം, നമ്മുടെ വിശ്വാസവും ഇതിലേയ്ക്ക് തന്നെയല്ലേ വിരൽ ചൂണ്ടുന്നത്, "മനുഷ്യനെ സ്നേഹത്തിൽ സൃഷ്ടിച്ച ദൈവം സ്നേഹിക്കാനായി അവനെ വിളിക്കുന്നു - അതാണ് ഓരോരുത്തരുടെയും അടിസ്ഥാനപരവും സഹജവുമായ വിളി. എന്തെന്നാൽ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് സ്നേഹം തന്നെയായ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്" (കത്തോ. വേദോ. 1604). സ്നേഹിക്കാൻ മറന്നാൽ നമ്മൾ രോഗഗ്രസ്ഥരാകുന്നതിൽ അതിശയിക്കാനില്ല. മറുവശത്ത്, നല്ല ബന്ധങ്ങൾ ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും സുഖപ്പെടുത്തുകയും ചെയ്യും.

ഡോ. മൂർത്തിയുടെ മുൻപറഞ്ഞ സൂചന വ്യാപകമായ ചർച്ചയ്ക്ക് കാരണമായി. എന്നാൽ, എന്റെ ചിന്ത ഇതായിരുന്നു, ദൈവത്തിന് നന്ദി! യേശുവിന്റെ ഈ കാതലായ കൽപന എങ്ങനെ ജീവിതത്തിൽ പകർത്താമെന്ന്  ജീസസ് യൂത്ത് മുന്നേറ്റത്തെ ദൈവാത്മാവ് പഠിപ്പിച്ചു. മുന്നേറ്റ വളർച്ചയുടെ ഓരോ ഘട്ടത്തിലും ഈ ഔഷധം നന്നായി സേവിക്കുന്നതിനുള്ള പ്രായോഗിക മാർഗങ്ങൾ വികസിപ്പിക്കാൻ നമ്മെ സഹായിക്കുകയും ചെയ്തു.

## പരിപാടികളിൽ നിന്ന് ജീവിത ശൈലിയിലേക്ക് ഒരു മാറ്റം വേണ്ടേ?

സമൂഹ ജീവിതത്തിൽ ഇന്ന് പിരിമുറുക്കം വർധിച്ചിരിക്കുന്നു. തിരക്ക് ഏറെ ഉള്ളവരെപ്പോലും ഏകാന്തത വേട്ടയാടുന്നു. പലരും ആൾക്കൂട്ടത്തിൽ തനിയെയാണ്. സ്നേഹകൂട്ടായ്മയുടെ മാതൃകയാകേണ്ട സഭാസമൂഹത്തിലും കാര്യങ്ങൾ വ്യത്യസ്തമല്ലല്ലോ. ജീസസ് യൂത്തിലോ? അനേകർ ഇവിടെയും വിഷാദമൂകർ തന്നെ. ഊഷ്മളതയും സന്തോഷവും കൈവിട്ട് നമ്മളൊക്കെ സംവിധാനങ്ങൾ കെട്ടിപ്പടുക്കുന്നവരും ചട്ടപ്പടി മുന്നേറുന്ന യന്ത്രങ്ങളും ഒക്കെ ആയിത്തീരുന്നു. യേശു പറഞ്ഞുവച്ച ആത്മാവു നയിക്കുന്ന ജീവിത ശൈലിയിൽനിന്ന് ഏറെ അകലെയാകുകയും ചെയ്യുന്നു.

വീണ്ടും ഒരു പുനർ വിചിന്തനത്തിനും വഴിമാറ്റത്തിനും സമയമായോ? അങ്ങനെയെങ്കിൽ, ഏകാന്തതയ്ക്കു മറുമരുന്നായി സ്വന്തജീവിതത്തിൽ ഉണ്ടാകണമെന്ന് ജീസസ്



യൂത്ത് നിബ്ബന്ധം പിടിക്കേണ്ട പ്രധാന ശീലങ്ങൾ എന്തൊക്കെയാണ്?

1. **സ്വകാര്യ സമയം:** ഇത് ഏകാന്തതയല്ല, മറിച്ച് മനഃപൂർവം തനിയെ സമയം കണ്ടെത്തലാണ്. എറിക് ഫ്രോമിന്റെ വാക്കുകൾ എനിക്കിഷ്ടമാണ്, "വിരോധാഭാസമെന്നു പറയട്ടെ, തനിച്ചായിരിക്കാൻ കഴിയുക എന്നത് സ്നേഹിക്കാൻ സാധിക്കുന്നതിനുള്ള പ്രധാന ഉപാധിയാണ്." ഒരു ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം ഈ സമയം സ്വസ്ഥമാകാനും സ്വന്തജീവിതം, ചിന്തകൾ, അനുഭവങ്ങൾ എന്നിവയെക്കുറിച്ച് വിചിന്തനം ചെയ്യാനും എന്നിൽ വസിക്കുന്ന ത്രിയേക ദൈവവുമായി ബന്ധപ്പെടാനും വേണ്ടിയുള്ളതാണ്.

2. **ഒരു സുഹൃദ്ഗണത്തിന്റെ ഭാഗമാകുക:** 1985-ലെ കോൺഫറൻസിനായി തയ്യാറെടുക്കുമ്പോൾ, ഞങ്ങൾ സ്വപ്നം കണ്ടത് ഓരോരുത്തരും ഒരു സെല്ലിന്റെ ഭാഗമാകണമെന്നും മുന്നേറ്റം അത്തരം സെല്ലുകളുടെ ഒരു ശൃംഖലയായിരിക്കുമെന്നും ഒക്കെയാണ്. അതത്ര എളുപ്പമല്ല. എങ്കിലും ഒരു നല്ല ജെ.വൈ, സ്നേഹ വലയങ്ങൾ തീർക്കുന്നവനും സജീവമായി കൂട്ടായ്മയുടെ ഭാഗമാകേണ്ടവനും ആണ്.

3. **വ്യക്തിപരമായ സഹയാത്ര:** യുവാക്കൾക്കുള്ള ഫ്രാൻസിസ് മാർപാപ്പയുടെ ശുപാർശ ഇതാണ്: ജീവിതത്തിൽ അടുപ്പമുള്ള സഹയാത്രികർ ഉണ്ടാകുക. നമ്മൾ അതിനെ എൽഡറിംഗ്, പാസ്റ്ററിംഗ്, എമ്മാവൂസ്-യാത്ര എന്നൊക്കെ വിളിച്ചു. അത്തരമൊരു ബന്ധവും നല്ല പിന്തുണയും ജീവിതത്തിൽ വലിയ ചലനം വരുത്തും.



Image by A Href

4. **കഴിവുകൾ കണ്ടെത്തി ദൗത്യ പ്രതിബദ്ധതയിൽ വളരുക:** ഒരു പ്രധാന ജെ.വൈ ചിന്ത, ആത്മീയ യാത്ര ജീവനുള്ളതാകാൻ ഒരാൾ സ്വയ-അവബോധത്തിൽ മുന്നേറണം. അങ്ങനെ, ഞാൻ വ്യത്യസ്തനാണെന്നും എനിക്ക് പ്രത്യേക താത്പര്യങ്ങളുണ്ടെന്നും അംഗീകരിക്കാൻ ഞാൻ പഠിക്കുന്നു. സാവധാനം, ഈ ലോകത്ത് പ്രത്യേകമായ എന്തെങ്കിലും ചെയ്യാൻ ദൈവം എന്നെ സൃഷ്ടിക്കുകയും വിളിക്കുകയും ചെയ്തിരിക്കുന്നു എന്ന ബോധ്യം വളരുകയും ചെയ്യുന്നു.

5. **സഭാജീവിത പങ്കാളിത്തം:** ഈ ഡോക്ടർ ചൂണ്ടിക്കാണിക്കുന്ന ഒരു വലിയ പ്രശ്നം, ഏറെ ആളുകൾ ഇന്ന് സഭയിൽ നിന്നും മറ്റ് മതവിഭാഗങ്ങളിൽ നിന്നും വിട്ടുപോകുന്നു എന്നതാണ്. ജീസസ് യൂത്തിൽ, ഇടവക ജീവിതത്തിൽ സജീവമായിത്തീരാൻ ഏറെ പ്രോത്സാഹനം നൽകാറുണ്ട്. അങ്ങനെ, വ്യക്തികളെ വേരൂന്നി ശാഖപടർത്തി വളരാൻ സഹായിക്കുകയും ചെയ്യുന്നു.

6. **സേവനം:** കൊടുക്കുന്നതിന്റെയും സേവനം നൽകുന്നതിന്റെയും സന്തോഷം ആളുകളെ പഠിപ്പിക്കുക എന്നത് ജീസസ് യൂത്തിൽ പ്രധാനപ്പെട്ടതാണ്. ഏകാന്തതയെ ചെറുക്കാനും ബന്ധങ്ങൾ കെട്ടിപ്പടുക്കാനും ഇത്രയും പറ്റിയ വേറെ മാർഗവുമില്ല. ജോൺ പോൾ രണ്ടാമന്റെ പ്രവാചകതുല്യ വചനങ്ങൾ നാമോർക്കണം. "ദൈവത്തിന്റെ പദ്ധതിയോട് വിശ്വസ്തരായിരിക്കാനും ലോകത്തിന്റെ അഭിവാഞ്ഛകളോട് പ്രതികരിക്കാനും നാം ആഗ്രഹിക്കുന്നെങ്കിൽ, ഇപ്പോൾ ആരംഭിക്കുന്ന സഹസ്രാബ്ദത്തിൽ നാം നേരിടാൻ പോകുന്ന വലിയ വെല്ലുവിളി ഇതാണ്: സഭയെ കൂട്ടായ്മയുടെ ഭവനവും വിദ്യാലയവുമാക്കുക" (മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക്, 43) ||







അഖിൽ, കാസർഗോഡ്



# EVERY DAY GOD ENCOUNTER

ജൂൺ മാസം. നീണ്ട അവധിക്കാലത്തിനു ശേഷം എന്റെ കോളേജ് തുറന്നു. ഇക്കഴിഞ്ഞ ദിവസങ്ങളിലെല്ലാം ഞാനെന്റെ കൂട്ടുകാരിൽ നിന്ന് കൊതിയോടും അസൂയയോടും കുറച്ചൊക്കെ കളിയാക്കലോടുംകൂടെ കേട്ട ഒരു ചോദ്യമായിരുന്നു, അഖിലേ, അവധിക്കാലത്ത് നീ എവിടെയെല്ലാം കറങ്ങിയടാ? ഇതുപോലുള്ള ചോദ്യങ്ങൾ കേൾക്കാൻ നല്ല രസമാണന്നേ. എന്റെ മനോഹരമായ അവധിക്കാലം വർണിച്ചതിനിടയിൽ എനിക്ക് കൂടുതലായി അവരോട് പറയാൻ ഉണ്ടായിരുന്നത് ജീസസ് യൂത്ത് നടത്തിയ എഡ്ജ് എന്ന സെക്കൻഡ് ഇയർ സ്റ്റുഡൻസിനു വേണ്ടിയുള്ള പ്രോഗ്രാമിനെ കുറിച്ചായിരുന്നു.

EDGE എന്നാൽ Every Day God Encounter. അതായത് എല്ലാ ദിവസവും ദൈവത്തെ കണ്ടുമുട്ടുന്നു എന്നാണ്. തീർച്ചയായും ആ പ്രോഗ്രാമിലെ ദിനങ്ങൾ എനിക്ക് ഈശോയെ കണ്ടുമുട്ടുവാൻ സഹായിച്ച ദിനങ്ങളായിരുന്നു. പ്രോഗ്രാമിന്റെ പേര് എന്നതുപോലെ നീണ്ടുനിന്ന ആ ഏഴുദിവസം പലതരത്തിലായിരുന്നു ഈശോയെ കണ്ടുമുട്ടിയത്. ഓരോ ദിവസവും അത്രതന്നെ പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. എങ്കിലും പ്രോഗ്രാമിനെ കുറിച്ച് പറഞ്ഞപ്പോൾ എനിക്ക് സന്തോഷത്തോടെ പറയാൻ സാധിച്ചത് മറ്റൊന്നുമല്ല, ഞങ്ങൾ അവിടെ നടത്തിയ കവലപ്രസംഗത്തെക്കുറിച്ചായിരുന്നു.

കവലപ്രസംഗമോ? എന്നായിരിക്കും അല്ലേ? അഞ്ചംഗങ്ങൾ അടങ്ങുന്ന ഗ്രൂപ്പുകളിലേക്ക് തിരിക്കപ്പെട്ട ഞങ്ങൾ വ്യത്യസ്തമായ കവലകളിൽ ഞങ്ങളുടെ ചേട്ടന്മാരോടും ചേച്ചിമാരോടുമൊപ്പം എത്തുന്നു. ഓരോരുത്തരും പത്ത് മിനിറ്റ് വീതമെടുത്ത് ഈശോയെ പ്രഘോഷിക്കുകയെന്നതാണ് ഞങ്ങൾക്ക് കിട്ടിയ ടാസ്ക്. ഇക്കാര്യം കേട്ടതുമുതൽ ആ കവലയിൽ എത്തിയ നിമിഷം വരെയും ഒത്തിരി ആകാംഷയായിരുന്നു ഞങ്ങളുടെ മനസ്സിൽ. പക്ഷേ, ഞങ്ങളെത്തന്നെ ഈശോയ്ക്ക് വിട്ടുകൊടുത്ത്, ആ കവലകളിൽ ആയിരുന്നപ്പോൾ ഓരോ പത്തു മിനിറ്റുകളും ഈശോ തന്നെയാണ് ഞങ്ങളിലൂടെ സംസാരിച്ചതെന്ന് എവിടെ വേണമെങ്കിലും എനിക്ക് പറയാൻ പറ്റും. സന്തോഷം, ദുഃഖം, വിമർശനം, പുച്ഛം മുതലായ പല വികാരങ്ങൾ നിറഞ്ഞ മുഖങ്ങൾ ഞങ്ങളവിടെ കണ്ടു. പക്ഷേ, അവിടെയെല്ലാം ഈശോയെപ്രതി അതെല്ലാം അഭിമുഖീകരിക്കാൻ സാധിച്ചു.

ഈശോയെ എങ്ങനെ മറ്റുള്ളവർക്ക് കൊടുക്കാമെന്ന് ഈ ദിവസങ്ങളിലൊക്കെ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു ക്യാമ്പസിലേക്ക് തിരിച്ചുവന്നതിനു ശേഷം. ബൈബിളും ഹോളി വാട്ടറും ഇനിമുതൽ എന്റെകൂടെ ഞാൻ കൊണ്ടുനടക്കുമെന്നത് ട്രെയിനിങ്ങിനിടയിലെടുത്ത ഒരു തീരുമാനമായിരുന്നു. അതോടൊപ്പം ഇത്രമേൽ വിലമതിക്കുന്ന ക്യാമ്പസ് പ്രയർ, ഞാൻ അർഥമറിഞ്ഞ് മനപ്പാഠമാക്കി. എന്റെ ക്യാമ്പസിൽ ഈ പ്രാർഥന എത്ര തവണ ഞാൻ ഉരുവിട്ടു എന്നത് എനിക്ക് പറയാനാവില്ല. തീർച്ചയായും ആ പ്രാർഥന ഉരുവിടുമ്പോൾ ക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ യുവ മിഷണറിമാരുടെ ഇടമായിത്തീരുകയായിരുന്നു എന്റെ ക്യാമ്പസ്.

ഞാൻ മനസ്സിലാക്കിയ ഒരു വലിയ കാര്യമിതാണ്. ക്രിസ്തുവിനെപ്രതി എന്റെ കൂട്ടുകാർ എന്നെ കളിയാക്കുമ്പോൾ യഥാർഥത്തിൽ ഞാനെന്ന ഒരു ഉപകരണത്തിലൂടെ ക്രിസ്തു തന്നെയാണ് പ്രഘോഷിക്കപ്പെടുന്നത്. അതുകൊണ്ട് ഇന്ന് നീ എത്രപേർക്ക് ഈശോയെ പകർന്നു കൊടുത്തു എന്നാരെങ്കിലും ചോദിച്ചാൽ എനിക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും, ഈശോയെപ്രതി മറ്റുള്ളവർ എന്നെ കളിയാക്കുന്നുണ്ടെങ്കിൽ അവിടെയെനിക്ക് എന്റെ ഈശോയെ പകർന്നു കൊടുക്കാനായി സാധിക്കുന്നു എന്നതാണ്.




# മൂല്യങ്ങൾ മൂലക്കല്ലാക്കുന്ന സംരംഭകർ


സംരംഭത്തെ മുന്നോട്ടു നയിക്കുകയാണ് നവ സംരംഭകരിൽ നിരവധിപേർ.

സംരംഭകരുടെ ലോകത്തേക്ക് കണ്ണോടിച്ചാൽ ഒരുപാട് പേരുണ്ട് ഇത്തരത്തിൽ ചൂണ്ടിക്കാണിക്കുവാൻ. ഒന്നിനൊന്ന് വ്യത്യസ്തവും നൂതനവുമായ മേഖലകൾ. ഒരു നാടിനുതന്നെ താങ്ങാവുന്ന തൊഴിലിടങ്ങൾ. ലോകത്തിലെവിടേയ്ക്കും നീളുന്ന പ്രവർത്തന ശൃംഖലകൾ. സാങ്കേതിക മികവിന്റെ അത്ഭുത കാഴ്ചകളും മനുഷ്യ പ്രയത്നത്തിന്റെ കൂട്ടായ്മ ക്കഥകളും.. അങ്ങനെ നീളുന്നു തൊഴിൽവീഥികൾ.

ബിസിനസ്സിന്റെ ലോകത്ത് ഭക്ഷ്യോത്പന്ന വിപണിയിൽ, സത്യസന്ധതയെന്ന സഹചാരിക്കൊപ്പം പ്രവർത്തിക്കുന്ന സോണി പി. മാണിയേയും കാർഷിക മേഖലയിൽ കാലിടറാതെ സഞ്ചരിക്കുന്ന ജോബനേയും മാത്രമാണിവിടെ പരാമർശിക്കുന്നത്. അന്വേഷണത്തിൽ കണ്ടെത്തിയ മികച്ച രണ്ടുപേർ ഇവരാണെന്നല്ല, വ്യത്യസ്ത രണ്ടു മേഖലകളെ പരിചയപ്പെടുത്തുന്നു എന്നു മാത്രം.

കേരളത്തിലും ഇന്ത്യയുടെ നാനാഭാഗങ്ങളിലും ഇന്ത്യയ്ക്ക് പുറത്ത് പലയിടങ്ങളിലും ഇത്തരത്തിൽ തിളക്കമാർന്ന സംരംഭങ്ങളിലൂടെ സഞ്ചരിക്കുന്ന അനേകർ കെയ്റോസിന്റെ ഈ താളുകളിലേക്ക് വരേണ്ടവർ തന്നെയാണ്. പ്രവർത്തന വഴികളിലെ ലാളിത്യവും ഉത്പന്നത്തിന്റെ ഗുണമേന്മയും ഉപഭോക്താവിന്റെ വിശ്വാസ്യതയുമൊക്കെ സമാസമം കൂട്ടിച്ചേർത്ത് സംരംഭക സൗധത്തിന്റെ മൂലക്കല്ലാക്കി പടുത്തുയർത്തുന്ന സംരംഭകരെ വരുംനാളുകളിൽ കൂടുതലടുത്തറിയാം.

പുതുകാലത്തിലെ നവസംരംഭകരിലേക്ക് നോക്കുമ്പോൾ പ്രതീക്ഷിക്കാനേറെയുണ്ട്. സാമ്പത്തിക ലാഭമുണ്ടാക്കുക എന്നതിനപ്പുറം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, ബന്ധങ്ങൾ രൂപപ്പെടുത്തി, മൂല്യങ്ങളിൽ മായം ചേർക്കാതെ പത്തരമാറ്റിൽ പടുത്തുയർത്തി



കവർ സ്റ്റോറി



എൽസീന ജോസഫ്

**ജെ.ബി.എം.എസ്. ഫാം ടു ഡൈൻ പ്രൈവറ്റ് ലിമിറ്റഡ്**
'ആരോഗ്യകരമായ ഭക്ഷണം എല്ലാ പ്രായക്കാർക്കും'

# സത്യസന്ധമായി വിപണിയിൽ

**ദൈവത്തിനു പ്രീതികര മല്ലാത്ത ഒന്നും ഈ സംരം ഭത്തിൽ സംഭവിക്കാൻ പാടില്ല എന്ന നിഷ്ഠ ഈ ടീമിനുണ്ട്. അതുകൊണ്ടു തന്നെ ഓരോ ചുവടും വയ്ക്കുന്നത് പ്രാർഥിച്ചും ദൈവത്തോട് ആലോചന ചോദിച്ചുമാണ്.**

ആദിത്യ ബിർള ഗ്രൂപ്പിന്റെ കമ്പനിയിൽ നാഷണൽ ബിസിനസ്സ് ഡെവലപ്മെന്റ് മേധാവി. ഒരു സാധാരണക്കാരന് അവന്റെ കഠിനപരിശ്രമവും സത്യസന്ധതയും കൊണ്ട് നേടാവുന്ന ഏറ്റവും നല്ല പൊസിഷനിൽ ജോലിചെയ്യുകയാണ് സോണി പി. മാണി എന്ന ചെറുപ്പക്കാരൻ. ജോലിയുടെ ഭാഗമായി പ്രമോഷനോടുകൂടി കിട്ടിയ ട്രാൻസ്ഫർ ചെന്നൈയിലേക്കായിരുന്നു. ഭാര്യയും മൂന്നുമക്കളും അടങ്ങുന്ന കുടുംബത്തെ നാട്ടിൽ നിറുത്തിയിട്ട് സോണി ജോലിയാവശ്യത്തിനായി ചെന്നൈക്ക് പുറപ്പെട്ടു. ദൈവം ഭരമേല്പിച്ച കുടുംബത്തെ നാട്ടിൽ നിറുത്തിയിട്ട് ചെന്നൈ നഗരത്തിൽ പണിയെടുക്കുമ്പോൾ 'ദൈവം തന്നെ വിളിച്ചത് ശരിക്കും എങ്ങനെ ജീവിക്കാൻ ആണ്?' എന്നുള്ള ചോദ്യം ഉള്ളിൽ ചോദിച്ചു. ഭാര്യയോടും മക്കളോടുമൊപ്പം ഒന്നിച്ചായിരിക്കാനുള്ള തന്റെ ദൗത്യത്തെ മനസ്സിലാക്കിയപ്പോൾ പിന്നെ ഒന്നും നോക്കിയില്ല. അതുവരെ വളരെ സുരക്ഷിതം എന്ന് വിശ്വസിച്ചിരുന്ന തൊഴിലിടത്തോട് ഗുഡ് ബൈ പറഞ്ഞു നാട്ടിലേക്ക് തിരികെ പോന്നു.

കൃത്യമായി കിട്ടിയിരുന്ന വേതനത്തിന്റെ സുരക്ഷിതത്വം പോയതറിയുമ്പോഴും കുടുംബമെന്ന തന്റെ പ്രഥമ ഉത്തരവാദിത്വത്തെ ചേർത്തുപിടിക്കാനുള്ള ദൈവാത്മാവിന്റെ പ്രേരണയോട് സ്വയം വഴങ്ങുകയായിരുന്നു അവർ. വിവാഹത്തിന്റെ കൂദാശയിൽ അവസാനത്തെ പ്രാർഥനയിൽ നൽകുന്ന ആശീർവാദ വാഗ്ദാനം, 'നിങ്ങളുടെ ആവശ്യങ്ങളിൽ സഹായിക്കുവാൻ ആത്മാർഥ സുഹൃത്തുക്കളെ ദൈവം നിങ്ങൾക്ക് പ്രദാനം ചെയ്യട്ടെ.' ഈ ബിസിനസ്സ് തുടങ്ങാനും ഏറ്റവും വലിയ ബലമായതും ഈ പ്രാർഥനാശീർവാദം തന്നെയാണ്. ആത്മാർഥ സുഹൃത്തുക്കളുമായി ചേർന്നാണ് ബിസിനസ്സ് ചെയ്യാം എന്നുള്ള തീരുമാനത്തിലെത്തുന്നത്. അതും ജീവിതപങ്കാളിയുമായി ആലോചിച്ചു പ്രാർഥനയുടെ പിൻബലത്തിൽ തന്നെ.



സോണി ഭാര്യ ടിന്റുവിനോടും മക്കളോടുമൊപ്പം

## ആ കഥ ഇങ്ങനെയാണ്:

നിരവധി ഭക്ഷ്യഉത്പന്നങ്ങൾ നിലവിൽ നമ്മുടെ മാർക്കറ്റുകളിൽ ലഭ്യമാണ്. അവിടെ പിന്നെയും ഭക്ഷ്യസാധനവുമായി വരുന്നതിന്റെ വെല്ലുവിളി ചെറുതായിരിക്കില്ലെന്ന് ആദ്യമേ മനസ്സിലാക്കിയിരുന്നു. ബിസിനസ്സ് നിയമങ്ങൾ പാഠ്യപദ്ധതയിൽ പഠിക്കാമെങ്കിലും അതിന്റെ ഓരോ നടപ്പുവഴികളും ഓരോ ബിസിനസ്സുകാരനും പഠിക്കുന്നത് അനുഭവത്തിൽ നിന്ന് തന്നെയാണ്. അനുഭവമെന്ന ഗുരുകുലമല്ലാതെ വേറെ ഒരു വഴിയും അവിടെയില്ല. ഇവിടെ സോണിക്കും കൂട്ടുകാർക്കും ബിസിനസ്സ് പഠിപ്പിച്ചു നൽകാൻ ആരുമുണ്ടായിരുന്നില്ല. നേരെമറിച്ച് ജോലി ചെയ്തകാലയളവിൽ വിവിധ മേഖലകളിൽ പ്രവർത്തിച്ചുള്ള പരിചയമാണ് ആകെയുള്ള മുൻപരിചയവും ആശ്രയവും. പിന്നെ സ്ഥിരതയോടെ അധ്വാനിക്കാനുള്ള മനസ്സും. ഈ ആത്മവിശ്വാസത്തോടെയാണ് ബിസിനസ്സ് ആരംഭിക്കുന്നത്. മലയാളിയുടെ പ്രഭാതഭക്ഷണത്തിലെ പ്രധാന വിഭവമായ ഇഡ്ലിയും ദോശയുമുണ്ടാക്കുന്ന മാവ് വിൽക്കുകയായിരുന്നു ഉദ്ദേശം. നിലവിൽ ഇതേ ഉത്പന്നം മാർക്കറ്റിൽ ലഭിക്കുന്നുണ്ടെങ്കിലും അതിലും ഗുണ നിലവാരമുള്ള ഉത്പന്നം പുറത്തിറക്കാനുള്ള ലക്ഷ്യമായിരുന്നു മനസ്സിൽ. അതുകൊണ്ടുതന്നെ സോണിയും പങ്കാളികളും അവരുടെ ഉത്പന്നത്തിന്റെ ആദ്യ ഉപഭോക്താവായി കണ്ടത് അവരുടെ മക്കളെത്തന്നെയായിരുന്നു. തങ്ങളുടെ മക്കൾക്ക് കൊടുക്കുന്ന ഭക്ഷണത്തിന്റെ ഗുണമേന്മയിൽ കേരളത്തെ പ്രാതൽ കഴിക്കാൻ പ്രേരിപ്പിച്ച ഈ സംരംഭം ഇന്ന് അഞ്ചാം വയസ്സിലെത്തി നിൽക്കുന്നു. ജെ.ബി.എം.എസ്. ഫാം ടു ഡൈൻ പ്രൈവറ്റ് ലിമിറ്റഡ് അതിന്റെ നാൾവഴികളിൽ എല്ലാ അർഥത്തിലും ഹാപ്പിയാണ്.

## എന്തായിരുന്നു മൂലധനം

സ്വന്തം സമ്പാദ്യത്തിൽ നിന്നും തുടങ്ങിയതാണ് ഈ സ്ഥാപനം. ലാഭം മാത്രമായിരുന്നില്ല ഒരിക്കലും ലക്ഷ്യം. മറിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക എന്നതായിരുന്നു. അതിന് ടീമിന്റെ മുഴുവൻസമയ പ്രവർത്തനം ആവശ്യമായിരുന്നു. വിപണിയെ മനസ്സിലാക്കാനും നിലവിലുള്ള ഉത്പന്നത്തിന്റെ കുറവുകൾ പഠിക്കാനും അതിലും മികച്ചതും ആരോഗ്യകരമായതും എങ്ങനെ പുറത്തിറക്കും എന്ന് പഠിക്കാനും മനസ്സിലാക്കാനുമുള്ള ഉത്സാഹം ഈ ടീമിന് ഉണ്ടായിരുന്നു. വരുമാനം മാത്രം ലക്ഷ്യം വയ്ക്കാതെ സത്യസന്ധമായി വിപണിയിൽ നിലനിൽക്കുക എന്നതിനായിരുന്നു ടീം മുൻതൂക്കം നൽകിയത്. തുടക്കത്തിലും ഇന്നും നാളെയും അതായിരിക്കും ലക്ഷ്യമെന്ന് ഉറപ്പിച്ചു പറയുന്നു. കള്ളത്രാസ് കർത്താവ് വെറുക്കുന്നു എന്ന തിരുവചനം ബിസിനസ്സ് നിയമം പോലെ കരുതുന്നു. ദൈവത്തിനു പ്രീതികരമല്ലാത്ത ഒന്നും ഈ സംരംഭത്തിൽ സംഭവിക്കാൻ പാടില്ല എന്ന നിഷ്ഠ ഈ ടീമിനുണ്ട്. അതുകൊണ്ടുതന്നെ ഓരോ ചുവടും വയ്ക്കുന്നത് പ്രാർഥിച്ചും ദൈവത്തോട് ആലോചന ചോദിച്ചുമാണ്. സ്ഥാപനത്തിന്റെ മൂലധനവും ഈ വിശ്വാസവും അതിലൂന്നിയ പ്രവൃത്തിയുമാണ്.

## വെല്ലുവിളികൾ

പഠനങ്ങൾ പറയുന്നത്, ഒരു സംരംഭം തുടങ്ങി അതിന്റെ പ്രവർത്തനം അഞ്ചുവർഷത്തിനു മപ്പുറം മുന്നോട്ട് കൊണ്ടുപോകുന്ന സ്ഥാപനങ്ങളുടെ എണ്ണം വെറും അഞ്ചു ശതമാനം മാത്രമാണെന്നാണ്. അതിൽനിന്നുതന്നെ ഓരോ പ്രസ്ഥാനവും നേരിടുന്ന വെല്ലുവിളികളുടെ ഭാരം ഊഹിക്കാവുന്നതാണ്. പ്രധാന വെല്ലുവിളി ഗുണമേന്മയുടെയും വിലയുടെയും കാര്യമാണ്. മാർക്കറ്റിൽ ലഭ്യമായ സമാനമായ മറ്റെല്ലാ ഉത്പന്നങ്ങളെയുംകാൾ ഗുണമേന്മ ഉപഭോക്താവിന് ഉറപ്പു കിട്ടണമെങ്കിൽ അതിനുള്ള റിസ്ക്ക് ചെറുതല്ലല്ലോ. ഗുണമേന്മ കൂടുമ്പോൾ വിലയും ഉയരും. അത് സ്വാഭാവികമാണ്. ഇത് രണ്ടും ആളുകൾക്ക് തിരിച്ചറിയാനുള്ള സമയം കൊടുക്കേണ്ടത് ബിസിനസ്സ് സ്ഥാപനത്തിന്റെ ആവശ്യമാണ്. പണമാണ് ലക്ഷ്യമെങ്കിൽ ഈ റിസ്ക്കിന്റെ ഒന്നും ആവശ്യമില്ലാതെ വേഗം തന്നെ കാര്യങ്ങൾ നടത്തിയെടുക്കാം; പക്ഷേ, നല്ല ഭാവിക്ക് വേണ്ടി കുറുക്കുവഴികൾ ഒന്നും നോക്കിയില്ല. മൂല്യാധിഷ്ഠിത ബിസിനസ്സ് നടത്താൻ സ്ഥിരമായ അധ്വാനവും ക്ഷമയും ആവശ്യമാണ്. ബിസിനസ്സ് നടത്തുമ്പോൾ ഉണ്ടാകാൻ ഇടയുള്ള വെല്ലുവിളികളെ മനസ്സിലാക്കാനും അതിനെ വിവേകത്തോടെ കൈകാര്യം ചെയ്യാനും പറ്റണം.

ജീവനക്കാരോടുള്ള സ്ഥാപനത്തിന്റെ സമീപനം മറ്റൊന്നാണ്. ആരോടും ദേഷ്യപ്പെടാതെ പ്രവർത്തിക്കുന്നതാണ് ഇവിടുത്തെ ശൈലി. ഓരോരുത്തർക്കും നൽകിയിരിക്കുന്ന ഉത്തരവാദിത്വങ്ങൾ ചെയ്യുന്നതിന് വേണ്ട നിർദേശങ്ങൾ കൃത്യമായി നൽകുന്നു. കൂടാതെ അത് പൂർത്തിയാക്കുന്നതിനു വേണ്ട മാനസിക പിന്തുണയും അർഹമായ സമയവും കൊടുക്കുന്നു. ഇന്നുവരെ ഒരാളുപോലും ഈ സ്ഥാപനത്തിൽ നിന്നും അനാവശ്യമായി വഴക്കോ കുറ്റപ്പെടുത്തലോ കേട്ടിട്ടില്ല.

**ജീവനക്കാരോടുള്ള സ്ഥാപനത്തിന്റെ സമീപനം മറ്റൊന്നാണ്. ആരോടും ദേഷ്യപ്പെടാതെ പ്രവർത്തിക്കുന്നതാണ് ഇവിടുത്തെ ശൈലി.**

## പ്രതീക്ഷ, സംതൃപ്തി

ആദ്യനാളുകളിൽ മുതൽമുടക്കായിരുന്നു മുഖ്യം. ഇപ്പോൾ ബിസിനസ്സ് മുന്നേറുന്നു. അതോടൊപ്പം തന്നെ സ്ഥാപനത്തിന് ചെയ്യാൻ കഴിയുന്ന സാമൂഹ്യ പ്രവർത്തനങ്ങളിൽ ഇടപെടുന്നു. സംരംഭം തുടങ്ങിയ നാൾമുതൽ അനാഥ മന്ദിരങ്ങളിൽ ഭക്ഷണം കൊടുക്കുന്നത് ഏറെ സന്തോഷത്തോടെ ചെയ്യുന്ന കാര്യമാണ്. കൂടാതെ കൊച്ചി നഗരസഭയുടെ 10 രൂപ ഊണിനോടൊപ്പം അവർ തുടങ്ങിയ പ്രഭാത ഭക്ഷണ പരിപാടിക്ക് കഴിഞ്ഞ ഒന്നരവർഷമായി ജെ.ബി.എം.എസ്. ഫാം ടു ഡൈൻ ആണ് ഇഡ്ലി ദോശ മാവ് നൽകുന്നത്. അതും ലാഭമില്ലാതെ മുടക്കുമുതൽ മാത്രം വാങ്ങിക്കൊണ്ടാണ് മാവ് കൊടുക്കുന്നത്. വിശക്കാത്ത കൊച്ചിയെ കാണാനുള്ള ഒരു ചെറു കൈത്താങ്ങായി.

## ബിസിനസ്സിലേക്ക് കടന്നുവരുന്നവരോട് പറയാൻ

മറ്റേത് ജോലിയും പോലെ ബിസിനസ്സ് ഒരിക്കലും സമയ ബന്ധിതമല്ല. അതുകൊണ്ടുതന്നെ മുഴുവൻ സമയ അർപ്പണം ആവശ്യമാണ്. അതിനു തയ്യാറെങ്കിൽ മാത്രം മതിയാകും ഈ വഴിക്കൊരു പരീക്ഷണം. രണ്ടാമതായി പലരും ചെയ്യുന്ന കാര്യം, ഒരു തൊഴിൽ സ്ഥലത്തു പ്രവർത്തിച്ചുകൊണ്ടു മറ്റൊരു വഴിക്ക് ബിസിനസ്സ് നടത്തുന്നതാണ്. നിങ്ങൾ ഒരു സ്ഥാപനത്തിൽ തൊഴിൽ ചെയ്യുകയും വേതനം കൈപ്പറ്റുകയും ചെയ്തുകൊണ്ട് തന്നെ മറ്റൊരു സ്വയം തൊഴിൽ പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോൾ നിങ്ങൾക്ക് വേതനം തരുന്ന സ്ഥാപനത്തിന് കൊടുക്കാൻ നിങ്ങൾക്ക് കടമയുള്ള സമയവും പ്രവർത്തനവുമൊക്കെ മറ്റൊരിടത്ത് സ്വയം ലാഭത്തിനു വേണ്ടി മാറ്റി നിക്ഷേപിക്കുകയാണെന്ന് എത്രപേർ ബോധപൂർവം മനസ്സിലാക്കുന്നുണ്ട് എന്നറിയില്ല. അങ്ങനെ ചെയ്യരുത് എന്നാണ് പറയാനുള്ളത്. ബിസിനസ്സിലേക്ക് ഇറങ്ങുന്നവർ അതിനായി നല്ല ഗവേഷണം നടത്തേണ്ടത് ആവശ്യമാണ്, സ്ഥാപനത്തിന്റെ വിജയം മൂല്യാധിഷ്ഠിതമായിരിക്കണം. സാമ്പത്തിക നേട്ടമെന്നതിനു മപ്പുറം മുറുകെ പിടിക്കേണ്ട മൂല്യങ്ങൾക്കൂടി ചേർത്തുള്ള വിജയമാകണം ലക്ഷ്യം വയ്ക്കുന്നത് II

കവർ സ്റ്റോറി  സുജമോൾ ജോസ്, എറണാകുളം

# ഉടമസ്ഥരല്ല; കാവൽക്കാർ

**മറ്റു പല തൊഴിലിടങ്ങളും പോലെ തന്നെ കൃഷിയിടങ്ങളും കൂട്ടായ്മയുടെയും സ്നേഹത്തിൽ അധിഷ്ഠിതമായ ബന്ധങ്ങളുടേയും, മൂല്യങ്ങൾ ഉയർത്തുന്ന പ്രവർത്തനങ്ങളുടേയും കർമഭൂമിയാണ്. എടുത്തുകാട്ടുവാനാണെങ്കിൽ ഒരുപാട് കർഷകർ കേരളത്തിൽ തന്നെയുണ്ട്. കൈയെത്തും ദൂരത്തുള്ള ഒരു സംരംഭകന്റെ, അല്ല ഒരു കർഷകന്റെ ജീവിതാനുഭവങ്ങളുടെ എളിയ കുറിപ്പുകളാണിത്.**



**കെയ്റോസ് വായനക്കാർക്കായി ജോബനെ ഒന്ന് സ്വയം പരിചയപ്പെടുത്തമോ?**

ഞാൻ ജോബൻ പള്ളിവാതുക്കൽ. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് അടുത്തുള്ള കരിമ്പയിൽ നിന്നുള്ള ഒരു കർഷകനാണ്. പാലാ രാമപുരം ഭാഗത്തുനിന്നും ഈ നാട്ടിലേക്ക് കുടിയേറിയ ആദ്യകാല കുടിയേറ്റ കർഷകനായ ജോർജ് പള്ളിവാതുക്കലിന്റെയും ഡെയ്സിയുടെയും നാലു മക്കളിൽ രണ്ടാമൻ. ഭാര്യ ടിജി, മക്കൾ അലീന, അന്ന, അൻസ.

**പഠിക്കാൻ കഴിവും അതിനുള്ള സാഹചര്യങ്ങളുമെല്ലാം വേണ്ടുവോളം ഉണ്ടായിട്ടും എന്തുകൊണ്ട് കാർഷിക മേഖല തന്നെ തെരഞ്ഞെടുത്തു?**

ഒരു കർഷക കുടുംബത്തിന്റെ പശ്ചാത്തലം തന്നെയാണ് എന്നെ ഇതിലേക്ക് ആകർഷിച്ചത്. ചെറുപ്പം മുതൽ കണ്ടും കേട്ടും പരിചയിച്ച മേഖല. എന്റെ പ്രീഡിഗ്രി പഠനം മൂവാറ്റുപുഴ നിർമല കോളേജിലായിരുന്നു, ഡിഗ്രി പാലക്കാട് ചിറ്റൂർ ഗവൺമെന്റ് കോളേജിലും. തുടർന്ന് എം.എസ്.ഡബ്ല്യു ജോയിൻ ചെയ്യണമെന്നായിരുന്നു ആഗ്രഹം. ആ സമയത്താണ് ഇടുക്കി ജില്ലയിൽ കുടുംബസ്വത്തായി കിട്ടിയ ഏലത്തോട്ടത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ട സാഹചര്യ



ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ട്. കർഷകൻ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ പങ്കുചേരുന്നവൻ ആണെന്നാണല്ലോ പറയുന്നത്. ഓരോ ചെടികളും നട്ട് പരിപാലിക്കുമ്പോൾ ആ ഒരു ബോധ്യത്തോടെ എന്റെ ജോലി ചെയ്യാൻ എനിക്ക് സാധിക്കുന്നുണ്ട്.

**ഒരു കർഷകൻ എന്ന നിലയിൽ സംതൃപ്തനാണോ? കർഷകവൃത്തിയിൽ നിന്നുള്ള വരുമാനമോ കാര്യങ്ങളോ അല്ല ഉദ്ദേശിച്ചത്. എത്രത്തോളം സംതൃപ്തിയോടുകൂടിയാണ് ഈ മേഖലയിൽ തുടരുന്നത് എന്നാണ്?**

ഞാൻ തെരഞ്ഞെടുത്ത ഈയൊരു മേഖലയെക്കുറിച്ച് എനിക്ക് ആശങ്കകളോ അതൃപ്തിയോ ഒന്നുമില്ല. അതുകൊണ്ടുതന്നെ ഞാൻ സംതൃപ്തനാണ്. ആദ്യകാലങ്ങളിൽ പരമ്പരാഗത കൃഷിരീതിയാണ് അവലംബിച്ചിരുന്നത്. കാർഷികവൃത്തിവഴി സാമ്പത്തിക ഉന്നതിയുമുണ്ടായിരുന്നു. ഇന്ന് കാലാവസ്ഥ ഉൾപ്പെടെ കാര്യങ്ങൾ മാറി. എങ്കിലും അർപ്പണ

മുണ്ടായത്. അങ്ങനെ പഠനം മാറ്റിവച്ച് അങ്ങോട്ട് തിരിച്ചു. പാലക്കാടൻ ചൂടിൽ നിന്നും ഇടുക്കിയുടെ കുളിർമയിലേക്ക് ഒരു പറിച്ചു നടൽ. പരിചയമില്ലാത്ത കാലാവസ്ഥ, കൃഷിരീതി, ആളുകൾ. എല്ലാം പുതുമയുള്ളതായിരുന്നു. ഒരു കൈ നോക്കാൻ തന്നെ തീരുമാനിച്ചു. അവിടെനിന്നായിരുന്നു കർഷകൻ എന്നനിലയിൽ എന്റെ തുടക്കം.

**അക്കാലങ്ങളിൽ ജോബൻ ജീസസ് യൂത്ത് മുന്നേറ്റത്തിൽ സജീവമായിരുന്നല്ലോ? കർഷകൻ എന്ന പുതിയ തുടക്കത്തിന് അത് ഏതെങ്കിലും തരത്തിൽ സഹായകമായോ?**

1990-92 കാലഘട്ടത്തിലായിരുന്നു പ്രീഡിഗ്രി പഠനം; അപ്പോഴാണ് ജീസസ് യൂത്ത് മുന്നേറ്റത്തെ പരിചയപ്പെടാൻ ഇടയായത്. സിസ്റ്റർ ആലീസ് പ്രസന്ന, സിസ്റ്റർ വിജി റോസ് കൂടാതെ ഹോസ്റ്റലിലെ ജീസസ് യൂത്ത് ചേട്ടന്മാർ. ഇവരൊക്കെവഴി ഞാനറിഞ്ഞ ജീസസ് യൂത്ത് എന്നെ വല്ലാതെ ആകർഷിച്ചു. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ഒരു പ്രത്യേകത ജീവിതശൈലി. ക്യാമ്പസ് മീറ്റ്, പ്രയർ ഗ്രൂപ്പ്, ലീഡർഷിപ്പ് ട്രെയിനിങ് പ്രോഗ്രാമുകൾ ഇവയെല്ലാം എന്നെ വല്ലാതെ സ്വാധീനിച്ചു. ജീവന്റെ സുവിശേഷത്തെക്കുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ശക്തമായി പ്രഘോഷിച്ച സമയം. അത് എന്റെയുള്ളിലും ചലനമുണ്ടാക്കി. പ്രൊലൈഫ് മൂവ്മെന്റുമായി ചേർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥസഹായവും പ്രോലൈഫ് പ്രവർത്തനങ്ങളിൽ എനിക്ക് വലിയ തുണയായിരുന്നു. ഒപ്പം ആ സമയത്ത് ധാരാളം പ്രതികൂല സാഹചര്യങ്ങളും ഉണ്ടായിരുന്നു. അവിടെയെല്ലാം കരുത്ത് പകരുന്നത് വിശുദ്ധ കുർബാനയും അക്കാലത്ത് പാലക്കാട് ജീസസ് യൂത്ത് ക്യാമ്പസ് ടീം സുഹൃത്തുക്കളുമായിരുന്നു.

ഞാൻ ക്യാമ്പസ് ടീമിൽ ആയിരിക്കുന്ന കാലം മുതൽ തന്നെ എന്റെ കോളേജിലെ ജീസസ് യൂത്ത് സുഹൃത്തുക്കൾ കാർഷിക മേഖലയുമായുള്ള എന്റെ ബന്ധത്തെ എപ്പോഴും പ്രോത്സാഹിപ്പിച്ചിരുന്നു. ഒരു പരിധിവരെ പ്രോലൈഫ് പ്രവർത്തനങ്ങളും ഒരു കർഷകൻ എന്ന നിലയിൽ എന്റെ

ബോധത്തോടെ ദൈവത്തിൽ ആശ്രയിച്ച് ആത്മാർഥമായി പ്രവർത്തിച്ചാൽ ഇന്നും കൃഷി നന്നായി കൊണ്ടുനടക്കാൻ സാധിക്കും. കാലഘട്ടത്തിനനുസരിച്ച് നമ്മൾ മാറുകയെന്നത് പ്രധാനപ്പെട്ടതാണ്. ഇന്ന് ആധുനിക സാങ്കേതികവിദ്യകൾ കൂടുതലായി പ്രയോജനപ്പെടുത്തിക്കൊണ്ടുമാത്രമാണ് കാർഷിക മേഖലയിൽ മുന്നേറാൻ സാധിക്കുക. മാർക്കറ്റ് അവലോകനം നടത്തിയും, കൃഷി അനുബന്ധ വ്യവസായങ്ങൾക്ക് ഊന്നൽ കൊടുത്തും വിവേകത്തോടെ മുന്നേറിയാൽ കൃഷി ഇന്നും ലാഭകരമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിയുമെന്നു തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്.

സത്യത്തിൽ മറ്റേത് തൊഴിലിനെക്കാളും ദൈവപരിപാലനയിൽ ആശ്രയിക്കാൻകൃഷി നമ്മെ പഠിപ്പിക്കുന്നു. കാരണം കൃഷി പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ്. അത് നമ്മുടെ നിയന്ത്രണത്തിലല്ല. അതുകൊണ്ടുതന്നെ നമ്മൾ അറിയാതെ പോലും ദൈവത്തിൽ ആശ്രയിക്കാൻ നമ്മൾ പഠിക്കും. ഓരോ ഉത്പന്നവും കാണുമ്പോൾ ദൈവം

തന്നാലേ ഉള്ളൂ എന്ന ചിന്ത എപ്പോഴുമുണ്ട്. കാർഷിക മേഖലയിലും പ്രതിസന്ധികളുണ്ട്. ഐടി വിപ്ലവത്തിലൂടെയെല്ലാം നമ്മൾ കടന്നു പോയെങ്കിലും അടിസ്ഥാനപരമായി നമ്മൾ ചെയ്യുന്ന ഏത് തൊഴിലും അന്നത്തിനു വേണ്ടിയാണ്. കോവിഡ്കാലം നമ്മെ പഠിപ്പിച്ച പാഠങ്ങളിലൊന്ന് ഇതുതന്നെയാണ്. കൃഷി എന്ന അടിസ്ഥാന കല പുതുതലമുറയും പരിശീലിച്ചെങ്കിൽ മാത്രമേ നമുക്ക് ഇനി നിലനിൽപ്പുള്ളൂ. കർഷകൻ പലപ്പോഴും ഒരു MBA ക്കാരനാണെന്ന് എനിക്ക് തോന്നാറുണ്ട്. വിളവ് ഉത്പാദിപ്പിക്കുന്നതിനപ്പുറം അത് മാർക്കറ്റ് ചെയ്യാനും പ്രാവീണ്യമുള്ളവനാണ് കർഷകൻ.

ഓർഗാനിക്കായി എന്റെ ഫാമിൽ ഉത്പാദിപ്പിക്കുന്ന സീസണൽ ഫ്രൂട്ട്സും, പാലും അനുബന്ധ ഉത്പന്നങ്ങളും, തേൻ തുടങ്ങിയവയെല്ലാം നല്ല രീതിയിൽ മാർക്കറ്റ് ചെയ്യാൻ സാധിക്കുന്നുണ്ട്. അർപ്പണബോധവും ആത്മാർഥതയും ഉണ്ടെങ്കിൽ ഏതു തൊഴിലിനും വിജയംവരിക്കാനാവും. ദൈവപരിപാലനയും നമ്മുടെ പരിശ്രമവും ഒത്തുചേരുമ്പോൾ തീർച്ചയായും നമുക്ക് സംതൃപ്തിക്കുള്ളവക ലഭിക്കും.

**ജോബനെ ആശ്രയിച്ച് പറമ്പിൽ ജോലി ചെയ്യുന്ന ആളുകൾ ഉണ്ടല്ലോ? പ്രത്യക്ഷമായും പരോക്ഷമായും എത്ര കുടുംബങ്ങൾക്ക് താങ്ങാവാൻ കഴിയുന്നുണ്ട്? ജോലിക്കാരോടുള്ള ബന്ധം എങ്ങനെയാണ്?**

പപ്പയുടെ ചെറുപ്പകാലംമുതൽതന്നെ ഞങ്ങൾ ഈ നാട്ടിൽ കൃഷി ചെയ്ത് ജീവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഇവിടെ ധാരാളം കൃഷിപ്പണിക്കാരുണ്ടായിരുന്നു. ഇപ്പോഴും ധാരാളം പേർ ജോലി ചെയ്യുന്നു. എന്റെ യൗവന കാലഘട്ടത്തിൽ തന്നെ ഈ മേഖലയിലേക്ക് തിരിഞ്ഞതുകൊണ്ട് ജോലിക്കാരുമായി വർഷങ്ങളായി നല്ല ബന്ധം പുലർത്തുന്നുണ്ട്. പലപ്പോഴും അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും അവർ പങ്കുവയ്ക്കാറുണ്ട്. അവരുടെ ആവശ്യങ്ങളിൽ പ്രത്യേകിച്ച് അടിയന്തരമായി സഹായം ആവശ്യമുള്ള ഘട്ടങ്ങളിലെല്ലാം സാധിക്കുന്നതുപോലെ സഹായിക്കാറുണ്ട്. ദൈവം നമുക്ക് തന്ന എല്ലാറ്റിന്റെയും ഒരോഹരി അവരുമായി പങ്കുവയ്ക്കുമ്പോൾ വലിയ സന്തോഷം തോന്നാറുണ്ട്. നമുക്ക് ലഭിക്കുന്ന എല്ലാവരുമാനവും ഒരു പരിധിവരെ അവരുടെകൂടെ അധ്വാനത്തിന്റെ ഫലമാണെന്നുള്ള ബോധ്യത്തോടെ തന്നെയാണ് അവരെ കാണുന്നത്.

**സത്യത്തിൽ മറ്റേത് തൊഴിലിനെക്കാളും ദൈവപരിപാലനയിൽ ആശ്രയിക്കാൻ കൃഷി നമ്മെ പഠിപ്പിക്കുന്നു. കാരണം കൃഷി പ്രധാനമായും കാലാവസ്ഥയെ ആശ്രയിച്ചാണ്. അത് നമ്മുടെ നിയന്ത്രണത്തിലല്ല. അതുകൊണ്ടുതന്നെ നമ്മൾ അറിയാതെ പോലും ദൈവത്തിൽ ആശ്രയിക്കാൻ നമ്മൾ പഠിക്കും.**

എല്ലാറ്റിലുമുപരി എനിക്കും ഒരു യജമാനനുണ്ട് എന്ന ബോധ്യത്തോടെയാണ് ഞാൻ എന്റെ ജോലിക്കാരുമായി ഇടപെടുന്നത്. ദൈവം തന്നില്ലായിരുന്നെങ്കിൽ ഇതൊന്നും എനിക്ക് ഉണ്ടാകുമായിരുന്നില്ല. എന്റെ ഔദാര്യമല്ല അവർ ചെയ്യുന്ന ജോലിയുടെ പ്രതിഫലമാണ് അവർ പറ്റുന്നത്, അതുകൊണ്ടുതന്നെ കാത്തുനിറുത്തി അവരെ മുഷിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കാറുണ്ട്.

**യുവത്വത്തിന്റെ ആരംഭത്തിൽതന്നെ ഒരു കർഷകനായി മാറിയ ആളാണ് ജോബൻ. വർഷങ്ങൾ പിന്നിട്ടപ്പോൾ ആ ജോബനിൽ നിന്ന് ഈ ജോബനിലേക്ക് എന്തെങ്കിലും മാറ്റങ്ങൾ വന്നതായി തോന്നുന്നുണ്ടോ?**

നമ്മൾ ശാരീരികമായി വളരുന്നതോടൊപ്പം പക്വതയിലേക്ക് കൂടി വളരുന്നുണ്ടല്ലോ. ആ മാറ്റം എന്നിലും ഉണ്ടെന്ന് കരുതുന്നു. പണ്ട് തോട്ടത്തിൽ ജോലി ചെയ്തിരുന്ന ചേച്ചിയുടെ കുട്ടയിൽ തേങ്ങ പെറുക്കി കൊടുക്കുമ്പോൾ മാക്സിമം തേങ്ങ അതിൽ വയ്ക്കുക, പണി എത്രയും വേഗത്തിൽ തീർക്കുക എന്നൊക്കെയായിരുന്നു ചിന്തിച്ചത്. ഇന്ന് അതേ ചേച്ചി അതേ ജോലി ചെയ്യുമ്പോൾ ഞാൻ തേങ്ങയുടെ എണ്ണത്തിനെക്കുറിച്ചല്ല ചിന്തിക്കുന്നത്. അവർക്ക് ഇത്രയും പ്രായമായി അതുകൊണ്ട് ഇത്രയും തേങ്ങ അവർ ചുമക്കേണ്ടതില്ല എന്നൊക്കെ ചിന്തിക്കാൻ ഈ പ്രായത്തിൽ സാധിക്കുന്നു. അതുപോലെ നമ്മുടെ ഉത്പന്നം വാങ്ങാനും വിൽക്കാനുമായി പലരും വരാറുണ്ട്. ചിലപ്പോഴെങ്കിലും കാലാവസ്ഥ വ്യതിയാനം കൊണ്ടോ, കീടശല്യങ്ങൾ കൊണ്ടോ കരാറിൽ പറഞ്ഞുവച്ച തുകയ്ക്ക് തുല്യമായ സാധനം അവർക്ക് ലഭിക്കാതെ വരാറുണ്ട്. അതു മനസ്സിലാക്കി അതിനനുസരിച്ചുള്ള ഇളവ് വരുത്തി കൊടുക്കുന്നുണ്ട്. കാരണം നമ്മുടെ അടുത്തുനിന്ന് എന്തെങ്കിലും കൊണ്ടുപോകുമ്പോൾ അയാൾക്ക് അതുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഉന്നതിയുണ്ടാവണം എന്നാണാഗ്രഹം. നിയമപരമായി ചിന്തിച്ചാൽ എനിക്ക് കിട്ടേണ്ട തുക തന്നെയായിരിക്കാം. പക്ഷേ, മനഃസാക്ഷിക്കനുസരിച്ച് ചിന്തിക്കുമ്പോൾ അയാളുടെ നഷ്ടം എനിക്ക് മനസ്സിലാകും. വിട്ടുവീഴ്ചയ്ക്ക് തയ്യാറാവാറുണ്ട്. കാലം എല്ലാവരിലും മാറ്റങ്ങൾ വരുത്തുമല്ലോ. അതനുസരിച്ച് എന്റെ ചിന്താഗതിയിലും ബോധ്യങ്ങളിലും മാറ്റം വന്നിട്ടുണ്ട്.

ഒരു കർഷകൻ എന്ന നിലയിൽ സമൂഹവുമായുള്ള ബന്ധം എങ്ങനെയാണ്? ഏതെല്ലാം മേഖലയിലുള്ള ആളുകളാണ് ഇതുമായി ബന്ധപ്പെട്ട ജോബനുമായി സഹകരിച്ച് പ്രവർത്തിക്കുന്നത്?

ഭക്ഷ്യ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്നതുകൊണ്ടു തന്നെ അതിലേറ്റവും വൃത്തിയും ശുചിത്വവും പാലിക്കണമെന്ന് നിർബന്ധമുണ്ട്. മറ്റു തൊഴിലിന് അപേക്ഷിച്ച് ഈ മേഖലയിൽ ധാരാളം ബന്ധങ്ങളുണ്ട്. നമ്മുടെ തോട്ടത്തിൽ ജോലി ചെയ്യുന്നവർ, ഉൽപന്നം വാങ്ങുന്നവർ, വ്യാപാരികൾ, കൃഷിഭവൻ, മിൽക്ക് സൊസൈറ്റി അങ്ങനെ ഒരുപാട് മേഖലകളുമായി ഒരു കർഷകൻ ബന്ധപ്പെട്ടിരിക്കുന്നു. ഒരുപാട് ആളുകളുമായി ഇടപഴകാനും അവരിലെ നല്ല മൂല്യങ്ങൾ പഠിക്കാനും നമ്മുടെ നന്മകൾ അവർക്ക് പകർന്നു നൽകാനും ഒക്കെയുള്ള അവസരമാണ് ഈ ബന്ധങ്ങൾ വഴി ലഭിക്കുന്നത്. സമൂഹത്തിലെ ഉന്നതരുമായും താഴെക്കിടയിലുള്ളവരുമായും ഇടത്തരക്കാരുമായിട്ടെല്ലാം ഒരുപോലെ ബന്ധം പുലർത്താൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ ധാരാളം സുഹൃത്തുക്കളുമുണ്ട്.

**മൂല്യങ്ങൾ പഠിപ്പിക്കേണ്ടതല്ല അത് പിടിച്ചെടുക്കേണ്ടതാണ്. ജോബന്റെ ജീവിതത്തിൽ നിന്ന് മക്കൾ എന്തെങ്കിലും മൂല്യങ്ങൾ പിടിച്ചെടുത്തിട്ടുള്ളതായി തോന്നുന്നുണ്ടോ?**

പലപ്പോഴും നമ്മളറിയാതെ തന്നെ നമ്മുടെ മക്കൾ നമ്മളിൽ നിന്നും പലതും പഠിച്ചെടുക്കുന്നത് കാണാനിടവന്നിട്ടുണ്ട്. സത്യസന്ധതയുടെയും നീതിയുടെയും കാര്യത്തിൽ ഞാൻ പുലർത്തിക്കൊണ്ടുവരുന്ന നിലപാടുകൾ അവരെ ഏറെ സ്വാധീനിച്ചതായി പല സന്ദർഭങ്ങളിലും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ അവധിക്കാലത്ത് മൂന്നാറിലെ ഞങ്ങളുടെ തോട്ടത്തിൽ പോയ സമയത്ത് പൈസ കളഞ്ഞു കിട്ടി. ഏറ്റവും ചെറിയ കുട്ടി ഉടനെ പറഞ്ഞു. വഴിയിൽ കിടക്കുന്നതുകൊണ്ട് ഇത് ആരുടെതാണെന്ന് അറിയില്ല. ഇതെന്തായാലും നമ്മുടെയല്ല. അതുകൊണ്ട് നമുക്ക് വേണ്ട. നമുക്ക് പൈസ നേർച്ചപ്പെട്ടിയിലിടാം. അഞ്ചാം



പങ്കുവയ്ക്കലിന്റെയും സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും സുവിശേഷം തന്നെയാണ് ഒരു കർഷകൻ പ്രഘോഷിക്കുന്നത്.

**ഈ മേഖലയിൽ കുടുംബത്തിന്റെ സപ്പോർട്ട് എത്രത്തോളമുണ്ട്?**

കുടുംബം ഒന്നുചേർന്നാണ് ഈ മേഖലയെ മുന്നോട്ട് കൊണ്ടുപോകുന്നത്. പപ്പയും മമ്മിയും എന്നോടൊപ്പമുണ്ട്. കൃഷിയുടെ ആദ്യപാഠങ്ങൾ പഠിച്ചത് പപ്പയിൽ നിന്ന് തന്നെയാണ്. പപ്പയും മമ്മിയും കാർഷിക മേഖലയിൽ സജീവമായിരിക്കുമ്പോഴും പ്രാർഥനാ ജീവിതത്തിൽ സജീവമായിരുന്നു. പാലക്കാട് ആദ്യകാല കരിസ്മാറ്റിക് കൂട്ടായ്മയുടെ ഭാഗമായിരുന്നു പപ്പ. ആത്മീയ ജീവിതവും തൊഴിലും ഒരുമിച്ച് കൊണ്ടുപോകാം എന്ന പാഠം പഠിച്ചതും മാതാപിതാക്കളിൽ നിന്നാണ്.

ഇന്ന് ഭാര്യ ടിജിയുടെ പൂർണ സപ്പോർട്ട് ഈ മേഖലയിൽ എനിക്കുണ്ട്. ഞാൻ പറമ്പിലോ പണിക്കാരോടൊപ്പമോ ആയിരിക്കുമ്പോൾ മക്കളുടെ കാര്യങ്ങൾ ടിജി തന്നെയാണ് ശ്രദ്ധിക്കാറ്. അങ്ങനെ തോളോട് തോൾ ചേർന്ന് തന്നെയാണ് ഞങ്ങൾ കൃഷിയും കുടുംബജീവിതവും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകുന്നത്. ദൈവം തന്ന വലിയ സൗഭാഗ്യം തന്നെയാണ് എന്റെ കുടുംബം.

ക്ലാസ്സിൽ പഠിക്കുന്ന അവളിൽ അങ്ങനെയൊരു മൂല്യബോധം ഉണ്ടാക്കിയെടുക്കാൻ നമ്മുടെ പ്രവൃത്തികൾക്ക് സാധിക്കുന്നുവെന്നതിൽ വലിയ സന്തോഷമുണ്ട്. നമുക്ക് അർഹതപ്പെടാത്തത് നമുക്ക് വേണ്ടായെന്ന് ചിന്തിക്കാൻ ഈ പ്രായത്തിൽ അവൾക്ക് സാധിച്ചുവെന്നത് വലിയ കാര്യം തന്നെയാണ്.

**ഒരു കർഷകൻ എന്ന നിലയിൽ ക്രിസ്തീയ മൂല്യങ്ങൾക്ക് എത്രമാത്രം പ്രാധാന്യം നൽകാൻ സാധിക്കുന്നുണ്ട്?**

ജോലിക്കാരുമായുള്ള ബന്ധത്തെക്കുറിച്ച് പറഞ്ഞത് തന്നെയാണ് എനിക്ക് ഇവിടെ പറയാനുള്ളത്. അവരും ഞാനും ദൈവത്തിന്റെ സൃഷ്ടിയാണ് എന്നുള്ള ബോധ്യത്തിൽ, എനിക്കും ഒരു യജമാനനുണ്ട് എന്ന് ഉറച്ച വിശ്വാസത്തിലാണ് മുന്നോട്ടുപോകുന്നത് . ഏൽപിച്ച ജോലി ചെയ്തില്ലെങ്കിൽ എന്റെ ജോലിക്കാർ എന്നോട് ഉത്തരം പറയേണ്ടിവരുന്നതുപോലെ ഞാനും ദൈവത്തിന് ഉത്തരം കൊടുക്കേണ്ട സാഹചര്യമുണ്ടാകും. ആ ബോധ്യം എന്നെ നയിക്കുന്നു.

**അവസാനമായി ഒരു ചോദ്യം. പുതിയ തലമുറ കാർഷികവൃത്തിയിലേക്ക് കടന്നുവരുന്നതിനെ കുറിച്ചുള്ള അഭിപ്രായം എന്താണ്? ഇന്ന് പലരും ഐടി മേഖലയിലയിൽനിന്നും മറ്റും വലിയ ശമ്പളമുള്ള ജോലികൾ ഉപേക്ഷിച്ച് കൃഷിയിലേക്കും വരുന്നതായും കാണുന്നുണ്ട്, എന്താണ് ഇതിനെ കുറിച്ചുള്ള അഭിപ്രായം?**

ഞാൻ നേരത്തെ പറഞ്ഞതുപോലെ സാങ്കേതികവിദ്യയിലും വ്യാവസായികമായും നമ്മൾ എത്ര വളർന്നാലും ഭക്ഷണം നമ്മുടെ അടിസ്ഥാന ആവശ്യം തന്നെയാണ്. മറ്റേത് മേഖലയിലും നമ്മൾ അധ്വാനിക്കുന്നതിന്റെ പ്രധാന ലക്ഷ്യവും അന്നം തന്നെയാണ്.

**ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൃഷി ലാഭകരമാക്കി മുന്നോട്ടു കൊണ്ടുപോകുവാൻ പുതിയ തലമുറ മുന്നോട്ട് വരണം. ഈ മേഖലയിൽ നമ്മൾ സ്വയം പര്യാപ്തത കൈവരിക്കണം.**

അതുകൊണ്ടുതന്നെ കൃഷിയുടെ പ്രസക്തി ഒരിക്കലും അവസാനിക്കുന്നില്ല. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി കൃഷി ലാഭകരമാക്കി മുന്നോട്ടു കൊണ്ടുപോകുവാൻ പുതിയ തലമുറ മുന്നോട്ട് വരണം. ഈ മേഖലയിൽ നമ്മൾ സ്വയം പര്യാപ്തത കൈവരിക്കണം. ഇന്നും ആന്ധ്രയെയും തമിഴ്നാടിനെയും അരിക്കും പച്ചക്കറിക്കും ആശ്രയിക്കുന്നതിൽ നിന്ന് നമ്മൾ മാറണം. ഗവൺമെന്റും കർഷകരും സമൂഹവുമെല്ലാം ഒരുമിച്ച് നിന്നെങ്കിൽ മാത്രമേ ഈ മേഖലയിൽ പുരോഗതിയുണ്ടാവൂ. യുവജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്ന നല്ലൊരു കാർഷിക സംസ്കാരം നമുക്ക് രൂപപ്പെടുത്തി എടുക്കേണ്ടതായിട്ടുണ്ട്.

എല്ലാറ്റിലും ഉപരിയായി ഏത് കാര്യം തടങ്ങുമ്പോഴും പ്രാർഥനയുടെ പിൻബലമാണ് എന്റെ ബലം. ദൈവത്തോട് ചേർന്നു നിന്ന് അധ്വാനിക്കുമ്പോൾ തീർച്ചയായും നമുക്ക് പ്രതിഫലം ലഭിക്കും. നമ്മൾ ഇതിന്റെയൊന്നും ഉടമസ്ഥരല്ല വെറും കാവൽക്കാരാണ് എന്നുള്ള യാഥാർഥ്യമാണ് ആദ്യം തിരിച്ചറിയേണ്ടത്. അത് മനസ്സിലാക്കി മുന്നേറുമ്പോൾ നമുക്ക് വിജയം വരിക്കാനാകും ||




വിശേഷവാർത്ത



*സി. ആലീസ് പ്രസന്ന CMC*



*സി. വിജി റോസ് CMC*

# ശ്രേഷ്ഠജീവിതം സന്യാസം

**ജീസസ് യൂത്ത് മുന്നേറ്റത്തിൽ അനേകം യുവജനങ്ങൾക്ക് പ്രത്യാശയും പ്രചോദനവും പകർന്ന് സഹയാത്രചെയ്ത സി. ആലീസ് പ്രസന്ന CMC, സി. വിജി റോസ് CMC എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ 50 വർഷങ്ങൾ.**

ജീസസ് യൂത്ത് മുന്നേറ്റത്തിൽ അനേകം യുവജനങ്ങൾക്ക് പ്രത്യാശയും പ്രചോദനവും പകർന്ന് സഹയാത്രചെയ്ത സി. ആലീസ് പ്രസന്ന CMC, സി. വിജി റോസ് CMC എന്നിവരുടെ സന്യാസ സമർപ്പണത്തിന്റെ 50 വർഷങ്ങൾ... നാട്ടിലും വീട്ടിലും ഇടവകയിലും എന്നുവേണ്ട പലതലങ്ങളിലും നടന്ന അസാധാരണമായ ഒരു ജൂബിലി ആഘോഷമായിരുന്നു ഈ സഹോദരിമാരുടേത്. മൂവാറ്റുപുഴ നിർമല കോളേജിൽവച്ച് ജീസസ് യൂത്ത് സംഘടിപ്പിച്ച ഈ സഹോദരിമാരുടെ ജൂബിലി ആഘോഷത്തിൽ കോളേജിന്റെ ഓഡിറ്റോറിയം നിറയെ സൗഹൃദ വലയങ്ങളായിരുന്നു. അഡ്വ. റൈജു വർഗീസ് നേതൃത്വം നൽകിയ പ്രസ്തുത ചടങ്ങിൽ ജീസസ്‌യൂത്ത് മ്യൂസിക് ടീമംഗങ്ങൾ ഗാനങ്ങൾ ആലപിക്കുകയും പ്രാർഥിക്കുകയും ചെയ്തു.

സൗഹൃദ സംഭാഷണങ്ങളിലൂടെയും ഓർമകൾ പങ്കുവയ്ക്കുന്നതിലൂടെയും പ്രാർഥനയും പാട്ടുകളും ഒക്കെയായി നിറഞ്ഞ് നിന്നിരുന്ന ഓഡിറ്റോറിയം ഏറെ അവിസ്മരണീയമായ അനുഭവമാണ് അന്നവിടെ വന്ന എല്ലാവർക്കും പകർന്നത്. ഓർമകൾ പങ്കുവച്ച് നിരവധിയാളുകൾ ഉണ്ടായിരുന്നുവെങ്കിലും ഏതാനും ചിലരുടെ കമന്റുകൾ പങ്കുവയ്ക്കുകയാണിവിടെ.

## കാരണക്കാരി

അഡ്വ. റൈജു വർഗീസ്

മൂവാറ്റുപുഴ നിർമല കോളേജിൽ ഞാനെത്തുമ്പോൾ പ്രസന്ന സിസ്റ്ററിന്റെ ചിരിയിലും സ്നേഹത്തിലും വീണുപോയ ആളാണ് ഞാൻ. സിസ്റ്റർ എന്നെ പഠിപ്പിച്ചിട്ടില്ലായെങ്കിലും ഇവർ ഇരുവരും ഇടവും വലവും എന്നപോലെയാണ് എന്റെ കൂടെയായിരുന്നതും എന്നെ കരുതിയിരുന്നതും. സിസ്റ്റർ വിജി റോസിന്റെ ജീവിതം ഞങ്ങളെയൊക്കെ ഏറ്റവും കൂടുതൽ സ്വാധീനിച്ചിട്ടുള്ളത് പ്രേക്ഷിത വഴിയിലാണ്. ജാർഖണ്ഡിൽ നിന്നും കുറച്ച് ചെറുപ്പക്കാരെ കേരളത്തിലേക്ക് കൊണ്ടുവരികയും അവരെ ഹിന്ദി ധ്യാനത്തിൽ പങ്കെടുപ്പിക്കണം, അരമനയിൽ കൊണ്ടുപോകണം, വീട് സന്ദർശിക്കണം ടൂർ കൊണ്ടുപോകണമെന്നൊക്കെ പറയുകയും അതെല്ലാം ഞങ്ങൾ ചെയ്യുകയുമുണ്ടായി. അതിൽനിന്ന് ഒന്നുരണ്ടു പേർ അച്ചനാകാനും സിസ്റ്റർ ആകാനും പോവുകയുണ്ടായി. 99 കാലയളവിൽ സിസ്റ്റർ വീണ്ടും ജാർഖണ്ഡിലേക്ക് പോവുകയും 70 പേരെയുമായി വീണ്ടും വരുന്നുണ്ടെന്ന് പറയുകയും ചെയ്തു. 2001 ആയപ്പോഴേക്കും സിസ്റ്റർ വീണ്ടും പറഞ്ഞപ്പോഴാണ് എന്തുകൊണ്ട് ഇത് സിസ്റ്ററിനു വേണ്ടിയും ബീഹാറിനും വേണ്ടിയും മാത്രമാക്കുന്നു എന്നാലോചിച്ചതും. പിന്നീട് ജീസസ് യൂത്തിലെ കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാം തുടങ്ങുന്നതും അങ്ങനെയാണ്. ഇന്നും തുടരുന്ന ആ വലിയ പ്രവർത്തനങ്ങളുടെ കാരണക്കാരി സിസ്റ്റർ വിജി റോസാണ്.

## എക്സ്ട്രാ മൈൽ

ഫാ. ജെയിംസ് കക്കുഴി

സി. ആലീസ്  പ്രസന്നയും സി. വിജിറോസും എക്സ്ട്രാ മൈൽ ഓടിയവരാണ്. ക്രിസ്ത്യാനികൾ എല്ലാവരും എക്സ്ട്രാ മൈൽ പോകാനായി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ. ഒരു മൈൽ പോകേണ്ടവരോടൊപ്പം രണ്ടും അതിനപ്പുറവും പോയവരാണ് ഇവർ ഇരുവരും. ഞാൻ കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ നേതൃത്വം ഏറ്റെടുത്തിരുന്ന കാലയളവിൽ ഇവരുടെ സേവനം കാണുകയും നേരിട്ട് അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങളുടെയും കമ്മ്യൂണിറ്റിയുടെ ഉത്തരവാദിത്വങ്ങളുടെയും ഇടയിലാണ് അവരതെല്ലാം ചെയ്തുകൊണ്ടിരുന്നത്. ഇവരുടെ സ്തുത്യർഹമായ സേവനങ്ങൾ, കരിസ്മാറ്റിക് നവീകരണത്തിലും ജീസസ് യൂത്തിന്റെ വളർച്ചയുടെ നാളുകളിലും പരമപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്.

## അർപ്പണ ബോധം

കെ. കെ തോമസ്

ഇവർ രണ്ടുപേരും ഇവരെ ഏൽപിച്ചിരുന്ന ഉത്തരവാദിത്വം, അതായത് കുട്ടികളുടെ സ്വഭാവരൂപീകരണം, വ്യക്തിത്വ വികസനം തുടങ്ങിയ മേഖലകളിൽ പൂർണ അർപ്പണ ബോധത്തോടെയാണ് സേവനം ചെയ്തിരുന്നത്. ക്രൈസ്തവ മൂല്യങ്ങൾ കുട്ടികളിലേക്ക് പകർന്നു നൽകുന്ന രീതിയിലുമായിരുന്നു ഇവർ രണ്ടുപേരുടെയും അധ്യാപന ജീവിതം. അതിന്റെയൊക്കെ നല്ല ഫലങ്ങൾ അനുഭവിച്ച ചെറുപ്പക്കാർ ഇന്നും ജീസസ് യൂത്തിലുണ്ട്. അതിന്റെ ഫലമായും കൂടിയാണ് ഇന്നത്തെ ഈ ജൂബിലി ആഘോഷ ചടങ്ങുകളും.

## പ്രത്യേകം നന്ദി

ഫാ. ജോസഫ് എഴുമായിൽ, ആസ്ട്രേലിയ

പ്രിയ അമ്മമാരെ, നിങ്ങളുടെ ജീവിതംവഴി, മാതൃകവഴി, സ്നേഹത്തിലൂടെ പ്രാർഥനയിലൂടെ നൽകിയിട്ടുള്ള, നൽകിക്കൊണ്ടിരിക്കുന്ന എല്ലാ നന്മകൾക്കും നന്ദി പറയുന്നു. പ്രസന്നാമ്മ ഓർക്കുന്നുണ്ടോ എന്നറിയില്ല പത്താംക്ലാസ്സിൽ എന്നെ വേദപാഠം പഠിപ്പിച്ചിട്ടുണ്ട്. ലോകമെമ്പാടുമുള്ള ജീസസ് യൂത്തിന് നിങ്ങളിലൂടെ ലഭിച്ചിട്ടുള്ള എല്ലാ പ്രചോദനങ്ങൾക്കും പ്രത്യേകം നന്ദി. നിങ്ങൾ രണ്ടുപേരോടും ഞങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. ജൂബിലിയുടെ ആഘോഷങ്ങൾ ഞാൻ ശരിക്കും മിസ്സ് ചെയ്യുന്നു.

## ചലഞ്ചിങ്ങ്

റ്റി.സി. ജോസഫ്

കേരളത്തിലെ ജീസസ് യൂത്തിന്റെ ഓൾ കേരള തലത്തിലുള്ള ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്ന സമയത്ത് ഞങ്ങളുടെ വ്യക്തിപരമായ രൂപീകരണത്തിന് സിസ്റ്റർ വിജി റോസും പ്രസന്ന സിസ്റ്ററും വളരെയേറെ സഹായിച്ചിട്ടുണ്ട്. ജീസസ് യൂത്ത് മൂവ്മെന്റിന് ഫോർമേഷൻ പ്രോഗ്രാമുകളൊക്കെ വരുന്നതിനു മുൻപ് വളരെ സിസ്റ്റമാറ്റിക്കായി ചില ട്രെയിനിങ്ങുകൾ നൽകുവാൻ ഇവർ മുൻകൈ എടുത്തിട്ടുണ്ട്. വിദ്യാർഥികൾക്ക് അവരുടെ പഠനകാര്യങ്ങളിലും തൊഴിൽ നേടുവാനുള്ള പ്രോത്സാഹനത്തിലും ലോകത്തിന്റെ എവിടെയെങ്കിലും ഒരു മിഷണറിയായി ജീവിതം നയിക്കാനുമൊക്കെ ചലഞ്ച് ചെയ്തിട്ടുള്ള പല സംഭവങ്ങളും എന്റെ ഓർമയിലുണ്ട്.

## ദൈവവിളി തിരിച്ചറിയുവാൻ

ഫാ. ബിജു നാറാണത്ത് CMI

എന്റെ കലാലയ ജീവിതത്തിൽ സിസ്റ്റർ പ്രസന്ന ഏറെ പ്രചോദനമായിരുന്നു. തന്നെയുമല്ല ജീസസ് യൂത്ത് കുടുംബത്തെ എനിക്ക് പരിചയപ്പെടുത്തിയതും സിസ്റ്റർ തന്നെയായിരുന്നു. നിങ്ങളോടൊപ്പമുള്ള എന്റെ പ്രവർത്തനങ്ങളും മറ്റും എന്റെ ദൈവവിളി തിരിച്ചറിയുവാൻ എന്നെ ഏറെ സഹായിച്ചിട്ടുണ്ട്. ഒരു ഗുരുനാഥ എന്നതിലുപരി ഒരു സഹോദരിയെപ്പോലെ എന്നെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും പ്രാർഥിക്കുകയും ചെയ്ത സി. ആലീസ് പ്രസന്നയ്ക്ക് മംഗളങ്ങൾ നേരുന്നു. സി. വിജി റോസിനെ നേരിട്ട് പരിചയമില്ലെങ്കിലും ഏറെ കേട്ടിട്ടുണ്ട്. സിസ്റ്ററിന്റെ മിഷൻ സ്പിരിറ്റ് ഞങ്ങൾക്ക് ഏവർക്കും വളരെ പ്രചോദനമാണ്.

## പുഞ്ചിരി നൽകുന്ന ഓർമകൾ

ഫാ. തോമസ് പോത്തനാമുഴി

മൈക്രോസോഫ്റ്റ് കമ്പനിയുടെ സിഇഒ ആയ സത്യനാദെല്ലെ അമ്മയോട് ഒരിക്കൽ ചോദിച്ചു, എന്താണ് ഒരാളുടെ ജീവിതത്തിന്റെ വിജയം എന്നു പറയുന്നത്? അമ്മ അദ്ദേഹത്തോട് പറഞ്ഞു: പുറകോട്ട് തിരിഞ്ഞുനോക്കുമ്പോൾ കഴിഞ്ഞുപോയ കാലത്തെ അനുഭവങ്ങളുടെ ഓർമകൾ നമ്മൾക്ക് പുഞ്ചിരി നൽകുന്നുണ്ടെങ്കിൽ അത് നമ്മളെ സന്തോഷിപ്പിക്കുന്നുണ്ടെങ്കിൽ നമ്മുടെ ജീവിതം സക്സസ് ആണെന്ന് പറയാൻ സാധിക്കും. ഇവിടെയിരിക്കുന്ന നമ്മുടെ രണ്ട് സിസ്റ്റേഴ്സും മുഖത്ത് നല്ല പുഞ്ചിരിയോടെയാണ് ഇരിക്കുന്നത്. സി. പ്രസന്നയ്ക്കാണെങ്കിൽ ചിരി പണ്ടേ മുഖത്തുള്ളതാണ്. സിസ്റ്റർ റോസിനാണെങ്കിലും ചിരിക്ക് ഒരു കുറവുമില്ല. രണ്ടുപേർക്കും ജൂബിലിയുടെ മംഗളങ്ങൾ നേരുന്നു.

## ഇഴയടുപ്പമുള്ള ബന്ധങ്ങൾ

സി. ലിറ്റി

സി. ആലീസിനും സി. വിജിറോസിനും ജൂബിലി മംഗളങ്ങൾ നേരുന്നതോടൊപ്പം ആയുസ്സും ആരോഗ്യവും ഈശോ പ്രധാനം ചെയ്യട്ടെയെന്ന് പ്രാർഥിക്കുന്നു. ഇങ്ങനെയൊരു ജൂബിലി ആഘോഷം ഈ കോളേജിൽ സംഘടിപ്പിച്ച ജീസസ് യൂത്തിന് വളരെ പ്രത്യേകമായി അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. ഇഴയടുപ്പമുള്ള ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന ജീസസ് യൂത്തിന് പ്രത്യേകം നന്ദി. ജീസസ് എന്നും യൂത്ത് ആയതുകൊണ്ട് നിങ്ങളും അങ്ങനെ ഇരിക്കുന്നത് കാണുമ്പോൾ സന്തോഷം.. ആശംസകൾ.. പ്രാർഥനകൾ.

## നല്ലവിത്ത് വിതച്ചവർ

പോൾസൺ മിറ്റത്താണി, എൽസ

"ഞങ്ങളുടെ രണ്ടാനമ്മയാണ് സിസ്റ്റർ ആലിസ് പ്രസന്ന, അതുപോലെതന്നെ ഞങ്ങളുടെ ഏറ്റവും വലിയ ഒരു പ്രചോദനമാണ് സി. വിജി റോസ്. ഇവർ രണ്ടുപേരും ഞങ്ങളുടെ ലൈഫിൽ ഏറ്റവും നല്ല വിത്തു വിതച്ച ആളുകളാണ്" (പോൾസൺ). "സി. വിജി എന്നെ പഠിപ്പിച്ചിട്ടുണ്ട് ഞാനല്പം ചാട്ടവും തുള്ളലുമൊക്കെയുള്ള ആളായിരുന്നു. എന്നെ ഒന്ന് നന്നാക്കണം എന്ന ചിന്തയോടെയാണ് സിസ്റ്റർ എന്നെ ജീസസ് യൂത്തുമായി കണക്ട് ചെയ്യുന്നത്. എന്നെ 'പേടിപ്പിച്ചാണ്' ജീസസ് യൂത്തിലേക്ക് കൊണ്ടുവന്നതെങ്കിലും ഇപ്പോൾ ഞാനതോർക്കുമ്പോൾ സിസ്റ്ററിന് ഒരുപാട് നന്ദി പറയുകയാണ്" (എൽസ).

## ക്രിസ്തുവിനെ പകർന്നവർ

ഡോ. മിഥുൻ പോൾ

ഞങ്ങളുടെയൊക്കെ തുടക്കകാലങ്ങളിൽ എങ്ങനെയാണോ ഞങ്ങളെയൊക്കെ സ്നേഹിച്ചതും കരുതിയതും അതേപോലെ ഇപ്പോഴും സ്നേഹത്തോടെ, സന്തോഷത്തോടെ ഞങ്ങളെ കരുതുന്ന രണ്ട് അമ്മമാരാണ് സി. ആലിസ് പ്രസന്നയും, സി. വിജി റോസും. ജീസസ് യൂത്ത് ഇന്ത്യയിൽ പലയിടത്തേക്കും വളരുന്നതിന്റെ ഭാഗമായി കൾച്ചറൽ എക്സ്ചേഞ്ച് എന്ന് പ്രോഗ്രാമിലൂടെ ആ വളർച്ചയെ ഏറെ സ്വാധീനിച്ച ഒരു വ്യക്തിയാണ് സി. വിജി റോസ്. ഇവർ രണ്ടുപേരുടെയും ശുശ്രൂഷകളിലൂടെ അനേകം ആളുകളാണ് ക്രിസ്തുവിനെ അവരുടെ ജീവിതത്തിൽ അറിയാനും തൊട്ടനുഭവിക്കാനും ഇടയായത്. ഏറ്റവും സന്തോഷത്തോടെ ജൂബിലിയുടെ മംഗളങ്ങൾ നേരുന്നു.

# ഞങ്ങൾ കരങ്ങൾ കൂപ്പുന്നു

ലോകം മുഴുവനുമുള്ള പ്രിയ സന്യസ്ത സഹോദരിമാരെ, നിങ്ങളുടെ ജീവിത സമർപ്പണമാണ് ലോകത്തിന്റെ നെറുകയിൽ മാതൃസ്നേഹത്തിന്റെ നനവുകൾ പടർത്തി ക്രിസ്തുസ്നേഹത്തിന്റെ സാന്നിധ്യമാകുന്നത്. ക്രൈസ്തവ സന്യാസിനികളുടെ നിസ്വാർഥമായ ശ്രേഷ്ഠജീവിതങ്ങൾക്ക് മുന്നിൽ ഞങ്ങൾ കരങ്ങൾ കൂപ്പുന്നു. നിങ്ങളോടുള്ള ഞങ്ങളുടെ സ്നേഹത്തിന്റെയും കൃതജ്ഞതയുടെയുമാണ് പ്രതിഫലനമാണ് ഈ താളുകളിൽ നിറയുന്ന ഞങ്ങളുടെ ഓരോ എളിയവാക്കുകളും. ആത്മാർഥമായി പ്രാർഥനകൾ നേരുന്നു.



# അന്താരാഷ്ട്ര അംഗീകാരത്തിന്റെ തിളക്കത്തിൽ കെയ്റോസ്

കാത്തലിക് മീഡിയ അസോസിയേഷന്റെ 2023ലെ കാത്തലിക്ക് മീഡിയ അവാർഡിന്റെ തിളക്കത്തിൽ കെയ്റോസും. കത്തോലിക്കാ മാധ്യമങ്ങളുടെ മികച്ച പ്രവർത്തനങ്ങളെ ആദരിക്കുന്നതിനാണ് കാത്തലിക് മീഡിയ അവാർഡുകൾ നൽകുന്നത്. ഈ വർഷത്തെ പുരസ്കാര പ്രഖ്യാപനത്തിൽ കെയ്റോസ് മീഡിയയെ തേടിയെത്തിയത് മൂന്ന് അവാർഡുകളാണ്; **മികച്ച രണ്ടാമത്തെ ലേഖനം, വിവാഹത്തെക്കുറിച്ചുള്ള മികച്ച രണ്ടാമത്തെ ലേഖനം, മികച്ച നിരൂപണത്തിനുള്ള പ്രത്യേക ജൂറി പരാമർശം.**

കെയ്റോസ് ഗ്ലോബലിന്റെ അൻപത്തിമൂന്നാം ലക്കത്തിലെ ലേഖനങ്ങളാണ് മൂന്ന് അവാർഡുകളും കരസ്ഥമാക്കിയതെങ്കിലും മറ്റുലക്കങ്ങളിലെ ലേഖനങ്ങളും ജൂറിയുടെ പരാമർശത്തിന് അർഹമായിട്ടുണ്ട്.

**മിഷൻ ടോക്ക്:** മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന സ്ഥിരം പംക്തിയാണ് കെയ്റോസിലെ മിഷൻ ടോക്ക്. മിഷനു പോയവർ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുമ്പോൾ അത് വായനക്കാർക്ക് നൽകുന്ന അനുഭവം വളരെ ആഴമുള്ളതാണ്. ജീസസ് യൂത്തിനെ സംബന്ധിച്ചിടത്തോളം മുന്നേറ്റത്തിന്റെ സ്വഭാവത്തിൽ തന്നെ അതൊരു മിഷണറി മുന്നേറ്റമാണ്, അതുകൊണ്ടുതന്നെ ഇതു വലിയൊരംഗീകാരമാണ്.

ആഗസ്റ്റ് 2022ലിറങ്ങിയ കെയ്റോസ് ഗ്ലോബലിന്റെ 53മത് ലക്കം പ്രധാനവിഷയമാക്കിയത് യുവ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്നതായിരുന്നു. ഇതിനെ കുറിച്ചെഴുതിയ രണ്ടു പ്രധാന ലേഖനങ്ങളും വിവാഹത്തെക്കുറിച്ചുള്ള മികച്ച ലേഖനത്തിനുള്ള അംഗീകാരം നേടി. ഇന്നത്തെ കാലത്ത് യുവകുടുംബങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികളെ കുറിച്ച് ജീസസ് യൂത്ത് എൽഡർ പ്രൊഫ. വി.എം ജോർജുമായി യുവ കത്തോലിക്ക കുടുംബങ്ങൾ നടത്തിയ ചർച്ചയായിരുന്നു 'സെയ്ഫ്ഗാർഡിംഗ് പ്രൈസ്ലെസ്.' യൂ റൈസ് മി അപ്പ് എന്ന രണ്ടാമത്തെ ലേഖനം കൗൺസിലറായ സി. ഷെറിൻ സി.എസ്.എൻ. നേരിട്ട ഒരു കേസ് പഠനത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ഈ വിഭാഗത്തിന് കീഴിൽ വിജയിച്ച മൂന്നാമത്തെ ലേഖനം മാർച്ച് 2022ൽ പുറത്തിറങ്ങിയ നാല്പത്തിരണ്ടാം ലക്കത്തിലെ 'കാത്തലിക് പാരന്റിംഗ്' എന്ന ലേഖനമായിരുന്നു. കുട്ടികളെ വിശ്വാസത്തിൽ വളർത്തുന്നതിൽ മാതാപിതാക്കളുടെ കടമയും ഉത്തരവാദിത്വവും സംബന്ധിച്ച് സഭാപഠനങ്ങളുടെ അടിസ്ഥാനത്തിൽ അനിൽ ഇസ്രായേൽ തയ്യാറാക്കിയ ആധികാരിക ലേഖനമാണ് 'ക്ലെഫ്ട് ഓഫ് ദി റോക്ക്.'

സിനിമ, പുസ്തക അവലോകനങ്ങൾ ഉൾക്കൊള്ളുന്ന കെയ്റോസ് ഗ്ലോബലിന്റെ മറ്റൊരു സ്ഥിരം ഫീച്ചറാണ് സൗണ്ട് റിപ്ലൈ. ദി വേ ബാക്ക് (ലക്കം 53), CODA (ലക്കം 54, സെപ്റ്റംബർ 2022), ഗ്രേഹൗണ്ട് (ലക്കം 55, ഒക്ടോബർ 2022) എന്നീ സിനിമകളെ കുറിച്ച് ജോസഫ് ആന്ത്രപ്പേർ എഴുതിയ നിരൂപണങ്ങൾ മികച്ച അവലോകന വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പരാമർശം നേടി.

ജീസസ് യൂത്തുമായി ബന്ധപ്പെട്ട വാർത്തകളുമായി ആരംഭിച്ച കേവലം മലയാളം ന്യൂസ്ലെറ്റർ കെയ്റോസ് മാസികയായതും നാളുകൾ പിന്നിട്ടപ്പോൾ യുവജനങ്ങൾക്കും യുവകുടുംബങ്ങൾക്കുമായി ഇംഗ്ലീഷ് മാസികയായ കെയ്റോസ് ഗ്ലോബലും കുട്ടികൾക്കായി കെയ്റോസ് ബഡ്സും പ്രസിദ്ധീകരണമാരംഭിച്ചു. ഇരുപത്തിയഞ്ചു വർഷങ്ങൾക്കിപ്പുറം തിരിഞ്ഞുനോക്കുമ്പോൾ കെയ്റോസിന്റെ വഴികൾ ഒട്ടും സുഗമമായിരുന്നില്ല. നിരവധി കല്ലും മുള്ളും നിറഞ്ഞപാതയിലൂടെ ഞെരുക്കപ്പെടുന്ന അവസ്ഥയിലൂടെ കടന്നുപോയി. അപ്പോഴും കരുണാമയനായ ദൈവത്തിന്റെ സ്നേഹം കൊണ്ട് ജ്വലിച്ച അക്ഷരത്താളുകളാൽ കെയ്റോസ് സമ്പന്നമായിരുന്നു. കാരണം തിരുവചനം പറയുന്നു, "എന്നെ അനുഗമിക്കുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും." (മത്തായി 4, 19 ) വീണ്ടും, (ലൂക്കാ 22, 19) ഇത് എന്റെ ഓർമയ്ക്കായി ചെയ്യുവിൻ."

# KAIROS GLOBAL

# WINS GLOBAL ACCOLADES!

**Kairos Global wins Catholic Media Awards in three categories!**

★ **Second Place**

Best Essay (Mission Magazines)

★ **Second Place**

Best Explanation of Marriage

★ **Honourable Mention**

Best Review

















ദിവ്യ ജോയ്, അങ്കമാലി

# ജെയ്സാപ്പി

"അതേയ്, ഇനി തുടങ്ങി ഞാൻ കളിക്കാൻ ഇല്ലട്ടാ... ഞാൻ സയിൻസിലോട്ട് മാറി..." +1 ക്ലാസ്സിലെ ഫസ്റ്റ് ബെഞ്ചിൽ ഫസ്റ്റ് പൊസ്സിഷനിൽ തന്നെ ഇരിപ്പുറപ്പിച്ചിരിക്കുകയാണ് നമ്മുടെ ജെയ്സൺ. അധിക സംസാരങ്ങളില്ല. കളി ചിരിയില്ല. ഏത് സൈഡിലൂടെ നോക്കിയാലും ആ വർഷത്തെ ക്ലാസ്സ് ടോപ്പറിന്റ ഒരു ഛായയില്ലേ അവന് എന്നാർക്കും തോന്നിപോകും. അതിനിടയിലാണ് ഫിസിക്സ് ടീച്ചർ ഒരു സർപ്രൈസ് ടെസ്റ്റുമായി എത്തുന്നത്. 25-ൽ 3 അതാണ് നമ്മുടെ ജെയ്സാപ്പിക്ക് കിട്ടിയത്. അതോടെ ക്ലാസ്സ് ടോപ്പറും തീർന്നു. ഫസ്റ്റ് ബെഞ്ചും പോയി. 'ഒറിജിനൽ ജെയ്സാപ്പി' പുറത്ത് വന്നു.




സർപ്രൈസ് ടെസ്റ്റുമായി പിള്ളേരെ ടെസ്റ്റ് ചെയ്യാൻ വന്ന ആ ടീച്ചറില്ലേ, അത്പോലെയാണ് നമ്മുടെ ദൈവവുമെന്നു തോന്നാറുണ്ട്. നമ്മളിങ്ങനെ ദിവസവും പള്ളീപ്പോക്കും പ്രാർഥനയും പരിപാടികളൊക്കെയായിട്ട് ഒരു 'ഫസ്റ്റ് ബെഞ്ച്' സെറ്റപ്പിലങ്ങോട്ട് പോകുമ്പോഴായിരിക്കും പുള്ളിക്കാരൻ ഇതുപോലെ ചില സർപ്രൈസ് ടെസ്റ്റുകളുമായി എത്തുന്നത്. ജോലിയിലെ പ്രശ്നങ്ങളായിരിക്കാം, പഠനത്തിലെ സ്ട്രഗിൾസായിരിക്കാം, രോഗങ്ങളോ സാമ്പത്തിക പ്രശ്നങ്ങളോ അങ്ങനെ വിചാരിക്കാതെ ലൈഫിലേക്ക് വരുന്ന എന്തുമാകാം. അവിടെ വച്ചാണ് നമ്മളിൽ പലരും ഫസ്റ്റ് ബെഞ്ചിലെ ജെയ്സനിൽ നിന്ന് കൂട്ടത്തിൽ എവിടെയോ ഇരിക്കുന്ന ജെയ്സാപ്പിയിലോട്ട് മാറുന്നത്. ശരിയല്ലേ.

**ഒരൊറ്റ തഗ് ഡയലോഗും എഴുതിവച്ച് പുഷ്പം പോലെ ജോബ് തന്റെ പരീക്ഷകൾ പാസ്സായി വന്നു. ഒടുവിൽ നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി കൊടുത്തുകൊണ്ടാണ് കർത്താവ് അവനു വേണ്ടി കൈയടിച്ചത്.**

പരീക്ഷയിൽ തോൽക്കാതിരിക്കുക എന്നത് വളരെ പ്രധാനമാണ്. Spirituality is directly proportional to blessings... Spirituality is dire... ഈ തിയറവും കാണാപാഠം പഠിച്ച് പോയാൽ പൊട്ടുമെന്ന് മാത്രമല്ല ചിലപ്പോ ഡീബാറും കിട്ടും. ആത്മീയതയും അനുഗ്രഹങ്ങളും തമ്മിൽ ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ്. തീർച്ചയായും ഈ ലോകത്തിൽ നമ്മൾ ഹാപ്പിയായിട്ട് ജീവിക്കണം എന്ന് തന്നെയാണ് ദൈവവും ആഗ്രഹിക്കുന്നത്. അതുകൊണ്ടു തന്നെ നമ്മുടെ നന്മക്ക് കാരണമാകുന്ന എല്ലാ സന്തോഷങ്ങളും അവിടന്ന് നമുക്ക് തരും. പക്ഷേ, അതോടൊപ്പം വിശുദ്ധീകരണവും. കാരണം ഇവിടെ നമ്മൾ ഹാപ്പിയായി ജീവിക്കണമെന്ന് അവിടന്ന് എത്ര ആഗ്രഹിക്കുന്നുവോ അതിന്റെ പതിന്മടങ്ങ് അവിടന്ന് ആഗ്രഹിക്കുന്നത് ഇവിടത്തെ പാട്ടും പരിപാടികളുമൊക്കെ കഴിഞ്ഞ് പൊടിതട്ടി പോകാതെ അങ്ങോട്ട്, സ്വർഗത്തിലേക്കെത്തണം എന്നാണ്. വിശുദ്ധീകരണം ഇല്ലാതെ അത് എങ്ങനെയാ നടക്കുക..? അതുകൊണ്ടാണ് വല്യവല്യ സന്തോഷങ്ങൾ തരുന്ന കൂട്ടത്തിൽ പ്രശ്നങ്ങളും സങ്കടങ്ങളുമൊക്കെ അവിടന്ന് അനുവദിക്കുന്നത്. അതുകൊണ്ട് ജീവിതത്തിലെ വലിയ പരീക്ഷകളിലൂടെ കടന്ന് പോകുമ്പോൾ

അവ നമ്മെ തകർക്കാനല്ല മറിച്ച് സ്വർഗം ഉറപ്പാക്കാനുള്ള ചെറിയ കടമ്പകളാണെന്ന തിരിച്ചറിവോടെ, ക്ഷമയോടെ അവയെ മറികടക്കാം.


ബൈബിളിൽ ഇങ്ങനെയുള്ള കുറേ മനുഷ്യരെ നാം കാണുന്നുണ്ട്. നീതിമാനും നിഷ്കളങ്കനുമായി ജീവിച്ച ജോബ്. എന്നിട്ടും ജോബിനു കിട്ടിയ Question Paper അങ്ങേയറ്റം കടുപ്പമേറിയതായിരുന്നു. സ്വത്തുവകകൾ നഷ്ടപ്പെടുന്നു, മക്കളെ നഷ്ടപ്പെടുന്നു, ശരീരം വ്രണങ്ങൾകൊണ്ട് നിറയുന്നു. അതേസമയത്ത് എത്ര കഷ്ടപ്പെട്ടിട്ടാണെങ്കിലും അവൻ അത് പാസ്സാകുമെന്ന് പറഞ്ഞ്, സാത്താനോട് ബെറ്റടിച്ച്, ഫുൾ കോൺഫിഡൻസോടെ അവനെ കാത്തിരിക്കുന്ന കർത്താവിനെയും നമുക്ക് കാണാം. അത് ശരിയായിരുന്നു. "കർത്താവ് തന്നു; കർത്താവെടുത്തു, കർത്താവിന്റെ നാമം മഹത്വപ്പെടട്ടെ" എന്ന ഒരൊറ്റ തഗ് ഡയലോഗും എഴുതിവച്ച് പുഷ്പം പോലെ ജോബ് തന്റെ പരീക്ഷകൾ പാസ്സായി വന്നു. ഒടുവിൽ നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി കൊടുത്തുകൊണ്ടാണ് കർത്താവ് അവനു വേണ്ടി കൈയടിച്ചത്.

ചെറിയ പരീക്ഷകളോ, വല്യ പരീക്ഷകളോ, ഓരോ സെക്കൻഡും നമ്മെ കണ്ടുകൊണ്ടിരിക്കുന്ന, നമുക്ക് വേണ്ടി കൈയടിക്കുന്ന ഒരു കർത്താവ് നമുക്കുണ്ടെന്ന ബോധ്യത്തോടെ നമുക്ക് മുന്നോട്ട് നീങ്ങാം. "എന്നാൽ, എന്റെ വഴി അവിടന്ന് അറിയുന്നു. അവിടന്ന് എന്നെ പരീക്ഷിച്ചു കഴിയുമ്പോൾ ഞാൻ സ്വർണംപോലെ പ്രകാശിക്കും" (ജോബ് 23, 10) **II**






റോണിയ സണ്ണി



# ഹൈഡ്രജൻ ബലൂൺ

പള്ളിപ്പെരുന്നാളിന് മേടിച്ച ഹൈഡ്രജൻ ബലൂൺ കൈ വിട്ട് മുകളിലേക്ക് പൊങ്ങി പോകുന്നത് നോക്കി മകൻ നെഞ്ചുപൊട്ടി കരയുകയാണ്. അവനെ എന്ത് പറഞ്ഞു സമാധാനിപ്പിക്കണം എന്ന് പിടികിട്ടുന്നില്ല. ഇത്ര നിസ്സാര കാര്യത്തിനാണോ മോൻ കരയുന്നത് അടുത്ത പെരുന്നാളിന് ഇതിലും നല്ലതൊരെണ്ണം വാങ്ങിത്തരാമെന്നു പറഞ്ഞു നോക്കി.. രക്ഷയില്ല. ബലൂൺ പോയത് എന്റെയല്ലേ, അതിന്റെ വിഷമം അമ്മയ്ക്ക് പറഞ്ഞാൽ മനസ്സിലാകുമോ എന്ന് കനത്തിൽ ഒരു ചോദ്യവും.

അത് ശരിയാ.. നഷ്ടപ്പെടുന്നതിന്റെ വേദന നഷ്ടപ്പെട്ടവനു മാത്രമേ മനസ്സിലാകൂ. അതിപ്പോ ബലൂണായാലും പണമായാലും സമയമായാലും അവസരങ്ങൾ ആണെങ്കിലും ബന്ധങ്ങൾ ആണെങ്കിലും. നമ്മളൊക്കെ എത്രയോ സമയം അലസമായി പാഴാക്കിയിരിക്കുന്നു. എത്രയോ പണം അശ്രദ്ധമായി കളഞ്ഞിരിക്കുന്നു. എന്തൊക്കെയോ കാരണങ്ങളുടെ പേരിൽ മുന്നിൽ വന്ന എത്രയെത്ര അവസരങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു.. വാക്കുകൾ കൊണ്ടും പെരുമാറ്റം കൊണ്ടും മുറിപ്പെടുത്തി എത്ര ബന്ധങ്ങൾ നഷ്ടപ്പെടുത്തിയിരിക്കുന്നു. ഒന്നും തിരിച്ചു പിടിക്കാനാവുന്നതല്ലല്ലോ. തിരിഞ്ഞു നോക്കുമ്പോൾ നഷ്ടപ്പെട്ടതിനേക്കാൾ വേദന നഷ്ടപ്പെടുത്തിയതിന് തന്നെയായിരിക്കും.

ഒന്നുകൂടി സൂക്ഷിച്ചിരുന്നെങ്കിൽ, അല്പംകൂടി ശ്രദ്ധിച്ചിരുന്നെങ്കിൽ, കുറച്ചുകൂടി ശ്രമിച്ചിരുന്നെങ്കിൽ, ഒന്ന് ക്ഷമിച്ചിരുന്നെങ്കിൽ നഷ്ടപ്പെടില്ലായിരുന്നു.. എന്ന് ചിലപ്പോളെങ്കിലും നമ്മളൊക്കെ ചിന്തിച്ചിട്ടില്ലേ? അത് കൊണ്ടാവാം നൂലിന്റെ അറ്റം കൈയിൽ കെട്ടിയിരുന്നെങ്കിൽ ബലൂൺ പോകുമായിരുന്നോ എന്ന് മോനോട് ചോദിക്കാൻ എനിക്ക് തോന്നാഞ്ഞത്. എറിഞ്ഞ കല്ലും പറഞ്ഞ വാക്കും തിരിച്ചെടുക്കാൻ പറ്റില്ലെന്ന പഴമൊഴി അവന് പറഞ്ഞു കൊടുക്കാൻ ഇതിലും നല്ല അവസരം ഇല്ലായെന്ന് തോന്നി. അവനത് അതിലും നന്നായി മനസ്സിലായിട്ടുമുണ്ടാവും.

സമയം നന്നായി പ്രയോജനപ്പെടുത്താം, അവസരങ്ങളൊക്കെ നഷ്ടപ്പെടുത്താതിരിക്കാം, ബന്ധങ്ങളൊക്കെ ചേർത്തു പിടിക്കാം.. കൈവിട്ട ബലൂണിന് പറന്നു നടക്കാൻ ആകാശമുണ്ട്, നഷ്ടം കുട്ടിക്ക് മാത്രമല്ലേ...

ശരത് വെൺപാലാ

# Mother Teresa & Me

## നീല വരകൾ മൂന്ന്; വയലിൻ തന്ത്രികൾ നാല്



**മുൻമൊഴി**

ലോക പ്രശസ്ത സംവിധായകൻ കമാൽ മ്യൂസൽ തിരക്കഥയെഴുതി സംവിധാനം ചെയ്ത 'മദർ തെരേസ ആന്റ് മി' ധ്യാനപൂർവം കാണേണ്ട ഒരു സിനിമയാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലും രണ്ടാം പകുതിയിലും രണ്ട് സ്ത്രീ ജീവിതങ്ങളെ സമാന്തരമായി അവതരിപ്പിക്കുന്നു ഈ സിനിമയിൽ. മദർ തെരേസയെന്ന വിശുദ്ധ വനിതയുടെ വിളിക്കുള്ളിലെ വിളിയെപ്പറ്റി തുറന്നു പറയുമ്പോൾതന്നെ ആ ജീവിതം കവിതയെന്ന ഇന്ത്യൻ വംശജയായ പെൺകുട്ടിയുടെ ജീവിതവുമായുള്ള അദൃശ്യബന്ധം പറഞ്ഞുവയ്ക്കുകയാണ്. രണ്ടു കാലത്തിലെ മൂല്യബോധങ്ങൾ സംഘർഷത്തിലാവുന്നതു നാം ഉൾക്കിടിലത്തോടെ ഇവിടെ കണ്ടുമുട്ടുന്നു.



*താരങ്ങൾ - ജാക്വിലിൻ ഫ്രിറ്റ്ഷി കോർനാസ്, ദീപ്തി നവൽ, ദേബശ്രീ ചക്രവർത്തി, സംവിധായകൻ കമാൽ മ്യൂസൽ*

**വയലിൻ തന്ത്രികളിലെ കവിത**

കവിത ഇംഗ്ലണ്ടിൽ ജീവിക്കുന്ന ഒരു പുതു തലമുറ പെൺകുട്ടിയാണ്. പരമ്പരാഗതമെന്നു കരുതുന്നവയെ മനഃപൂർവം അവഗണിക്കുന്ന, വിവാഹമെന്ന സാമൂഹ്യ സ്ഥാപനത്തോട് പരിഹാസപൂർണമായ പുച്ഛം സൂക്ഷിക്കുന്ന പെൺകുട്ടി. അവൾക്കിഷ്ടമല്ലാത്ത അലസിപ്പോകുന്ന ആദ്യ പെണ്ണുകാണൽ ചടങ്ങു കാണിക്കുന്നതിലൂടെതന്നെ അവളുടെ മനസ്സും ജീവിത ദർശനവും പ്രേക്ഷകരിലെത്തിക്കുന്നതിൽ സംവിധായകൻ വിജയിക്കുന്നു. അവൾ ഒത്തുവസിക്കുന്ന സുഹൃത്തിനോട് പുലർത്തുന്ന വിശ്വസ്തതയും സ്നേഹവും തിരികെ കിട്ടില്ലായെന്ന് അവൾക്ക് മനസ്സിലാകുന്നത് അവൾ ഗർഭിണിയാണെന്ന് അറിയുമ്പോഴാണ്. കുഞ്ഞിനെ നശിപ്പിക്കാൻ ആവശ്യപ്പെടുന്നവരോട് ചേർന്നാണ് ആദ്യമവളും ചിന്തിക്കുന്നത്. എങ്കിലും ഏതോ ഉൾപ്രേരണയാൽ അവൾക്ക് അത് സാധ്യമാകാതെ വരുന്നു. അവൾ താൻ കുട്ടിക്കാലം ചെലവഴിച്ച കൽക്കട്ടയിലേക്ക് ആരോടും പറയാതെ മുങ്ങി. അവിടെ ദീപാലി എന്ന കുടുംബ സുഹൃത്തിന്റെ വീട്ടിൽ അഭയം തേടിയപ്പോൾ അവരോടൊപ്പം മദർ തെരേസയുടെ സ്ഥാപനങ്ങളിലൂടെ ഒരു സന്ദർശനം നടത്തുന്നു. മദർ തെരേസ ആരംഭിച്ച ഓരോ പ്രസ്ഥാനത്തിന്റെയും കഥകൾ കേട്ടുകൊണ്ട് ചെലവഴിച്ച ദിനങ്ങളിൽ ഒത്തുവാസിയായ പങ്കാളിയെ വിളിക്കുമ്പോഴൊക്കെ അവൾക്ക് നിരാശയാണ് ലഭിക്കുന്നത്. ഉള്ളിൽ വളരുന്ന കുഞ്ഞ്, അഭയമാകാത്ത കൂട്ടുകാരൻ, മാതാപിതാക്കൾ, ദീപാലിയെന്ന മാതൃഭാവം, കണ്ണിനു മുന്നിൽ കാണുന്ന കാരുണ്യത്തിന്റെ ഭവനങ്ങളിലെ പൊള്ളുന്ന യാഥാർഥ്യങ്ങൾ അങ്ങനെ അവളുടെയുള്ള് കലങ്ങുന്നതിന് ആവശ്യത്തിലധികം കാരണങ്ങൾ ഉണ്ടായിരുന്നു. അവൾ തന്നോടും ദീപാലിയോടും ചോദിക്കുന്നതും പറയുന്നതും ഉള്ളിലെ വിഷാദത്തിന്റെ രാഗവിസ്താരങ്ങളിലാണ്. ആ വയലിനിലെ നാല് തന്ത്രികൾക്കിടയിലൂടെ ഞെരിഞ്ഞമരുന്ന ലോഹനോവുകൾ. അവസാനം അവളുടെ അമ്മ അവളെ തേടിയെത്തുന്നു.

**ആഗ്നസും മൂന്ന് നീല വരകളും**

ആഗ്നസ് എന്ന സന്യാസിനിയുടെ ഉൾവിളികളെ പച്ചയായി അവതരിപ്പിക്കുന്ന കഥ ഇടയ്ക്കിടെ കവിതയുടെ കഥയുമായി ഇഴചേരുന്നു. യേശു എന്ന തന്റെ നാഥന്റെ നിമന്ത്രണങ്ങൾ ഉള്ളിൽ കേൾക്കാൻ തുടങ്ങുന്ന ആഗ്നസ് എന്ന കന്യാസ്ത്രീ കൽക്കട്ടയിലെ തെരുവുകളിലേക്കിറങ്ങുന്നതിനു തൊട്ടുമുമ്പുള്ള ആന്തരികവും ബാഹ്യവുമായ സംഘർഷങ്ങളെ മറയില്ലാതെ കാട്ടുവാൻ സംവിധായകൻ ധൈര്യപ്പെടുന്നു. തെരുവു ജീവിതങ്ങൾക്ക് തുണയാകുവാൻ, തന്റെ സുരക്ഷിതത്വത്തിന്റെ മുറിയിൽ നിന്ന് ഇറങ്ങിപ്പോരുന്നവൾക്ക് പിന്നീടുണ്ടാകുന്ന തിക്താനുഭവങ്ങൾ. വിളിച്ചിറക്കിക്കൊണ്ടുവരുന്നവന്റെ മൗനമവളെ പൊള്ളിക്കുന്നു.

ചുറ്റുപാടുകളിലെ പരിഹാസങ്ങൾ, പ്രലോഭനങ്ങൾ, ആരോപണശരങ്ങൾ, ആത്മസംഘർഷങ്ങൾ ഇവയൊക്കെ പച്ചയ്ക്ക് പറയുന്നുണ്ട് സിനിമയിൽ. ആത്മാവിന്റെ ഇരുണ്ട രാവുകളിൽ അവളനുഭവിച്ച ഒറ്റപ്പെടൽ, അവിശ്വാസത്തിന്റെ ഇരുണ്ട തുരങ്കങ്ങളിലൂടെയുള്ള യാത്രകൾ ഒക്കെയും അവളെ കൽക്കട്ടയിലെ അഗതികളുടെ അമ്മയാക്കി മാറ്റിയെങ്കിലും മൂന്നു നീല വരകളുള്ള സാരിയുടെ വിശുദ്ധിയിലേക്കുള്ള ആ മാറ്റം അത്യന്തം വേദന നിറഞ്ഞതാണ് എന്ന് നാം മനസ്സിലാക്കുന്നു. അങ്ങനെ അവളുടെ ഒരു ഭവനത്തിലേയ്ക്ക് ഒത്തുചേർക്കപ്പെട്ടവളാണ് ദീപാലിയെന്ന സത്യം കവിത മനസ്സിലാക്കുമ്പോഴാണ് ദീപാലിയെന്ന തന്റെ ബാല്യകാല



ദീപ്തി നവലിന്റെ ദീപാലിയും അടങ്ങുന്ന അഭിനയ പ്രതിഭകളുടെ അതിഗംഭീര പ്രകടനം ചിത്രത്തിന്റെ എടുത്തു പറയേണ്ട വസ്തുതയാണ്. 'നിർമൽ ഹൃദയ്' എന്ന മദർ തെരേസയുടെ ആദ്യ ഭവനം ഒരു കഥാപാത്രമായി ത്തന്നെ അനുഭവപ്പെടുന്നു. സ്വിസ്-ഇന്ത്യൻ കോമ്പോയായ സംവിധായകൻ കമാൽ മുസേല മുപ്പതോളം പ്രോജക്ടുകൾ സംവിധാനം ചെയ്തിട്ടുണ്ട്. കറി വെസ്റ്റേൺ പോലെ ഹൂസ്റ്റൺ ഫെസ്റ്റിവലിൽ സമ്മാനം നേടിയ ചിത്രങ്ങളുടെ സംവിധായകൻ എന്ന നിലയിൽ ഈ ചിത്രം അദ്ദേഹത്തിന്റെ മികവിനെ വീണ്ടും എടുത്തുകാട്ടുന്നു.

'നാനി' ഇത്രമാത്രം ആർദ്രഹൃദയത്തിനുടമയായതെങ്ങനെയെന്ന് അവൾക്ക് മനസ്സിലാവുന്നത്. മെല്ലെ അവളുടെ ഇരുണ്ട ചിന്തകളിലേയ്ക്ക് തീവ്രപ്രകാശത്തിന്റെ തീക്ഷ്ണ സൂചികൾ കുത്തിക്കയറാൻ തുടങ്ങുന്നത്. ഉള്ളിൽ വളരുന്ന കുഞ്ഞിന്റെ ജീവനും ജീവിതവും എത്രയോ മൂല്യമുള്ളതാണെന്ന് അവൾക്ക് ബോധ്യം വന്നു തുടങ്ങുന്നത്. തന്റെ ആത്മീയതയിൽ ഗതിമുട്ടി നിന്നപ്പോഴും കാരുണ്യത്തിന്റെ പ്രവൃത്തികൾ തുടർന്ന മദർ തെരേസയെന്ന വ്യക്തിയുടെ ബാക്കിപത്രങ്ങളായി നിലനിൽക്കുന്ന മിഷണറീസ് ഓഫ് ചാരിറ്റിയുടെ പ്രവർത്തനങ്ങളിൽ അവളും പങ്കാളിയാവുന്നു. കണ്ടുമുട്ടുന്ന പുതിയ കൂട്ടുകാരനും അവളെ ഓർമിപ്പിക്കുന്നു, മനുഷ്യജീവിതം തേടുന്നത് കരുണാർദ്ര സ്നേഹമാണെന്ന്.



### നീല വരകൾ മൂന്ന് വയലിൻ തന്ത്രികൾ നാല്


മദർ തെരേസയുടെ സാരിയിലെ മൂന്നു നീല വരകളും കവിതയുടെ വയലിന്റെ നാലു തന്ത്രികളും ഒറ്റ ശ്രുതിയിലെത്തുമ്പോൾ ചിത്രത്തിന്റെ ക്ലൈമാക്സ് പിറക്കുന്നു. മദർ തെരേസയുടെ വിശുദ്ധ സ്പർശംകൊണ്ട് രക്ഷപെട്ട അനാഥയായ ഒരു ദളിത് പെൺകുട്ടിയാണ് കവിതയെന്നും അവളെ അവളുടെ മാതാപിതാക്കൾ ദത്തെടുത്തതാണെന്നും അതിന് സഹായിച്ചത് ദീപാലിയെന്ന അവളുടെ ആയയുടെ ആർദ്രതയാണെന്നും തിരിച്ചറിയുമ്പോൾ ഭൂമി കീഴ്മേൽ മറിയുന്നു.



വിശ്വസിക്കാനാവാതെ നടുങ്ങുമ്പോൾ മെല്ലെ യാഥാർഥ്യത്തിലേയ്ക്ക് അവൾ കടന്നു വരുന്നു. അവളുടെ മൂല്യബോധവും ജീവിത ദർശനവും മാറിമറിയുന്നു. അമ്മയുടെയും അപ്പന്റെയും സ്നേഹത്തിന്റെ വലയത്തിനുള്ളിൽ അവൾ കണ്ണീരിൽ നനഞ്ഞീറനായി ഒരു വിശുദ്ധ ജന്മമായി മാറുന്നു.

### പിൻമൊഴി

ബനീറ്റ സന്ധുവെന്ന ബ്രിട്ടീഷ് നടിയുടെ കവിതയെന്ന കഥാപാത്രവും ജാക്വിലിൻ ഫ്രിറ്റ്ഷി കോർനാസിന്റെ മദർ തെരേസയും ജപ്പാൻകാരനായ കേക്കോ നകാഹാരെയുടെ ക്യാമറ അതിമനോഹരം. സ്വിറ്റ്സർലണ്ടുകാരനായ പീറ്റർ ഷെയററുടെ നേതൃത്വത്തിലുള്ള സംഗീതം സിനിമയിലെ ഫ്രെയിമുകളെ കവിത നിറഞ്ഞതാക്കുന്നു. ഏറ്റവും ഒടുവിൽ തന്റെ വയലിനുമായി കച്ചേരി നടത്തുന്ന കവിത, സംഗീതത്തിലങ്ങനെ അലിഞ്ഞ്, ലയിച്ച് വായിച്ചു കൊണ്ടിരിക്കുമ്പോൾ അവളുടെ വിരലുകളും ബോയും പായുന്ന നാലു തന്ത്രികൾക്കിടയിലൂടെ മൂന്നു നീല നിറത്തിലുള്ള വരകൾ മേഘപാളികളായി താരശ്രുതിയിലിഴ ചേരുമ്പോൾ മാലാഖമാർ നൃത്തം ചെയ്യുന്ന മനസ്സോടെയാണ് പ്രേക്ഷകർ ഈ ചിത്രം കണ്ടിറങ്ങുന്നത്. പുതുതലമുറ തീർച്ചയായും കണ്ടിരിക്കേണ്ട കരുണയുടെ വാഴ്ത്തുപാട്ടാണ് മദർ തെരേസയും ഞാനും എന്ന ഈ സിനിമ II







റോസ്‌ലിൻ, കോട്ടയം



Image by Jacob Antony

# ചുളുങ്ങിയ ചുരിദാർ

മാസങ്ങൾ കൂടി അൾത്താരയുടെ മുന്നിൽ മുട്ടുകുത്തി ക്രൂശിതരൂപത്തെ നോക്കി കൈകൾ കൂപ്പി. അറിയാതെ മിഴികൾ നിറഞ്ഞു. ഹോ... ഇത്ര കഷ്ടപ്പെട്ട് ഞാൻ കുർബായ്ക്ക് വന്നു. ഞാൻ ഒരു സംഭവം തന്നെ. പതിയെ ഉള്ളിന്നുള്ളിൽ ഒരു അഹങ്കാരം വന്നോ ആവോ. ഭൂതകാലവും ഭാവിയുമോർത്ത് സ്വപ്നങ്ങൾ കണ്ട് ഏതോ മായാലോകത്തിൽ മുഴുകികൊണ്ട് ഞാൻ പള്ളിയിൽ നിന്നു. അല്ലെങ്കിലും നമ്മളൊക്കെ എത്ര പ്രാവശ്യം വേണ്ടെന്നുവച്ചാലും ഈ പലവിചാരം എന്ന സംഭവം പിശാചങ്ങനെ കൊണ്ടുതരും. ആഗ്രഹം ഉണ്ടായിട്ടല്ല; പറ്റിപോണതാ.

അങ്ങനെ കുർബാനയുടെ ഇടയിൽ വായനയ്ക്ക് ഇരുന്നപ്പോളാണ് ഞാനാ കാഴ്ച കണ്ടത്. പള്ളിലോട്ട് പോരുന്നതിനു തൊട്ടുമുമ്പ് ഞാൻ തേച്ചു കുട്ടപ്പനാക്കിയ എന്റെ ചുരിദാർ ചുളുങ്ങിക്കൂടി പല പല ഡിസൈനിലുള്ള വരകൾ!! എന്റെ കർത്താവേ, ഞാൻ എത്ര നേരമെടുത്ത് തേച്ച എന്റെ ചുരിദാറാ. ഇതിപ്പോ ഇത്രേം നാൾ കൂടി ആരേലും കാണുമ്പോ ഈ കൊച്ചു അലക്കും കുളിച്ചു തേപ്പും ഒന്നുമില്ലെന്ന് വിചാരിക്കില്ലേ... എന്നാലും ഞാനിതെങ്ങനെ സഹിക്കും!

കുർബാനക്കിടയിൽ വ്യാകുലപ്പെട്ടിരുന്ന എന്റെ മനസ്സിലേക്ക് പെട്ടെന്ന് ഒരു സ്വരം. "അങ്ങനെയെങ്കിൽ ഞാൻ ഇത്ര കരുതലോടെ കാത്തു സൂക്ഷിച്ച, വെണ്മയുള്ള നിന്റെ ഹൃദയം നീ മലിനപ്പെടുത്തിയപ്പോൾ എനിക്ക് എത്രമാത്രം വിഷമം ഉണ്ടായി കാണും. ഇപ്പോഴും നീ ചെയ്യുന്നത് അത് തന്നെയല്ലേ?" ഒരു വാക്ക് പോലും തിരിച്ചു പറയാനാവാതെ നിശ്ശബ്ദയായി മുഖം കുനിച്ചുനിന്ന എന്റെ ചെവിയിൽ അവിടന്ന് വീണ്ടും പറഞ്ഞു. "എന്നിട്ടും ഞാൻ നിന്നെ സ്നേഹിക്കുന്നു."

മാമ്മോദിസയിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും വിശുദ്ധ കുമ്പസാരത്തിലൂടെയും നമ്മെ വിശുദ്ധീകരിച്ച, നമ്മുടെ പാപങ്ങൾ എത്ര കഠിനമെങ്കിലും ക്ഷമിക്കുന്ന ദൈവം, ആ സ്നേഹത്തിനു മുമ്പിൽ നാമെത്ര നിസ്സാരർ. എന്നിട്ടും നാം പിന്നെയും പിന്നെയും അവിടത്തെ വിഷമിപ്പിച്ചു കൊണ്ടേയിരിക്കുന്നു.

കർത്താവ് അരുളിച്ചെയ്യുന്നു: "വരുവിൻ, നമുക്കു രമ്യതപ്പെടാം. നിങ്ങളുടെ പാപങ്ങൾ കടുംചെമപ്പാണെങ്കിലും അവ മഞ്ഞുപോലെ വെൺമയുള്ളതായിത്തീരും. അവ രക്തവർണമെങ്കിലും കമ്പിളിപോലെ വെളുക്കും" (ഏശ 1, 18). ഇതാണ് വചനം പറയുന്നത്; വൈകിയിട്ടില്ല, തെറ്റാണെന്ന് തിരിച്ചറിയുന്ന ആ നിമിഷംതന്നെ നമുക്ക് തിരിച്ചു ചെല്ലാം... He is waiting for us.



# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.



## ഞങ്ങൾ ആനന്ദം കണ്ടെത്തുന്നത് ക്രിസ്തുവിൽ

അമേരിക്കയിലെ ഒക്‌ലഹോമ സർവകലാശാലയിലെ സോഫ്റ്റ്ബോൾ ടീം മൂന്നാം കിരീടം കരസ്ഥമാക്കിയപ്പോൾ പറഞ്ഞത് 'ഞങ്ങൾ ആനന്ദം കണ്ടെത്തുന്നത് ക്രിസ്തുവിൽ' എന്നാണ്. തങ്ങളുടെ ക്രിസ്തീയ വിശ്വാസം ഏറ്റുപറയാൻ മടിക്കാത്ത അവർ കിരീടനേട്ടത്തിനു ശേഷം ക്രിസ്തീയ പ്രഘോഷണവുമായി രംഗത്തു വന്നു. ടീമിന്റെ ഇൻഫീൽഡറായ അലീസ ബ്രിട്ടോ പറയുന്നതു കേൾക്കുക: "ഞാൻ യേശുവിലേക്കു തിരിഞ്ഞു കഴിഞ്ഞപ്പോൾ, യേശുവുമായുള്ള ബന്ധംവഴി ജീവിതത്തെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടുകൾ എല്ലാം മാറി. അവന്റെ രാജ്യത്തെ മഹത്വപ്പെടുത്തുവാനാണ് ഞാൻ ജീവിക്കുന്നത്. ഞങ്ങൾക്കു ട്രോഫി ലഭിക്കുകയോ ലഭിക്കാതിരിക്കുകയോ ചെയ്യട്ടെ, ഞങ്ങൾക്ക് അതിലും വലുതുണ്ട്. സ്വർഗീയ പിതാവിന്റെ നിത്യമായ ആനന്ദം ഞങ്ങൾക്കുണ്ട്." കൂടുതൽ വിവരങ്ങൾക്ക് ജൂൺ 13-ലെ പ്രവാചകശബ്ദം ഓൺലൈൻ പത്രം നോക്കുക.

## മരിക്കാറായ മനുഷ്യന്റെ ഹൃദയകോശങ്ങൾ

2008 ഒക്ടോബർ 12-ന് പോളണ്ടിലെ സോകോൽകയിലെ വി. അന്തോനീസിന്റെ ദേവാലയത്തിൽ സംഭവിച്ച ഒരത്ഭുതം ശാസ്ത്രത്തിന് ഉത്തരം കിട്ടാതെ തുടരുന്നു. ദിവ്യബലിക്കിടെ നിലത്തുവീണ ഒരു തിരുവോസ്തി അഴുക്കു പുരണ്ടതിനാൽ പാത്രത്തിലെ വെള്ളത്തിൽ ഇട്ടുവച്ചു. എന്നാൽ തിരുവോസ്തി വെള്ളത്തിൽ അലിഞ്ഞുചേർന്നില്ല. മാത്രമല്ല, തിരുവോസ്തിയിൽ മാംസരൂപം കാണാനിടയായി. ഇത് രണ്ട് പ്രഗത്ഭരായ ഹിസ്റ്റോപത്തോളജിസ്റ്റുകളുടെ അടുക്കൽ ഏൽപിച്ചു. പ്രഫ. മരിയ സെബാനിക്



ലോട്ടോവിസ്ക എം.ഡിയും പ്രഫ. സ്റ്റനിസ്ലാവോസ് സുൾക്കോവിസ്കി എം.ഡിയുമായിരുന്നു ആ ഡോക്ടർമാർ. ഇതിന്റെ പശ്ചാത്തല വിവരണമൊന്നും അവർക്കു നൽകാതെയാണ് പരീക്ഷണത്തിനു കൊടുത്തത്. അവർ രണ്ടുപേരുടെയും പരീക്ഷണഫലങ്ങൾ ഒന്നായിരുന്നു. മരിക്കാറായ ഒരു പുരുഷന്റെ ഹൃദയത്തിന്റെ ഭാഗം എന്നാണ് അവരുടെ നിരീക്ഷണഫലം. ഇന്നും വിശ്വാസികൾക്ക് അത്ഭുതമായി പോളണ്ടിൽ ഇത് നിലകൊള്ളുന്നു.
(സൺഡേശാലം.കോം ജൂൺ 13)









## ശശാങ്കനെ കൈയിലേന്തി 'ക്രൈസ്റ്റ് ദി റിഡീമർ'

മൂന്ന് വർഷത്തെ പരിശ്രമത്തിനൊടുവിലാണ് ബ്രസീലിയൻ ഫോട്ടോഗ്രാഫർ ലിയോനാർഡോ സെൻസ് ചന്ദ്രനെ കൈയിലേന്തിയ 'ക്രൈസ്റ്റ് ദി റിഡീമർ' എന്ന അതിശയകരമായ ചിത്രം പകർത്തിയത്.

വിശ്വവിഖ്യാതമായ 'ക്രൈസ്റ്റ് ദ റിഡീമർ' സ്ഥിതി ചെയ്യുന്നിടത്തുനിന്ന് ഏഴ് മൈൽ അകലെയുള്ള നിറ്റെറോയിയിലെ റിയോ ഡി ജനീറോ മുനിസിപ്പാലിറ്റിയിലെ ഇക്കാറൈ ബീച്ചിൽ നിന്നാണ് താൻ ഏറെക്കാലമായി സ്വപ്നം കണ്ടിരുന്ന ഫോട്ടോ പകർത്തിയത്.

ചന്ദ്രൻ വിമോചകനായ ക്രിസ്തുവിനോട് യോജിക്കുന്ന ഈ അപൂർവ നിമിഷം പകർത്താമെന്ന പ്രതീക്ഷയിൽ സെൻസ് ചന്ദ്രന്റെ സ്ഥാനം നിരീക്ഷിച്ചു പഠിക്കുകയായിരുന്നു. പ്രതിമയ്ക്ക് മുകളിൽ ചന്ദ്രന്റെ സ്ഥാനം സൂചിപ്പിക്കുന്ന മൊബൈൽ ആപ്ലിക്കേഷനുകളുടെ സഹായമാണ് താൻ ഉപയോഗിച്ചതെന്ന് സെൻസ് പറയുന്നുണ്ട്.

2021ൽ വാങ്ങിയ 600 എം.എം. ലെൻസാണ് ഫോട്ടോ പകർത്താൻ ഉപയോഗിച്ചത്. ചന്ദ്രന്റെ സ്ഥാനം കൃത്യമായി മനസ്സിലാക്കിയിട്ടുപോലും ചന്ദ്രൻ വളരെ വേഗത്തിൽ അസ്തമിക്കുന്നതിനാൽ ഫ്രെയിം ശരിയാക്കുകയെന്ന സങ്കീർണതയിൽ 2021ലെ ആദ്യ ശ്രമം പരാജയപ്പെട്ടു. 2022ൽ ആകാശം മേഘാവൃതവും മൂടൽമഞ്ഞുംമൂലം ഫോട്ടോ പകർത്താൻ കഴിഞ്ഞില്ല.

ഈ വർഷം ജൂണിൽ സെൻസ് തന്റെ സ്വപ്നം സാക്ഷാത്ക്കരിച്ചു. മൊബൈൽ ആപ്പുവഴി ചന്ദ്രന്റെ സ്ഥാനം പരിശോധിച്ചതിനുശേഷം സെൻസ് ഐക്കറൈ ബീച്ചിൽ എത്തി. എന്നാൽ, മേഘങ്ങൾ ചന്ദ്രനെ തടഞ്ഞപ്പോൾ അന്ന് ഷോട്ട് എടുക്കാൻ കഴിഞ്ഞില്ല. സെൻസ് പിറ്റേന്ന് ഒരു ശ്രമം കൂടി നടത്തി. ഞായറാഴ്ച മൊബൈൽ ആപ്പിൽ ചന്ദ്രന്റെ സ്ഥാനം പരിശോധിച്ചു, ഷോട്ട് എടുക്കാൻ ഏകദേശം 20 മിനിറ്റ് നേരത്തെ ബീച്ചിൽ എത്തുകയായിരുന്നു.

സെൻസിന്റെ ഈ ഫോട്ടോ ഇന്റർനെറ്റിൽ വൈറലാണ്.

ചിത്രത്തിന് കടപ്പാട്:
https://www.instagram.com/leosens/






## യേശുവിനെ കണ്ടെത്തിയ മുസ്‌ലീം സ്ത്രീ ബെനഡിക്ടൻ ഒബ്ലേറ്റ്

ബ്രീത്തിങ് കോച്ച് എന്ന നിലയിൽ അമേരിക്കയിൽ പ്രശസ്തയായ ഷെറീൻ യൂസഫ് അടുത്ത നാളിലാണ് ഇസ്ലാം മതം ഉപേക്ഷിച്ച് ക്രിസ്തുവിനെ ഏകരക്ഷകനായി സ്വീകരിച്ചത്. ഈശോയുമായുള്ള ബന്ധം കൂടുതൽ ആഴപ്പെടുത്താൻ ബെനഡിക്ടൻ സഭയിൽ ചേർന്ന് ഒബ്ലേറ്റ് ആകാൻ തീരുമാനിച്ചു. ബെനഡിക്ടൻ സന്യാസ സമൂഹത്തിന്റെ നിയമങ്ങൾ പാലിച്ച് ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം നടത്തുന്നവരെയാണ് ബെനഡിക്ടൻ ഒബ്ലേറ്റ് എന്നു വിളിക്കുന്നത്. ഒമാനിലെ ഒരു മുസ്ലിം കുടുംബത്തിൽ ജനിച്ചവളാണ് ഷെറീൻ യൂസഫ്. റമദാനിലെ നോമ്പും അഞ്ചുനേരം നിസ്കാരവും മുടങ്ങാതെ പിൻതുടർന്നിരുന്ന ഒരു വ്യക്തിയായിരുന്നു അവർ. 2020 ഒക്ടോബർ മാസം പ്രാർഥിച്ചുകൊണ്ടിരുന്നപ്പോൾ ഉണ്ടായ ഒരു ആത്മീയ അനുഭവമാണ് കത്തോലിക്കാ വിശ്വാസത്തിലേക്ക് ഷെറീനെ നയിച്ചത്.



ജോബി ബേബി, കുവൈറ്റ്

# ഇക്വഡോറിയൻ ഫുട്ബോൾ ടീം

ഖത്തർ ഫിഫ ലോകകപ്പിലെ ഉദ്ഘാടന മത്സരത്തിൽ വിജയഗോൾ നേടിയശേഷം മൈതാനത്ത് മുട്ടുകുത്തിനിന്ന് ഇക്വഡോറിയൻ ഫുട്ബോൾ ടീം ദൈവത്തിന് നന്ദി അർപ്പിക്കുന്ന ചിത്രം തരംഗമായിരുന്നു. അതിനു പിന്നാലെ, ഇക്വഡോറിയൻ ടീം ഡ്രസ്സിംഗ് റൂമിൽ കരംകോർത്ത് പിടിച്ച് പ്രാർഥിക്കുന്ന വീഡിയോയും തരംഗമായിരുന്നു. ലോകകപ്പ് മത്സരങ്ങൾക്ക് തുടക്കം കുറിച്ച നവംബർ 20-ന് ടീമിലെ മിഡ്ഫീൽഡറായ കാർലോസ് ഗ്രൂസോ യാണ് ഇൻസ്റ്റഗ്രാമിൽ വീഡിയോ പോസ്റ്റ് ചെയ്തത്. പ്രമുഖ സ്പാനിഷ് ക്രിസ്റ്റ്യൻ മ്യൂസിക് ബാൻഡായ ‘ബറാക്ക്’ ഒരുക്കിയ ക്രിസ്തീയ ഭക്തിഗാനത്തിന്റെ ഈരടികളോടെയാണ് വീഡിയോ ഒരുക്കിയിരിരുന്നത്. വീഡിയോ ചിത്രീകരിച്ച തീയതിയെ കുറിച്ച് സൂചനയില്ലെങ്കിലും, ദൈവത്തിന് മഹത്വം അർപ്പിച്ചുകൊണ്ട്, ‘ഇന്ന് ഒരു പുതിയ കഥ ആരംഭിക്കുന്നു,’ എന്നു തുടങ്ങുന്ന കുറിപ്പും വീഡിയോയ്ക്കൊപ്പം പോസ്റ്റ് ചെയ്തിട്ടുണ്ട്.

‘ഇന്ന് ഒരു പുതിയ കഥ തുടങ്ങുകയായി. നമ്മുടെ ഓരോ ചുവടും നിയന്ത്രിക്കുന്നത് ദൈവമാണ്. അവിടന്നില്ലാതെ ഞങ്ങൾക്കു ഒന്നും ചെയ്യാനാവില്ല. എല്ലാ പുകഴ്ചയും ബഹുമാനവും അങ്ങേയ്ക്കുമാത്രം’ ഇൻസ്റ്റഗ്രാം കുറിപ്പിൽ അദ്ദേഹം വ്യക്തമാക്കി. ലോകകപ്പിലെ ആദ്യ ഗോൾ നേട്ടത്തിന് ശേഷമായിരുന്നു ഇക്വഡോറിയൻ താരങ്ങൾ മുട്ടിന്മേൽനിന്ന് ഒരുമിച്ച് ദൈവത്തിന് നന്ദി അർപ്പിച്ചത്. 2014-ലെ ലോകകപ്പിൽ



മെക്സിക്കോയ്ക്കെതിരെ വിജയം നേടിയ ശേഷവും ഇക്വഡോർ ടീം ഇതുപോലെ ദൈവത്തിന് നന്ദി പറയുന്ന രംഗം അക്കാലത്ത് ശ്രദ്ധേയമായിരുന്നു. ജനസംഖ്യയുടെ 80%വും കത്തോലിക്കാ വിശ്വാസികളുള്ള നാടാണ് ലാറ്റിൻ അമേരിക്കൻ രാജ്യമായ ഇക്വഡോർ. ടീമംഗങ്ങളിൽ ഒട്ടുമിക്കവരും ക്രിസ്തുവിശ്വാസം പിന്തുടരുന്നവരാണെന്നതും ശ്രദ്ധേയം.

*Gift*

ഉദയകുമാർ, കലവൂർ

# മുത്തച്ഛനെന്താ ഇവിടെ?




തെളിഞ്ഞ ഒരു ദിവസമായിരുന്നു അത്. മണി പത്തര കഴിഞ്ഞിട്ടുണ്ടാകും. അവർ ആ വൃദ്ധ സദനത്തിലെത്തി. അതായത്, അഞ്ചാം ക്ലാസ്സുകാരായ മുപ്പത് വിദ്യാർഥികൾ. പിന്നെ, രണ്ട് അധ്യാപികമാരും. സ്കൂളിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് വയോജനങ്ങളെ ആദരിക്കുന്നതിനു വേണ്ടിയായിരുന്നു ആ സന്ദർശനം.


പെട്ടെന്നാണ് വരുൺ അത് കണ്ടത്! അവന്റെ മുത്തച്ഛൻ. അവനമ്പരന്നു പോയി. മുത്തച്ഛൻ തന്നെയാണോ അത്? മുത്തച്ഛനെന്താ ഇവിടെ? അവന് വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തീർച്ചയാക്കാൻ വേണ്ടി അവൻ ഒന്നു കൂടി ശ്രദ്ധിച്ചു നോക്കി. അതെ, മുത്തച്ഛൻ തന്നെ. ഈശ്വരാ..! അവൻ വേഗം അടുത്തേക്കോടിച്ചെന്നു. അപ്രതീക്ഷിതമായി അവനെ കണ്ട മുത്തച്ഛൻ ആശ്ചര്യപ്പെട്ടു. "മുത്തച്ഛാ..." അവൻ വിളിച്ചു. ഒരു വിതുമ്പലോടെ മുത്തച്ഛൻ അവനെ ചേർത്തുപിടിച്ചു.

"മുത്തച്ഛനെന്താ ആരോടും പറയാതെ വീട്ടീന്നിറങ്ങിപോന്നത്?" - അവൻ പരിഭവത്തോടെ ചോദിച്ചു. "മുത്തച്ഛൻ  ഇറങ്ങിപ്പോന്നതാണെന്നാരാ എന്റെ കുട്ടിയോട് പറഞ്ഞെ?" "അച്ഛനുമമ്മേം അങ്ങനാണല്ലോ പറഞ്ഞത്?" അവന്റെ മറു ചോദ്യം കേട്ട് മുത്തച്ഛൻ ചിരിച്ചു. അച്ഛൻ ബൈക്കിൽ നിന്നു വീണ് ചെറിയൊരു പരിക്കു പറ്റിയ കാര്യം അവൻ മുത്തച്ഛനോട് പറഞ്ഞു. അമ്മയ്ക്ക് പ്രൊമോഷൻ കിട്ടിയ കാര്യവും അവൻ മറന്നില്ല. മുത്തച്ഛന്റെ അടുത്ത കൂട്ടുകാരൻ ചക്കനാട്ടെ ഗോപാലകൃഷ്ണൻ സാറ് ആശുപത്രിയിലാണെന്ന കാര്യം പക്ഷേ; എന്തുകൊണ്ടോ! അവന് പറയാൻ തോന്നിയില്ല. മുത്തച്ഛനെ വെറുതെ വിഷമിപ്പിക്കേണ്ടല്ലോ എന്നാണവൻ കരുതിയത്.

"മുത്തച്ഛനിനി എപ്പഴാ വീട്ടിലേക്കു വരിക?" യാത്ര പറയാൻ നേരം അവൻ അന്വേഷിച്ചു. "വരാം മോനെ. മുത്തച്ഛനുടനെ വരാം." മുത്തച്ഛൻ അവന്റെ തോളിൽ മൃദുവായി തട്ടി; അവരോടൊപ്പം ഗേറ്റ്വരെ ചെന്നു മുത്തച്ഛൻ. ബസ് സാവധാനം മുന്നോട്ടു നീങ്ങി. പിന്നിലെ ചില്ലു ജാലകത്തിലൂടെ അവൻ മുത്തച്ഛനെ കൈ വീശിക്കാണിച്ചു. നിരത്തിൽ നിന്നും പൊടിപടലങ്ങളുയർന്നു. അത് പിന്നെ, മെല്ലെ കാഴ്ചയെ മറച്ചു.



# ജീസസ് യൂത്ത് വിചിന്തനം




തനിക്കുചുറ്റും തടിച്ചുകൂടിയ വലിയ ജനക്കൂട്ടത്തോട് ഏറ്റവും വ്യക്തമായ ഭാഷയിൽ യേശു പ്രഖ്യാപിച്ചു- "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്." അവർ ജീവിച്ചിരുന്ന ലോകത്തു നിറഞ്ഞിരിക്കുന്ന അന്ധകാരത്തെ ഇല്ലായ്മ ചെയ്യാനുള്ള അവരുടെ വിളിയിലേക്കുള്ള ഉണർത്തുപാട്ടായിരുന്നു യേശുവിന്റെ ഈ പ്രഖ്യാപനം.

മലയിലെ പ്രസംഗം സത്യത്തിൽ യേശു മുന്നോട്ടുവയ്ക്കുന്ന ആനന്ദനിർഭരമായ ജീവിതശൈലിയെക്കുറിച്ചുള്ള നയപ്രഖ്യാപനമാണ്. അവന്റെ കേൾവിക്കാർ ജീവിതത്തിന്റെ നാനാതുറകളിൽനിന്നുള്ളവരായിരുന്നു. വൈവിധ്യമാർന്ന ജീവിതാനുഭവങ്ങളുള്ളവർ! എങ്ങനെയാണ് അവർക്കു ലോകത്തിന്റെ വെളിച്ചമാകാൻ കഴിയുന്നത്? മറ്റാരും അവരിൽ കാണാത്ത എന്തോ ഒന്ന് യേശു അവരിൽ കണ്ടു. മറ്റൊരു സന്ദർഭത്തിൽ അവൻ പറയുന്നത് ഇങ്ങനെയാണ്: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8, 12).

ആത്മാർഥമായി തന്നെ അനുഗമിക്കുന്ന എല്ലാവരും ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചമായി മാറുമെന്നാണ് യേശുവിന്റെ വാഗ്ദാനം. സുവിശേഷ ഭാഗ്യങ്ങൾ കേൾക്കുകയും അവനെ അനുഗമിക്കാൻ തീരുമാനിക്കുകയും ചെയ്തവരെല്ലാം യഥാർഥത്തിൽ രക്ഷയും പ്രത്യാശയും നൽകുന്ന പ്രകാശമായി മാറുകയും ചെയ്തു.

ഇന്ന് നാം ഓരോരുത്തരോടും യേശു വ്യക്തിപരമായി സംസാരിക്കുകയാണ്. നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്ന് അവിടന്ന് നമ്മോടു പറയുന്നു. നമ്മുടെ വിജയങ്ങളോ തോൽവികളോ, കരുത്തോ ദൗർബല്യമോ ഒന്നും പരിഗണിക്കാതെ അവൻ നമ്മെ വിളിക്കുന്നു. കുടുംബങ്ങളിൽ, ജോലി സ്ഥലങ്ങളിൽ, ഇടവകയിൽ, സൗഹൃദങ്ങളിൽ, കൂട്ടായ്മകളിൽ എന്നുവേണ്ട അവൻ നമ്മെ അയക്കുന്ന ഇടങ്ങളിലെല്ലാം അവന്റെ പ്രകാശമാകാനാണ് ഈ വിളി. നാം അവനെ പൂർണമനസ്സോടെ, പരിശുദ്ധാത്മാവിന്റെ ശക്തിയിൽ പിന്തുടരുമ്പോൾ അവന്റെ വചനം നമ്മുടെയുള്ളിൽ പ്രകാശമായി തെളിയും. നമ്മുടെയുള്ളിൽ ഈ വലിയ സാധ്യതയെ അവൻ കാണുന്നുണ്ട്. നാം അതു തിരിച്ചറിയുന്നുണ്ടോ എന്നതാണു ചോദ്യം.

വി. പൗലോസ് പറയുന്നു: "ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇന്നു നിങ്ങൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ" (എഫേ 5,8-9). നാം യേശുവിന് കൂടുതൽ അനുരൂപരാകാൻ മുന്നേറ്റത്തിന്റെ ജീവിതശൈലിയായ സ്തൂപങ്ങളെ ആത്മാർഥതയോടെ പുൽകേണ്ട ആവശ്യകതയിലേക്കാണ് ഈ വചനം വിരൽചൂണ്ടുന്നത്.

വി. ക്രോമേഷ്യസിന്റെ മൊഴികൾ അർഥവത്താണ്; "പ്രകാശത്തിൽ ജീവിക്കുവാൻ നാം പരാജയപ്പെടുകയാണെങ്കിൽ മനുഷ്യർക്ക് അത്യന്തം ആവശ്യമായ പ്രകാശത്തെ നാം മറയ്ക്കുകയും ആവരണം ചെയ്യുകയും ചെയ്യുന്നതുവഴി നമ്മുടെയും മറ്റുള്ളവരുടെയും ശിക്ഷാവിധിക്കു നാം വഴി തെളിക്കുന്നു." നാം ലോകത്തിന്റെ പ്രകാശമായി മാറുകയാണോ അതോ ലോകത്തെ

പ്രകാശിപ്പിക്കുന്നതിൽ പരാജയപ്പെടുക യാണോ?

മലയിലെ പ്രസംഗത്തിൽ യേശു മലമുക ളിൽ പണിയപ്പെട്ട ഒരു നഗരത്തെക്കുറിച്ചും പറയുന്നുണ്ട്. ഈ നഗരത്തെ മറച്ചുവയ്ക്കാ നാകില്ല. അവിടെനിന്നുള്ള പ്രകാശം ചുറ്റു മുള്ള പ്രദേശങ്ങളെ പ്രകാശിപ്പിക്കുകയും ഇരുട്ടിൽ നടക്കുന്നവരെ വഴിനയിക്കുകയും ചെയ്യുന്നു. ജീസസ് യൂത്ത് മുന്നേറ്റവും ഇതുപോലെ ലോകത്തിനു പ്രകാശം പക രുന്ന മലമുകളിലെ നഗരമാകാൻ വിളിക്ക പ്പെട്ടിരിക്കുകയാണ്. ഒരു നഗരത്തിന്റെ വെളിച്ചം അതിലെ ഓരോ വീട്ടിലെയും വെളിച്ചത്തെ ആശ്രയിച്ചാണിരിക്കുന്നത്. എന്നാൽ, വീടുകളുടെ വലുപ്പവും ഭംഗിയുമെല്ലാം അന്ധകാരത്തിൽ അപ്രസക്ത മാണുതാനും. ഇതുപോലെ ഓരോ ജീസസ് യൂത്തും ക്രിസ്തുവിന്റെ യഥാർഥ മിഷണറി യായി പ്രശോഭിക്കുമ്പോൾ ലോകത്തിനു വെളിച്ചം പകരുന്ന പ്രകാശഗോപുരമായി ഈ മുന്നേറ്റം മാറും. നമ്മുടെ വിളക്കുകളിൽ പരിശുദ്ധാത്മാവാകുന്ന എണ്ണ നിറയണം. ക്രിസ്തുവിനെ പിൻചെല്ലാനുള്ള നമ്മുടെ സന്നദ്ധതയാണ് ഈ വിളക്കിലെ 'തിരി' എന്നു മറക്കാതിരിക്കാം. ലോകത്തിന്റെ വെളിച്ചമാകാനുള്ള ക്രിസ്തുവിന്റെ വിളി യോട് നാം പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ ജീവിതങ്ങൾ എത്രയോ അർഥപൂർണവും മനോഹരവുമായി മാറുകയാണ്! വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ വാക്കുക ളിൽ പറഞ്ഞാൽ, ചെറിയൊരു തീനാളം പോലും രാത്രിയുടെ ആവരണത്തെ പകുത്തു മാറ്റുന്നുവെങ്കിൽ സഭയുടെ കൂട്ടായ്മയിൽ നാം ഒന്നിച്ചുനിന്നാൽ എത്രയോ ഉജ്വലമായ പ്രകാശമായിരിക്കും നമുക്ക് സൃഷ്ടിക്കാൻ കഴിയുക!

വിശുദ്ധരെല്ലാം ഈ വിളിക്ക് ഉത്തരം നൽകി യവരാണ്. അവരുടെ ജീവിത മാതൃകയി ലൂടെ ഇന്നും അവർ പ്രകാശം പരത്തുന്നു. ജീസസ് യൂത്ത് എന്ന നിലയിൽ നമുക്കും ഈ വിളിക്ക് ഉത്തരം നൽകാം. നാം ആയി രിക്കുന്ന സ്ഥലത്ത് നമ്മുടെ വിളക്കുകൾ തെളിച്ചുവയ്ക്കാം. നമ്മുടെ കൂട്ടായ്മകളെ മലമുകളിൽ പ്രകാശം ചൊരിയുന്ന നഗര മാക്കി മാറ്റാം. നമ്മുടെ അമ്മയും സന്തോ ഷത്തിന്റെ കാരണവുമായ പരിശുദ്ധ കന്യ കാമറിയത്തിന്റെ മാധ്യസ്ഥം തേടാം. ലോകത്തിന്റെ വെളിച്ചമാകാനുള്ള വിളി ധൈര്യപൂർവം ഏറ്റെടുത്തുമുന്നേറാൻ പരിശുദ്ധാത്മാവ് എപ്പോഴും നമ്മെ സഹാ യിക്കട്ടെ.

*തയ്യാറാക്കിയത്:*
***ഫെലിക്സ് റോയ് ഡേവിഡ്***
*ഐ.ടി പ്രൊജക്റ്റ് മാനേജരാണ്. ഭാര്യ സബീനയോടും മൂന്ന് കുട്ടികളോടുമൊപ്പം കാനഡയിലെ ആൽബർട്ടയിൽ താമസി ക്കുന്നു. ജീസസ് യൂത്ത് ഫോർമേഷൻ സ്റ്റഡി ഗ്രൂപ്പുകളുടെ കോ-ഓർഡിനേറ്റർ കൂടിയാണ്.*

# ഇതെനിക്കൊരു തിരിച്ചറിവാണ്


നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്ന് അവിടന്ന് നമ്മോട് പറയുന്നു. പലപ്പോഴും ഈയൊരു ചിന്ത വചനം വായിക്കുമ്പോഴും അല്ലാതെയുമൊക്കെ മനസ്സിൽ വരാറുണ്ടെങ്കിലും വളരെ സന്തോഷത്തോടെ ഇരിക്കുമ്പോഴും ആത്മീയമായി നല്ല ഉണർവുള്ള സമയത്തും മാത്രമാണ് ഈ പ്രകാശത്തെക്കുറിച്ച് ചിന്തിക്കാനും അതനുസരിച്ച് ജീവിക്കാനുമൊക്കെ ഞാൻ പരിശ്രമിക്കുന്നത്. പക്ഷേ, എന്തെങ്കിലും അസ്വസ്ഥതകളോ മറ്റ് ബുദ്ധിമുട്ടുകളോ വരുമ്പോൾ ഇക്കാര്യം മറന്നു പോവുകയും ഞാൻതന്നെ ഇരുട്ടിൽ നടക്കുന്നതുപോലെയുള്ള സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. എന്റെ ഭാഗത്തുനിന്നുള്ള പ്രശ്നങ്ങളെയും എന്റെ കുറവുകളെയും ഞാൻ മൂലമുണ്ടായ ബുദ്ധിമുട്ടുകളുമൊക്കെയാണ് അന്നേരം എന്റെ തലയിൽ നിറഞ്ഞു നിൽക്കാറുള്ളത്. ആ സമയത്ത് ഈശോ പറഞ്ഞിട്ടുള്ള നിങ്ങൾ ലോകത്തിന്റെ പ്രകാശമാണെന്നുള്ള വചനം ഓർക്കാനോ അങ്ങനെയൊരു വിളിയെ കുറിച്ച് ചിന്തിക്കാനോ എനിക്ക് കഴിയാറില്ല.

ഈ വിചിന്തനത്തിൽ പറയുന്നതുപോലെ, നമ്മുടെ വിജയങ്ങളോ തോൽവികളോ കരുത്തോ ദൗർബല്യമോ ഒന്നും പരിഗണിക്കാതെ അവൻ നമ്മെ വിളിക്കുന്നു. ഇതെനിക്കൊരു തിരിച്ചറിവാണ്. ഞാൻ ഏത് അവസ്ഥയിലാ ണെങ്കിലും എന്റെയുള്ളിൽ പ്രകാശം ഉണ്ടെന്നും അത് ഞാൻ കാക്കേണ്ടവനാണെന്നും ഓർത്ത് ഞാൻ ജീവിക്കേ ണ്ടതുണ്ട്. ഇതു പറഞ്ഞിട്ടുള്ളത് ഈശോ ആയതുകൊണ്ടുതന്നെ അതപ്രകാരം തന്നെയാണെന്നും എന്റെ മനോ ഭാവത്തിലും വിശ്വാസത്തിലുമൊക്കെയാണ് ഞാൻ മാറ്റം വരുത്തേണ്ടതെന്നും മനസ്സിലാക്കുന്നു. എന്നെ വിളിച്ചി രിക്കുന്ന ഈശോ വിശ്വസ്തനാകയാൽ ഞാനും പ്രകാശത്തിനൊത്ത വിധം ജീവിക്കേണ്ടവനാണ്. എന്റെ അസ്വ സ്ഥതയുടെ സമയത്തെല്ലാം എന്നിലുള്ള ഈശോയാകുന്ന പ്രകാശത്തെക്കുറിച്ച് നിരന്തരം ഞാൻ ഓർക്കേണ്ട തുണ്ട്. അതിനാൽ എന്നിൽ നിക്ഷിപ്തമായിരിക്കുന്ന പ്രകാശമായ ദൈവ സാന്നിധ്യമായ, അഭിഷേകത്തിൽ ജീവിക്കുവാൻ ഞാൻ തീരുമാനിക്കുന്നു. മലമുകളിൽ ഉയർത്തിയ ദീപം പോലെ ജീവിക്കുവാൻ എന്നെ പ്രാപ്ത നാക്കണമേ എന്ന് മാത്രമാണ് എന്റെ പ്രാർഥന.

*ക്രിസ്റ്റി വർഗീസ്, എറണാകുളം*




ജൂഹി എൽസ് ജോർജ്



സിന്റോ വി. വർഗീസ്

# ഫാ. ജോസഫ് മുർഗാസ്

ഫാ. ജോസഫ് മുർഗാസ് ഒരു സ്ലോവാക് വാസ്തുശില്പിയും സസ്യശാസ്ത്രജ്ഞനും ചിത്രകാരനും കത്തോലിക്കാ പുരോഹിതനുമായിരുന്നു. 'വയർലെസ് ടെലിഗ്രാഫിയുടെ ടോൺ സിസ്റ്റം' കണ്ടുപിടിച്ചതും വയർലെസ് മാർഗങ്ങളിലൂടെ മനുഷ്യശബ്ദം ആത്യന്തികമായി സംപ്രേഷണം ചെയ്യുന്നതും ശാസ്ത്രലോകത്തെ അദ്ദേഹത്തിന്റെ ഏറ്റവും വലിയ നേട്ടമായിരുന്നു. 1904-ൽ, വയർലെസ് ടെലിഗ്രാഫിക്കുള്ള ഉപകരണത്തിനും വയർലെസ് ടെലിഗ്രാഫിവഴി സന്ദേശങ്ങൾ കൈമാറുന്ന രീതിക്കുമായി അദ്ദേഹത്തിന് തന്റെ ആദ്യത്തെ രണ്ട് യുഎസ് പേറ്റന്റുകൾ ലഭിച്ചു. 1907 നും 1916 നും ഇടയിൽ പതിനഞ്ചിലധികം പേറ്റന്റുകൾ അദ്ദേഹത്തിന് ലഭിച്ചു. 1905 ഓഗസ്റ്റിൽ വിൽക്സ്-ബാരെയ്ക്കും പെൻസിൽവാനിയയിലെ സ്ക്രാന്റണിനും ഇടയിൽ 30 കിലോമീറ്റർ ദൂരത്തിൽ ***'ദൈവത്തിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി'*** എന്ന സന്ദേശം വിജയകരമായി അയച്ചുകൊണ്ട് ഫാ. ജോസഫ് മുർഗാസ് വിജയകരമായ ഒരു പരീക്ഷണം നടത്തി. 1939-ൽ, സ്ലൊവാക്യ അതിന്റെ ഏക റേഡിയോ സ്റ്റേഷന് ഫാ. മുർഗാസിന്റെ പേര് നൽകുകയും അദ്ദേഹത്തിന്റെ ബഹുമാനാർഥം ഒരു സ്മരണിക സ്റ്റാമ്പ് പുറത്തിറക്കുകയും ചെയ്തു. ചെക്കോസ്ലോവാക്യ സ്ഥാപിക്കുന്നതിനുള്ള ചെക്കുകളും സ്ലോവാക്കളും തമ്മിലുള്ള പിറ്റ്സ്ബർഗ് കരാറിൽ (1918) ഒപ്പുവച്ചവരിൽ ഒരാളുമായിരുന്നു ഈ കത്തോലിക്കാ പുരോഹിതൻ.



സെറീൻ എയ്ഞ്ചൽ



Image by A Href

# സ്കൂൾകാലം

സ്കൂളൊക്കെ തുറന്നിരിക്കുകയല്ലേ. എല്ലാ കൂട്ടുകാർക്കും അടിപൊളിയായി പഠിക്കാനും കളിക്കാനും കഴിയട്ടെ. നല്ലൊരു സ്കൂൾ വർഷം ആശംസിക്കുന്നു. എന്തെല്ലാം കാര്യങ്ങളാണ് ഈ വർഷത്തെ പ്ലാനുകളായി നമ്മുടെ മനസ്സിൽ ഉള്ളത്. പലതും കാണുമായിരിക്കും അല്ലേ? ചില നല്ല കാര്യങ്ങൾ ഓർമപ്പെടുത്തട്ടെ. എല്ലാ കാര്യങ്ങൾക്കും വേണ്ടിയുള്ള സമയ ക്രമീകരണങ്ങൾ മാതാപിതാക്കളോടൊപ്പം വീട്ടിൽ ചെയ്തിട്ടുണ്ടാകുമല്ലോ. ഇല്ലെങ്കിൽ ചെയ്യണം.

**എനർജറ്റിക്കായി:** രാവിലെതന്നെ എഴുന്നേൽക്കണം. കണ്ണു തുറന്നാൽ ആദ്യം ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് വേണം എഴുന്നേറ്റ് പോകാൻ. എഴുന്നേറ്റാലുടൻ ഒരുഗ്ലാസ് വെള്ളം കുടിക്കുന്നത് ശരീരത്തിന് ഗുണംചെയ്യും. പിന്നെ ബ്രേക്ക് ഫാസ്റ്റ് കഴിക്കണം അത് മിസ്സ് ചെയ്യരുത്. നല്ല എനർജറ്റിക്കായി കാര്യങ്ങളൊക്കെ ചെയ്യണ്ടേ.

**കൂട്ടുകാരോടൊപ്പം:** ഉച്ചയ്ക്കത്തെ കാര്യം പിന്നെ പറയേണ്ടല്ലോ കൂട്ടുകാരോടൊപ്പം സദ്യയല്ലേ? എത്രയെത്ര വിഭവങ്ങളായിരിക്കും ഒരുമിച്ചിരുന്ന് പങ്കിട്ട് കഴിക്കുക. ഭക്ഷണം കഴിക്കാതെ ആരെങ്കിലുമുണ്ടെങ്കിൽ ഒന്ന് ശ്രദ്ധിച്ചേക്കണേ. പിന്നെ ഭക്ഷണം ഒട്ടും വേസ്റ്റായി പോകാതെയും നോക്കണം.

**ഒരു കാര്യവും നീട്ടി വയ്ക്കരുത്:** ക്ലാസ്സിൽ പറയുന്ന കാര്യങ്ങൾ അപ്പപ്പോൾ തന്നെ ചെയ്തു പോവുക, യാതൊരു കാരണവശാലും ഒരു കാര്യവും നീട്ടി വയ്ക്കരുത്. കാര്യങ്ങൾ നീട്ടിവച്ചാൽ നാളെ നാളെ നീളെ നീളെ അങ്ങനെ പോകും.

**വേഗം വീട്ടിലെത്താൻ:** വൈകിട്ട് സ്കൂൾ വിട്ടു കഴിഞ്ഞാൽ സൈക്കിളിന് പോകുന്നവരും കാൽനടയായി പോകുന്നവരും വളരെ ശ്രദ്ധിച്ചു വേണം റോഡിലൂടെ സഞ്ചരിക്കാൻ, മഴക്കാലത്ത് പ്രത്യേകിച്ച്. അവിടെയും ഇവിടെയും നോക്കിനിൽക്കാതെയും കൂട്ടുകാരോടൊപ്പം മറ്റു സ്ഥലങ്ങളിലേക്കൊന്നും പോകാതെയും വേഗം വീട്ടിലെത്താൻ നോക്കണം.

**സ്വയം എല്ലാ കാര്യങ്ങളും:** വീട്ടിലെത്തിക്കഴിഞ്ഞാൽ പിന്നെ വീട്ടിലെ കാര്യങ്ങൾ നിങ്ങൾക്കറിയാമല്ലോ. അമ്മയോ അല്ലെങ്കിൽ വീട്ടിലുള്ള മറ്റ് ആരെങ്കിലും നമ്മുടെ പുറകെ നടന്ന് ഓരോന്നും പറഞ്ഞ് പറഞ്ഞ് ചെയ്യിപ്പിക്കാതെ സ്വയം എല്ലാ കാര്യങ്ങളും ചെയ്യാൻ പരിശ്രമിക്കണം. പഠനവും ഹോം വർക്കുകളും നടക്കട്ടെ.

**ഒരുമിച്ച് ഭക്ഷണം:** പരമാവധി നേരത്തെ അത്താഴം കഴിക്കുക. വീട്ടിലുള്ള എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിക്കാൻ കിട്ടുന്ന സമയം രാത്രിയിൽ മാത്രമാണെങ്കിൽ, വീട്ടിൽ പറയുന്നതുപോലെ സമയം ക്രമീകരിക്കുക. മൊബൈലിലെ കളികൾ വേണ്ട. പരമാവധി ഇല്ലാതിരിക്കുന്നതാണ് നല്ലത്. വൈകാതെ കിടന്നുറങ്ങിയാൽ മാത്രമേ രാവിലെ നേരത്തെ എഴുന്നേൽക്കാൻ പറ്റുകയുള്ളൂ.

**വായിക്കുന്ന ശീലം:** പിന്നെ വായനയെ കുറിച്ച് പ്രത്യേകം ഓർമപ്പെടുത്തട്ടെ. ടെക്സ്റ്റ്ബുക്ക് വായിക്കുന്ന കാര്യമല്ല. പത്രം, മാസികകൾ, കഥകൾ, കവിതകൾ, മോട്ടിവേഷണൽ ബുക്കുകൾ ഇങ്ങനെയുള്ളവയൊക്കെ വായിക്കുന്ന ശീലവും വളർത്തിയെടുക്കണം. നമ്മുടെ നാട്ടിൽ തന്നെയുള്ള ഏതെങ്കിലും ലൈബ്രറികളിൽ അംഗത്വം എടുക്കുന്നത് ഇതിന് സഹായിക്കും.

**പ്രാർഥന മുടങ്ങരുത്:** എല്ലാ തിരക്കുകൾക്കും ഇടയിൽ പ്രാർഥന മുടങ്ങരുത്. എന്തൊക്കെ കുറവുകളുണ്ടെങ്കിലും പ്രാർഥനയിൽ അത് പരിഹരിക്കപ്പെടും. നമ്മെ കൊണ്ടാവാത്ത കാര്യങ്ങളോ, രോഗങ്ങളോ ദുഖങ്ങളോ മറ്റ് അസ്വസ്ഥതകളോ എന്തുതന്നെയായാലും പ്രാർഥനയിൽ ദൈവസന്നിധിയിലേക്ക് സമർപ്പിക്കുക. മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാധ്യമാണ്.



സണ്ണി കോക്കാപ്പിള്ളിൽ

# ആംബുലൻസിനും രക്ഷയില്ലാത്ത നാട്

സ്നേഹത്തെ വിദ്വേഷം കീഴടക്കിയാൽ പിന്നെ സംഭവിക്കുന്നത് എന്തൊക്കെയാകാമെന്നുള്ളതിന് ഉദാഹരണമാണ് മണിപ്പൂരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും സുരക്ഷിതമായി റോഡിലൂടെ സഞ്ചരിക്കാവുന്ന വാഹനമാണ് ആംബുലൻസ്. എന്നാൽ, ആംബുലൻസ് പോലും ലക്ഷ്യത്തിലെത്തുക അസാധ്യമാണെന്ന് സമീപകാല മണിപ്പൂർ സംഭവം നമ്മെ നമ്മെ ഓർമപ്പെടുത്തുന്നു. കലാപത്തിനിടെ തലയ്ക്കു വെടിയേറ്റ് ആംബുലൻസിൽ ആശുപത്രിയിലേക്കു കൊണ്ടുപോയ എട്ടു വയസ്സുള്ള ബാലനെയും അമ്മയെയും ബന്ധുവിനെയും മെയ്തേയ് കലാപകാരികൾ ആംബുലൻസിൽ ചുട്ടുകൊന്ന സംഭവം മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്നതാണ്.



കാങ്ചുവിലെ ദുരിതാശ്വാസ ക്യാംപിൽ കഴിയുമ്പോൾ തലയ്ക്കു വെടിയേറ്റ ഏഴുവയസ്സുകാരൻ ടോൺസിങ് ഹാങ്സിങ്ങിന്റെ ചികിത്സയ്ക്കാണ് അമ്മ മീനയും ബന്ധു ലിഡിയ ലോറെംപമും ആംബുലൻസിൽ പുറപ്പെട്ടത്. ഇവർ ക്രൈസ്തവരായിരുന്നു. മീന വിവാഹം ചെയ്തത് കുക്കി ഗോത്രത്തിൽപെട്ട ഒരു വ്യക്തിയെ ആയിരുന്നു. മെയ്തേയ് ഭൂരിപക്ഷ മേഖലയിലൂടെ കടന്നു പോകുമ്പോഴാണ് ഇവർ ആക്രമിക്കപ്പെട്ടത്.

രണ്ടു വംശങ്ങൾ തമ്മിലുള്ള കലാപമാണെന്നു പറയുമ്പോഴും മരണപ്പെടുന്നതും വസ്തുവകകൾ നഷ്ടപ്പെടുന്നതും ക്രൈസ്തവർക്കാണ് കൂടുതൽ സംഭവിക്കുന്നതെന്ന യാഥാർഥ്യത്തെ മറച്ചു വയ്ക്കാൻ പറ്റില്ല.

ആംബുലൻസിലുണ്ടായിരുന്നത് ക്രൈസ്തവ മതം സ്വീകരിച്ച മെയ്തേയി വർഗത്തിൽപെട്ടവരായിരുന്നു. മരണാസന്നനായ ഒരു കുഞ്ഞിന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ആംബുലൻസ് പോകുമ്പോൾ അതിനെ തടഞ്ഞുനിറുത്തി ആ ബാലനെയും അമ്മയെയും ചുട്ടുകൊല്ലാൻ മാത്രം പൈശാചികമായ അവസ്ഥയിലേക്ക് എത്തിക്കാൻ ജാതി സ്പർധ കാരണമാകുന്നു. അതുവരെ ഒരു കുടുംബംപോലെ കഴിഞ്ഞിരുന്നവർ മത വൈരം രൂക്ഷമാകുമ്പോൾ പരസ്പരം വെട്ടിയും കുത്തിയും വെടിവച്ചും അഗ്നിയിൽ ദഹിപ്പിച്ചും കൊലവിളിക്കുന്ന പൈശാചിക കൃത്യങ്ങളിൽ മുഴുകുന്നു. ജീവൻ രക്ഷിക്കാൻ വേണ്ടി ആശുപത്രിയിലേക്കു യാത്ര ചെയ്യുന്ന ഓമനത്തമുള്ള ഒരു പിഞ്ചുബാലനെ കത്തിച്ചു ചാരമാക്കാൻ മാത്രം ക്രൂരമായ മനസ്സു കാണിച്ചവരെയും ഇതെല്ലാം കണ്ട് നോക്കുകുത്തിയായി നില്ക്കുന്ന ഭരണകൂടത്തെയും എന്തു പേരിട്ടാണു വിളിക്കുക?

പതിറ്റാണ്ടുകളായി സ്നേഹത്തിൽ കഴിഞ്ഞിരുന്ന ഒരു ജനതതിയെ ഇനിയൊരിക്കലും ഒന്നിക്കാനാകാത്തവിധം അകറ്റിയതിൽ നേരായ വഴിയിലൂടെയല്ലാതെ ഭരണത്തിലേറിയ അധികാരവൃന്ദത്തിനു പ്രധാന പങ്കുണ്ട്. മതരാഷ്ട്രീയം കളിക്കുന്നതിന്റെ അനന്തര ഫലം സർവസംഹാരമായിരിക്കുമെന്ന് എല്ലാ രാഷ്ട്രീയകക്ഷികളും തിരിച്ചറിയണം.

## ആമസോൺ വിസ്മയവും കുട്ടികളുടെ പരിശീലനവും

കൊളംബിയയിൽ ആമസോൺ കാടുകളിൽ നടന്ന കുട്ടികളുടെ അതിജീവനം ഇന്ന് ലോകം മുഴുവൻ ചർച്ചയാണ്. മേയ് 1-നു നടന്ന വിമാനാപകടത്തിൽ പതിമൂന്നും ഒൻപതും അഞ്ചും ഒന്നും പ്രായമുള്ള കുട്ടികളാണ് മരണത്തിൽനിന്നു രക്ഷപ്പെട്ടത്. അപകടത്തിൽ അമ്മയും പൈലറ്റും കൊല്ലപ്പെട്ടിരുന്നു. രക്ഷപെടാൻ വേണ്ടി പതിമൂന്നു വയസ്സുള്ള മൂത്ത സഹോദരിയായ ലെസ്‌ലി ജാക്കബോംബയെർ മക്കറ്റൈയുടെ നേതൃത്വത്തിലുള്ള വനത്തിലൂടെയുള്ള അതിജീവനകഥ ഇനിയും അനേകം നാൾ ചർച്ചയ്ക്കും വിചിന്തനത്തിനും ഉണർത്തു പാട്ടായി അലയടിക്കും. കടന്നു പോയ ഓരോ നിമിഷങ്ങളും അനേകായിരങ്ങൾക്കു പ്രചോദനമേകും. പുസ്തകങ്ങൾ, സിനിമകൾ തുടങ്ങി പല രൂപങ്ങളിൽ ഇവരുടെ അനുഭവവിവരണം ലോകത്തെ ത്രസിപ്പിച്ചുകൊണ്ടിരിക്കും.

ഇവിടെ നാം ചർച്ച ചെയ്യേണ്ടത് ഇത്തരമൊരു സാഹചര്യത്തിൽ നമ്മുടെ നാട്ടിലെ കുട്ടികളാണു ചെന്നു പെട്ടതെങ്കിൽ എന്തായിരിക്കും സംഭവിക്കുകയെന്നതാണ്. വിഷപ്പാമ്പുകളും വന്യമൃഗങ്ങളും പ്രാണിക്കൂട്ടങ്ങളും ധാരാളമായുള്ള ഒരു കൊടും വനത്തിൽ ഇത്രയും ചെറിയ കുഞ്ഞുങ്ങൾ 40 ദിനം അതിജീവിച്ചു എന്നത് എല്ലാ കുട്ടി



കൾക്കും പഠനവിഷയമാക്കേണ്ടതാണ്. ചുറ്റുപാടുകളെ അറിഞ്ഞുള്ള പരിശീലനം നൽകേണ്ടതിന്റെ ആവശ്യകതയാണ് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്. തങ്ങൾ ജീവിക്കുന്ന ലോകത്തെപ്പറ്റി ഒരു ചുക്കുമറിയാത്ത കുട്ടികളാണ് ഇന്നുള്ളത്. അതിനെപ്പറ്റി ആരും അവരെ പഠിപ്പിക്കുന്നില്ല. കുറേ തിയറികളുടെ മഹാപ്രവാഹമാണ് അവരുടെ തലച്ചോറിലൂടെ കടന്നു പോകുന്നത്. ഒരു വനത്തിൽ അകപ്പെട്ടാൽ എന്തു ചെയ്യണമെന്നതുപോട്ടെ, ഒരു മീറ്റർ ആഴമുള്ള ഒരു നദിയിലിറങ്ങിയാൽ എന്തൊക്കെ ശ്രദ്ധിക്കണമെന്നുപോലും നമ്മുടെ കുട്ടികൾക്കറിഞ്ഞു കൂടാ. അതുകൊണ്ടാണല്ലോ ഓരോ വർഷവും നൂറുകണക്കിനു കുട്ടികൾ നമ്മുടെ കേരളത്തിൽ മാത്രം മുങ്ങിമരിക്കുന്നത്.

ഒരു നദിയിൽ ഇറങ്ങാൻ പറ്റുന്ന ഭാഗമേത്? ഒഴുക്കുള്ള സ്ഥലത്ത് എന്തു ചെയ്യണം? അടിയിൽ ചെളിയാണെങ്കിൽ ഇറങ്ങാമോ? ചുഴി എന്താണ്? എത്രമാത്രം ആഴത്തിൽ വരെ ഇറങ്ങാൻ പറ്റും? നീന്തൽ അറിയില്ലെങ്കിൽ ഇറങ്ങാമോ? തെന്നലുള്ള കല്ലുകൾ ഉള്ളിടത്ത് എന്തു ചെയ്യണം? സമീപത്ത് മഴയില്ലെങ്കിലും നദിയിൽ വെള്ളം ഉയരാനുള്ള സാധ്യത എങ്ങനെ അറിയാം? പെട്ടെന്ന് ജലനിരപ്പുയർന്നാൽ എന്തു ചെയ്യണം? വെള്ളം പൊടുന്നനേ കലങ്ങി വന്നാൽ എന്തു മനസ്സിലാക്കണം? അടിയൊഴുക്ക് എന്താണ്? കയം എന്താണ്? പുഴയിലെ ജീവികൾ ഏതൊക്കെയാണ്? അപകടം പിടിച്ച ജീവികൾ ഏവ? പുഴ മുറിച്ചു കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്താണ്? നദിയുടെ കരയിൽ ശ്രദ്ധ ചെലുത്തേണ്ട കാര്യങ്ങൾ ഏവ? ഒരു നദിയെ സംബന്ധിച്ച് വനപ്രദേശത്തും ഇടനാട്ടിലും തീരദേശ മേഖലയിലും അതിന്റേതായ പ്രത്യേകതകൾ ഏവ? എന്നു തുടങ്ങി നിരവധി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയിട്ടു മാത്രമാണ് എവിടെയെങ്കിലും ഒരു പുഴയിൽ ധൈര്യസമേതം നമുക്ക് ഇറങ്ങാൻ പറ്റുകയുള്ളൂ. നമ്മുടെ ഇടയിൽ എത്ര കുട്ടികൾ ഇതൊക്കെ മനസ്സിലാക്കിയിട്ടുണ്ട്? അല്ലെങ്കിൽ ഇത്തരം വിവരങ്ങൾ നാം അവരെ പഠിപ്പിച്ചിട്ടുണ്ടോ?

ഒരു വനത്തിൽ പെട്ടാൽ എന്തൊക്കെ ശ്രദ്ധിക്കണമെന്ന് ആമസോണിയൻ പെൺകുട്ടി പഠിച്ചിരുന്നു. ഏതൊക്കെ പഴങ്ങൾ തിന്നാം, ഏതൊക്കെ തിന്നരുത്, ജലം എവിടെയാണുണ്ടാവുക, മൃഗങ്ങളിൽ നിന്ന് എങ്ങനെ രക്ഷനേടാം തുടങ്ങിയവയൊക്കെ ചെറുപ്പത്തിലേ അവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് വെറും പതിനൊന്നുമാസം പ്രായമുള്ള ഇളയകുഞ്ഞിനെയും എടുത്ത് 40 ദിവസത്തോളം അവർ വന്യഭീകരതയെ നേരിട്ടത്. എന്നാൽ, നാം പ്രകൃതി പഠനത്തിൽ, നെല്ലു 'കായ്ക്കുന്ന മരം' ഏതാണെന്നു ചോദിക്കുന്നവിധം നമ്മുടെ കുട്ടികളെ പ്രകൃതിയുമായുള്ള ബന്ധത്തിൽ വളർത്തിയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## 'ആസക്തികളെ തടയാൻ ശ്രമിക്കരുത് !!'

അമൽജ്യോതി കോളേജ് പ്രശ്നം വ്യാപകമായ ചർച്ചയ്ക്കും ചേരിതിരിവിനും കാരണമായി. കുറച്ചു കാലമായി നന്നായി നടക്കുന്ന ക്രൈസ്തവ സ്ഥാപനങ്ങളെ വരുതിയിലാക്കാനുള്ള ശ്രമം നടന്നു വരുന്നു. ഇതിനെപ്പറ്റി വിപുലമായ ചർച്ചകളും യോഗങ്ങളും സംഘടിപ്പിച്ചു കഴിഞ്ഞതുകൊണ്ട് ഇവിടെ പരാമർശിക്കുന്ന കാര്യം മറ്റൊന്നാണ്. സമൂഹമാധ്യമങ്ങളിൽ ഉയർന്നുകേട്ട ഒരു കാര്യം അമൽജ്യോതി കോളേജിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വൈരവിഹാരം നടത്താൻ അവസരം കൊടുക്കുന്നില്ലായെന്നതാണ്.

ആൺകുട്ടികളും പെൺകുട്ടികളും സ്വൈരവിഹാരം നടത്തുന്നതിനെപ്പറ്റി കാസർഗോഡ് ഗവർമെന്റ് കോളേജ് പ്രിൻസിപ്പലിന്റെ അനുഭവവിവരണവും സമൂഹമാധ്യമങ്ങളിൽ വൈറലാണ്. ഭാര്യയും ഭർത്താവും ദാമ്പത്യജീവിതത്തിൽ ചെയ്യുന്നത് പരസ്യമായി കോളേജു കാമ്പസിൽ അരങ്ങേറുന്നുവെന്ന് പ്രിൻസിപ്പൽ വ്യക്തമാക്കുന്നു. അവിടെത്തന്നെയല്ല, കേരളത്തിലെ നിരവധി കലാലയങ്ങളിൽ ഇന്നത്തെ അവസ്ഥ ഇതാണ്. പാശ്ചാത്യ രാജ്യങ്ങളിലെ ഫ്രീസെക്സ് ഇവിടെയും നടപ്പിൽ വന്നു.

ആരോഗ്യകരമായ ബന്ധമാണെന്നു പറഞ്ഞു തുടങ്ങും. എന്നിട്ട് എത്തിച്ചേരുന്നത് പലപ്പോഴും ഇത്തരം ലൈംഗിക അധാർമികതയിലും. കലാലയങ്ങളിൽ പഠിക്കുന്നവർ എല്ലാവരും ഇത്തരക്കാരല്ല. എന്നാൽ, കുറേയധികം കുട്ടികൾ ഈയവസ്ഥയിലേക്ക് എത്തിച്ചേരുന്നു. വിവാഹത്തിനു പുറത്തുള്ള ലൈംഗിക പ്രവൃത്തികളെ തെറ്റായിട്ടാണ് കത്തോലിക്കാ സഭ കരുതുന്നത്. 6-ാം കൽപനയായ വ്യഭിചാരം ചെയ്യരുതെന്നത് വിശ്വസ്തതയിലേക്കുള്ള വിളിയാണെന്നും വിശ്വസ്തതയും ആത്മാർഥതയും ഇല്ലാത്ത മാനുഷിക ബന്ധങ്ങൾ സത്യസന്ധമായിരിക്കുകയില്ലെന്നും ഫ്രാൻസിസ് മാർപാപ്പ പറയുന്നു. വിദ്യാർഥികളുടെ സമഗ്ര പുരോഗതിക്കു വേണ്ടി വീറോടെ വാദിക്കുന്ന വിദ്യാർഥി പ്രസ്ഥാനങ്ങൾക്ക് ലൈംഗിക അധാർമികത എന്താണെന്നു തിരിച്ചറിയാൻ കഴിഞ്ഞിട്ടുണ്ടാവില്ല. എന്നാൽ, ലോകാവസാനത്തോളം നിലനില്ക്കുന്ന വി. ഗ്രന്ഥത്തിന് നമ്മോടു ചിലതു പറയാനുണ്ട്:

"നിങ്ങളുടെ വിശുദ്ധീകരണമാണു ദൈവം അഭിലഷിക്കുന്നത്. അസാന്മാർഗികതയിൽ നിന്നു നിങ്ങൾ ഒഴിഞ്ഞു മാറണം. നിങ്ങൾ ഓരോരുത്തരും സ്വന്തം ശരീരം വിശുദ്ധിയിലും മാന്യതയിലും കാത്തുസൂക്ഷിക്കേണ്ടതെങ്ങനെയെന്നറിയണം. ദൈവത്തെ അറിയാത്ത വിജാതിയരെപ്പോലെ കാമാസക്തിക്കു നിങ്ങൾ അടിപ്പെടരുത്" (1 തെസ 4, 3-5).

ജ്ഞാനസ്നാനത്തിലൂടെ നമ്മിലേക്കു വന്ന പരിശുദ്ധാത്മാവിന്റെ ആലയമാണ് നമ്മുടെ ശരീരമെന്നും അതു മലിനമാക്കരുതെന്നും ക്രൈസ്തവ വിദ്യാർഥികളെങ്കിലും തിരിച്ചറിയണം. ആസക്തികൾക്കു വിധേയപ്പെട്ട് പേക്കൂത്ത് കളിക്കേണ്ടവർക്ക് മറ്റു സ്ഥാപനങ്ങളിൽ ചേക്കേറാമല്ലോ.



## സ്മാർട്ട് കിഡ്സ്



ചിത്രീകരണം: വെങ്കി

# നീലയങ്കി



കണ്ണീരിൽ കുതിർന്ന ആ നീലയങ്കി വികാരിയച്ചനെ ഏൽപിച്ച് ജോജിയും ജീനയും പപ്പയ്ക്കരികിൽ ചേർന്നുനിന്നു. പപ്പയുടെ മിഴികളിലും നനവ് പടർന്നിരുന്നു. വികാരിയച്ചൻ അവരെ ആശ്വസിപ്പിച്ചു; "സാരമില്ല മക്കളെ എന്തായാലും മമ്മിയുടെ ജീവൻ തിരികെ കിട്ടിയില്ലേ? ഇതെല്ലാം തമ്പുരാൻ കാണിച്ചുതരുന്ന അടയാളങ്ങളാണെന്ന് മറക്കാതിരുന്നാൽ മതി മാതാവിന്റെ ഈ അത്ഭുതം നിങ്ങളുടെ കുടുംബത്തിനും ഒരു വഴിത്തിരിവാകണം."

വളരെ ഭവ്യതയോടെ എല്ലാവരും തല കുലുക്കി സമ്മതിച്ചു യാത്ര പറഞ്ഞിറങ്ങി. റോഡരികിലെ ഗ്രോട്ടോയ്ക്ക് മുമ്പിൽ മുട്ടുകുത്തി മൂന്നുപേരും കണ്ണീരോടെ പരിശുദ്ധ അമ്മയ്ക്ക് നന്ദി പറഞ്ഞ് ആശുപത്രിയിലേക്ക് തിരിച്ചു. "പപ്പാ ഇനിയെന്നും സന്ധ്യയാകുമ്പോൾ നമുക്ക് കൊന്ത ചൊല്ലി പ്രാർഥിക്കണം." ജീന പറഞ്ഞു. "എല്ലാ ശനിയാഴ്ചയും വിശുദ്ധ കുർബാനയിലും മാതാവിന്റെ നൊവേനയിലും ഞങ്ങൾ മുടക്കം വരുത്തില്ല." ജോജി കൂട്ടിച്ചേർത്തു. ഒന്നിനും മറുപടി പറയാതെ ഇത് തന്റെകൂടി കുറ്റമാണല്ലോ എന്ന് മനസ്താപത്തോടെ പപ്പാ അവരെ നോക്കി.



കഥ: സി. ജിയ എം.എസ്.ജെ.



അരമണിക്കൂർകൊണ്ട് അവരുടെ കാർ ആശുപത്രിയിലെത്തി. അപകടം കഴിഞ്ഞ് മൂന്ന് ദിവസമായതേയുള്ളൂ. രണ്ടുമൂന്ന് ആഴ്ചകൾ കൂടി ആശുപത്രിയിൽ കഴിയേണ്ടി വരും. നിസ്സഹായാവസ്ഥയിൽ കട്ടിലിൽ കിടക്കുന്ന മമ്മിയെയും അരികിൽ എണ്ണിപ്പെറുക്കി കരഞ്ഞുകൊണ്ടിരിക്കുന്ന ആന്റിമാരെയും കണ്ടപ്പോൾ ജോജിക്ക് സങ്കടം അടക്കാനായില്ല. “മാതാവ് ഞങ്ങളുടെ മമ്മിയെ തിരിച്ചു തന്നല്ലോ, അതുമതി.” മമ്മിയെ കെട്ടിപ്പിടിച്ച് ജോജിയും ജീനയും പൊട്ടിക്കരഞ്ഞു.


നടന്നതെല്ലാം ഒരു സ്വപ്നം പോലെ ഓർമകളിൽ തികട്ടിവരുന്നു. സങ്കടം അയവിറക്കി പപ്പയും ആ കട്ടിലിനരികിൽ ഒരു കസേരയിൽ ചാരിയിരുന്നു. ഓർമകൾ പിന്നോട്ട് പാഞ്ഞു. മാതാവിന്റെ സ്വർഗാരോപണ തിരുനാളിന് ഇടവകജനം മുഴുവൻ പ്രാർഥനയോടെ ദേവാലയത്തിൽ അണഞ്ഞപ്പോൾ ഈ കുടുംബം സുഖമായി കിടന്നുറങ്ങി. കുറേ നാളുകൾ കൂടി വീണു കിട്ടിയ ഒരു അവധി ദിവസമല്ലേയെന്ന് കരുതി. വിശുദ്ധ കുർബാനയ്ക്ക് പോകേണ്ട കാര്യം മക്കൾ ഓർമിപ്പിച്ചെങ്കിലും മാതാവിന് ഇനിയും തിരുനാളുകൾ വരും അപ്പോൾ പോകാമല്ലോ എന്നുപറഞ്ഞ് കുട്ടികളെ പോലും ദേവാലയത്തിൽ അയച്ചില്ല. അന്ന് ഉച്ചയോടെ കൂട്ടുകാരിയുടെ ബർത്ത്ഡേ പാർട്ടിയിൽ പങ്കുചേരാൻ പോയതാണ് അവരുടെ മമ്മി.

മൊബൈൽ ഫോണും കമ്പ്യൂട്ടർ ഗെയിം ഒക്കെയായി സമയം പോയത് പപ്പയും മക്കളും അറിഞ്ഞതേയില്ല. സന്ധ്യയോടെ ആശുപത്രിയിൽ നിന്നെത്തിയ ഒരു എമർജൻസി കോളാണ് ആ ദുരന്തം അവരെ അറിയിച്ചത്. മമ്മി സഞ്ചരിച്ചിരുന്ന സ്കൂട്ടി നിയന്ത്രണം വിട്ട് വലിയൊരു കൊക്കയിലേക്ക് വീഴുമ്പോൾ മരണമുഖത്തെ കച്ചിപോലെ ഒരു നീല തുണിയിൽ അവളുടെ കൈയുടക്കി. തുണിയുടെ ഒരറ്റത്ത് ഒരു വെളുത്ത ജപമാലയും ഉടക്കി കിടന്നിരുന്നു. തുണിയിൽ മുറുകെ പിടിക്കാൻ ഒരു ശബ്ദം മനസ്സിൽ പറഞ്ഞു. അവളുടെ നിലവിളിയും അപകടവും എല്ലാം പുറംലോകം അറിയാൻ ഒന്ന് രണ്ട് മണിക്കൂറെടുത്തു. അവളെ കയറ്റിയ ആംബുലൻസ് അതിവേഗം ആശുപത്രിയിലേക്ക് നീങ്ങുമ്പോൾ ദേവാലയത്തിന് മുന്നിൽ റോഡ് അരികിലുള്ള ഗ്രോട്ടോയ്ക്കരികിൽ വണ്ടി നിറുത്താൻ അവൾ ആവശ്യപ്പെട്ടു. തലേദിവസം സിസ്റ്റേഴ്സ് മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ചിരുന്ന നീലയങ്കി അവിടെ കാണ്മാനില്ലായിരുന്നു. അതോടൊപ്പം മാതാവിന്റെ കൈയിലെ വെളുത്ത ജപമാലയും. തലേദിവസം ജോലി കഴിഞ്ഞു വരുമ്പോൾ ആ നിലയങ്കിയും ജപമാലയും അവൾ ശ്രദ്ധിച്ചിരുന്നു.

എന്റെ അമ്മേ എന്നോട് ക്ഷമിക്കണം; അമ്മ എന്റെ ജീവൻ കാത്തു. ഇത്രയും പറഞ്ഞ് അവളുടെ ബോധം മറഞ്ഞു. പിന്നെ മണിക്കൂറുകൾക്കുശേഷം ആശുപത്രി കിടക്കയിൽ ബോധം തെളിയുമ്പോൾ നാളുകളായി മറന്നു കിടന്ന നന്മ നിറഞ്ഞ മറിയമേ എന്ന ജപം ആ ചുണ്ടുകളെ ചലിപ്പിക്കുന്നുണ്ടായിരുന്നു.

അമ്മയെ ഇമവട്ടാതെ നോക്കി ജോജിയും ജീനയും അവിടെത്തന്നെ നിന്നു. മക്കളേ, പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം തേടാതെ അവിശ്വാസിയായി നടന്ന എന്നെ മാതാവ് അവളുടെ അങ്കിയിൽ പൊതിഞ്ഞു രക്ഷിച്ചു. ഒരാഭരണമായിട്ട് പോലും എന്റെ കുഞ്ഞുങ്ങളുടെ കഴുത്തിൽ ഒരു ജപമാല അണിയിക്കാൻ ഈ അമ്മ മടി കാണിച്ചല്ലോ. എത്രയോ രാത്രികൾ ജപമാലയർപ്പണമില്ലാതെ സീരിയലുകൾ കണ്ടുറങ്ങി. പശ്ചാത്താപ വിവശയായ അവളുടെ മിഴികൾ വാർന്നൊഴുകിക്കൊണ്ടിരുന്നു. ആശുപത്രി ചാപ്പലിൽ നിന്നും സന്ധ്യാ പ്രാർഥനയുടെ ഗാനം നേർത്ത സ്വരത്തിൽ അവളുടെ മുറിയിലേക്ക് ഒഴുകിയെത്തി.


കൈവെടിയരുതേ, കന്യാമറിയമേ..
കനിവിൻ കേദാരമേ അമ്മേ, കനിവിൻ കേദാരമേ..




# വഴുതന മാത്തൻ



കാർട്ടൂൺ: സിനിൽ കെ.ജെ






SUBSCRIBE! TO THE BEST CATHOLIC MAGAZINE FOR YOUTH & YONG FAMILIES

To purchase
scan QR code or visit:
www.jykairosmedia.org/kairosglobal

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org | +91 484 2984327 | 91 62382 79115 | **www.jykairosmedia.org**

RNI No.KERMAL/2002/12027, Postal Registered No. KL/EKM/734/2022-24, Date of publication: 01/07/2023, ₹50.00




Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041
Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662